നളിനി

കുമാരൻ ആശാൻ

894.8121
KUM

നളിനി

13229

കുമാരൻ ആശാൻ

ഫോൺ നമ്പർ. 3738
സുകുമാർ ബുക്ക് സ്റ്റാൾ
തമ്പാനൂർ,
തിരുവനന്തപുരം-1

ശാരദാ ബുക്ക്ഡിപ്പോ
തോന്നയ്ക്കൽ

വില: രൂ. 2.00

(Malayalam)

NALINI

Poem

By KUMARAN ASAN

894.8121 KUM

29th Edition November 1974

Copies : 1000

Publishers:

Sarada Book Depot,
Thonnakkal, Trivandrum.

Price: Rs. 2-00

Copy right:
SARADA BOOK DEPOT,
Thonnakkal, Trivandrum.

Printed at:
Mitraniketan Press, Vellanad, Tvm. Dist.

മുഖവുര

ഞാൻ നളിനി എഴുതാൻ തുടങ്ങിയിട്ടു് മൂന്നുകൊല്ല ത്തിനു മേലാകും. 'മിതവാദി'യിൽ നിന്നു് എന്റെ 'വീണപൂവു്' പകൎത്തി എഴുതി സി. എസ്സു്. സുബ്രഹ്മ ണ്യൻ പോററി ബി. ഏ. അവർകൾ 'ഭാഷാപോഷിണി' യിൽ പ്രസിദ്ധപ്പെടുത്തിയ കാലത്താണു് ഞാൻ ഇതു തുട ങ്ങിയതു്. പിന്നെ പല അസൗകര്യങ്ങളാലും പൂൎത്തിയാ കാതെ കിടക്കുന്ന ഏതാനും ഖണ്ഡകൃതികൾ അടങ്ങിയ എന്റെ നോട്ടുപുസ്തകവനത്തിൽ വളരെക്കാലം തപസ്സു ചെയ്തശേഷം ഈ കൃതിയിൽ പ്രത്യേകമുള്ള എന്റെ 'ഒരു സ്നേഹം' കൊണ്ടും ബി. വി. ബുക്കുഡിപ്പോക്കാരുടെ ഉ ത്സാഹംകൊണ്ടുമാണു് കഴിഞ്ഞ ഇംഗ്ലീഷ് വൎഷാവസാ നത്തോടു കൂടിയെങ്കിലും 'നളിനി'ക്കു് 'ദിവാകര' സ്പൎശമു ണ്ടാവാൻ ഇടയായതു്.

അവതാരികയിൽ പറയുന്നതുപോലെ ഇതു് ഒരു പു തിയ പ്രസ്ഥാനമാണെന്നും അതുകൊണ്ടു് ഇപ്പോഴത്തെ കവിതാഗതി അനുസരിച്ചു് ഇതിൽ സാധാരണ വായന ക്കാൎക്കു് അഭിരുചി തോന്നുമോ എന്നും എനിക്കു സംശയം തോന്നി. ആ സ്ഥിതിക്കു് ഇതിൽ അടങ്ങിയ ആശയങ്ങ ളെ ഏതാണ്ടു വെളിപ്പെടുത്തി വായനക്കാരുടെ ശ്രദ്ധയെ ആകൎഷിക്കത്തക്ക ഒരു അവതാരിക എഴുതിച്ചേൎത്താൽ വളരെ പ്രയോജനകരമായിരിക്കുമെന്നു ഞാൻ വിചാരിച്ചു. ആ ഉദ്ദേശം മഹാപണ്ഡിതനും മഹാകവിയുമായ മഹാമ ഹിമശ്രീ ഏ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ തി രുമനസ്സിലേക്കൊണ്ടു് നിൎവഹിപ്പിക്കേണമെന്ന എന്റെ

ആഗ്രഹത്തെ അവിടെ അറിയിക്കുകയും, സൗജന്യനിധിയായ അവിടുന്നു് അത്യ സന്തോഷപുരസ്സരം സമ്മതിക്കയും ചെയ്തു. അവതാരിക സംക്ഷിപ്തമാണെങ്കിലും ഇതിൽ കവിമര്യാദ അനുസരിച്ചു മൂടിവെച്ചിരുന്ന മുഖ്യസ്ഥാനങ്ങളിൽ എല്ലാം മർമ്മജ്ഞനായ അവിടുത്തെ വിരലുകൾ നൈപുണ്യത്തോടെ പ്രവേശിച്ചിരിക്കുന്നതായി കാണുന്നതിൽ എനിക്കു വലിയ ചാരിതാർത്ഥ്യം തോന്നുന്നു.

ശബ്ദസംബന്ധമായ നിർബന്ധങ്ങളിൽ ചിലതു് ഒഴിവാക്കിയിരുന്നെങ്കിൽ മാററുകൂട്ടമായിരുന്നില്ലേ എന്നു് അവതാരികയിൽ ശങ്കിക്കുന്നു. അതുകൊണ്ടു്, ഈ കവിതയിൽ സർവത്ര കാണുന്ന ദ്വിതീയാക്ഷരപ്രാസനിർബന്ധത്തിൻേറയോ മററോ സന്താനമായി വല്ല അസ്വാരസ്യമോ അർത്ഥഗ്രഹവിളംബമോ ഒക്കെ വല്ല ദിക്കിലും വന്നിട്ടുള്ളതായി തിരുമനസ്സിലേയ്ക്കു് തോന്നിയിരിക്കണം. ആ ന്യൂനതയെ ഞാൻ സമ്മതിക്കുന്നു.

എൻെറ അപേക്ഷയെ സ്വീകരിച്ചു പുസ്തകം മുഴുവൻ സശ്രദ്ധം വായിച്ചുനോക്കി ഈ സരസമായ അവതാരിക എഴുതുവാൻ ദയയുണ്ടായ തിരുമനസ്സിലെ നേർക്കു ഞാൻ എന്നും കൃതജ്ഞനാണു്. ബി. വി. ബുക്കുഡിപ്പോക്കാരുടെ നേർക്കും ഇതിൻെറ പ്രസിദ്ധീകരണ വിഷയത്തിൽ എനിക്കുള്ള കൃതജ്ഞത ഒട്ടും കുറഞ്ഞതല്ല. ഈ മുഖവുരയോടുകൂടി 'നളിനി'യെ സഹൃദയരായ വായനക്കാരുടെ മുമ്പാകെ അയച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
29-10-1911. } എൻ. കുമാരൻ ആശാൻ.

അവതാരിക

ഗതാനുഗതികത്വത്തേക്കാരം നവനവോല്ലേഖകല്പനയിലാണു് കവികരം അധികം ദൃഷ്ടിവെക്കേണ്ടതെന്നു് ഈ ഖണ്ഡകാവ്യം വായിക്കുന്നവക്കു് നല്ലവണ്ണം ബോദ്ധ്യപ്പെടും. ഇക്കാലത്തെ കവിതാഗതി നോക്കുമ്പോരം ഇതൊരു പുതിയ പ്രസ്ഥാനമാണെന്നുള്ളതിനു സംശയമില്ല.

വാസനയുണ്ടെങ്കിൽ "ആമ്പലും അമ്പിളിയും വണ്ടും തണ്ടാരും" എല്ലാം കൂടി ഒന്നിച്ചും വെവ്വേറെയും അങ്ങുമിങ്ങും വെച്ചുകെട്ടാതെതന്നെ നല്ല അലങ്കാരങ്ങരം ഉണ്ടാക്കാമെന്നും ആ പുതിയ മോടികൊണ്ടു് കവിതയ്ക്കു ഭംഗി കൂടുതലല്ലാതെ കുറവു വരികയില്ലെന്നും ഈ ചെറിയ കാവ്യം ധാരാളം കാണിച്ചിട്ടുണ്ടു്. വാല്മീകി, വ്യാസൻ, കാളിദാസൻ മുതലായ മഹാകവികളുടെ കൃതികളിൽ ശുദ്ധമായിട്ടെങ്കിലും അന്തർഭവിക്കാത്ത ആശയങ്ങരം ദുർല്ലഭമായാലും കണ്ടാലറിയാത്തവിധം വേഷം മാററിയും സന്ദർഭമനുസരിച്ചു് ഏററക്കുറവു വരുത്തിയും അവയെ പ്രയോഗിക്കേണ്ടതാണെന്നു് പല ഘട്ടങ്ങളിലും ഇതു തെളിയിച്ചിട്ടുമുണ്ടു്.

ഏതെങ്കിലും ഒരു പഴയ ഇതിവൃത്തം എടുത്തു് വല്ല പൊടിയും വെച്ചു കുറച്ചൊന്നു മിനുക്കി ആദ്യവസാനം ഓരോ മംഗളവും ചേർത്തു ചൊല്ലുന്നതല്ല കവിയുടെ മനോധർമ്മമെന്നു് ഈ കാവ്യത്തിന്റെ പുറമേയുള്ള ആകൃതികൊണ്ടുതന്നെ അറിയാവുന്നതാണു്. ഇതിലെ കഥാവസ്തു കല്പിതമാണെന്നു മാത്രമല്ല അതിന്റെ രീതിയും അസാധാ

രണമായിരിക്കുന്നു. സാധാരണക്കാർ രജോഗുണപ്രധാനമാണെന്നും ആ ഗുണത്തെ പോഷിപ്പിക്കുന്ന സാമഗ്രികൾ കൊണ്ടുമാത്രം പുഷ്ടിപ്പെടുന്നതാണെന്നും കരുതി വഷ്ളിച്ചു വരുന്ന ശൃംഗാരം തന്നെയാണ് ഇതിലെ സ്ഥായിയായ രസമെങ്കിലും പ്രാപഞ്ചിക വ്യവഹാരങ്ങളിൽനിന്നൊഴിഞ്ഞു് സത്വഗുണവൃത്തിയവലംബിച്ചുകൊണ്ടിരിക്കുന്നനിലയിലും ആ അനുരാഗം വദ്ധിക്കുന്നതായിട്ടാണ് കാണിച്ചിരിക്കുന്നതു്. പരിശുദ്ധമായ അനുരാഗത്തിൻെറ അല്ലെങ്കിൽ കലപ്പില്ലാത്ത ശൃംഗാരരസത്തിൻെറ സൂക്ഷ്മസ്ഥിതി ഗ്രഹിക്കുന്നതിൽ ഈ സംഗതി ഏററവും ഉപയുക്തമായിട്ടുണ്ടെന്നു് വേറെ പറയേണ്ടതില്ല.

കഥാവസ്തു പഴയതായാലും പുതിയതായാലും അതിൻെറ നിവ്വഹണം കായ്യമെല്ലാം സാധിച്ചു ഭരതവാക്യവും കൂടി കഴിഞ്ഞമട്ടായിരിക്കണമെന്നു ഭാഷാകവികൾക്കല്ലെ സംസ്കൃതകവികൾക്കുംകൂടി പണ്ടേയ്ക്കുപണ്ടേതന്നെ വലിയ നിബ്ബന്ധമുള്ളതുപോലെയാണു കണ്ടുവരുന്നതു്. സംഭോഗശൃംഗാരത്തേക്കാൾ വിപ്രലംഭശൃംഗാരത്തിനു് ആസ്വാദ്യത അധികമുണ്ടെന്നുള്ളതിൽവാദമില്ലാതിരിക്കെ, അത്ഥമില്ലാത്ത ഈ നിർബന്ധത്തിൽപ്പെട്ടു് രസസ്ഫൂത്തിക്കു വിശ്രാന്തിവരുത്തിക്കലൊശിപ്പിക്കുന്നതു് അത്യാവശ്യമല്ലെന്നു ഈ കാവ്യത്തിലെ നിവ്വഹണം നമുക്കു മനസ്സിലാക്കിത്തരുന്നു. ഈ രീതി പാശ്ചാത്യകവികളിൽ ധാരാളമാണെങ്കിലും നമ്മുടെ ഇടയിൽ അപൂവ്വം തന്നെയാണു്.

എന്നാൽ അത്ഥകല്പനയിൽ ഇത്രത്തോളം നിഷ്കർഷ ചെയ്തിട്ടുള്ളതുപോലെ ശബ്ദബന്ധത്തെ സംബന്ധിച്ചനിർബന്ധങ്ങളിൽ ചിലതു് ഒഴിവാക്കുകയുംകൂടി ചെയ്തിരുന്നു

എങ്കിൽ ഈ കാവ്യത്തിനു് ഭംഗി ഒരു മാററു കൂട്ടുകയില്ലായിരുന്നോ എന്നൊരു ചോദ്യത്തിനു വക കാണുന്നുണ്ടു്.

ഇതുവരെ പറഞ്ഞതെല്ലാം ഈ കാവ്യത്തിൽ സ്ഥൂലമായിത്തന്നെ കാണാവുന്ന വിഷയങ്ങളെപ്പററിയാണു്. സൂക്ഷ്മമായി നോക്കുമ്പോൾ ഇതിൻെറ നിൎവ്വഹണം രമണീയമായ സംഭോഗശൃംഗാരത്തിൻെറ ഉത്തമകാഷ്ഠയിൽത്തന്നെ പൎയ്യവസാനിച്ചതായിട്ടു കാണാം. ശൃംഗാരമെന്നു പറഞ്ഞുവരുന്ന ഭാവത്തിൽ ഏതു ദശവരെ സഹൃദയന്മാൎക്കു് ആസ്വാദ്യത കൂടിക്കൂടി വരുന്നുവോ ആ ദശയിലാണു് ഇതിലെ നായികയുടെ ഭാവം നിലനിൎത്തിയിരിക്കുന്നതു്. നായകൻ അത്രയുംകൊണ്ടു നിൎവ്വൃതനുമാണു്. എന്നുതന്നെയല്ല നിഷ്കളങ്കമായ രസസ്ഫൂൎത്തി ബ്രഹ്മാനന്ദത്തേക്കാൾ ഒരു പടി താഴന്നതേ ഉള്ളൂ എന്നുള്ള ശുദ്ധതത്വത്തിനും ഈ കാവ്യം നല്ല ദൃഷ്ടാന്തമായിത്തീൎന്നിട്ടുണ്ടു്.

1087 തുലാം 8-ാംനു-
തിരുവനന്തപുരം.

A. R. Raja Raja Varma.

നളിനി

നല്ല ഹൈമവതഭൂവിൽ,—ഏറെയായ്
കൊല്ലം—അങ്ങൊരു വിഭാതവേളയിൽ,
ഉല്ലസിച്ചു, യുവയോഗിയേകനൽ-
ഫുല്ലബാലരവിപോലെ കാന്തിമാൻ. 1

പേരു്—നായികയുടെ പേരാണു് കാവ്യത്തിനു കൊടുത്തിരിക്കുന്നതു്. നായികയുടെ വിശേഷമാതിരിസ്നേഹമാണു് കാവ്യത്തിൽ പ്രധാനമായി പ്രതിപാദിക്കുന്നതു്. അതുകൊണ്ടു് ഒരു 'സ്നേഹം' എന്ന പേരും യോജിക്കും. സ്നേഹം എന്നതിനു പകരം പ്രേമം എന്നു വേണ്ടിയിരുന്നു എന്നു് ചിലർക്കു് അഭിപ്രായമുണ്ടു്. നായികാനായകന്മാർ ആദ്യം സ്നേഹിതരായിരുന്നു. ആ ബന്ധം ഒടുവിൽ നായികയിൽ അനുരാഗമായി പരിണമിക്കുകയാണു് ചെയ്യുന്നതു്. ആ അനുരാഗത്തേയും 'ശൃംഗാരക്കറപോയ' (പ്രരോദനം 68-ാം ശ്ലോകം നോക്കുക. അതിൽ കാളിദാസനെ സ്വർഗ്ഗത്തിൽ ശൃംഗാരക്കറപോയ് തെളിഞ്ഞൊരു മഹാസൗന്ദര്യ സാരാകൃതിയായിട്ടാണു് വർണ്ണിച്ചിരിക്കുന്നതു്.) സ്നേഹമായിട്ടാണു് കാണിച്ചിരിക്കുന്നതു്. ഈ കാരണങ്ങളാൽ സ്നേഹം തന്നെ യോജിച്ച പദം.

നളിനി അല്ലെങ്കിൽ ഒരു സ്നേഹം എന്നാണു് കവി നൽകിയിരുന്ന പേർ.

കാവ്യാരംഭം:— ആശാൻ പഴയ സംസ്കൃത കാവ്യസമ്പ്രദായങ്ങളിൽ നിന്നും പുതിയ ഇംഗ്ലീഷ് കാവ്യസമ്പ്രദായങ്ങളിൽ നിന്നും നല്ല രീതികൾ സ്വീകരിച്ചിട്ടുള്ള കവിയാണ്. സംസ്കൃത കാവ്യശാസ്ത്രപ്രകാരം കാവ്യാരംഭത്തിൽ ആശിസ്സ്, നമസ്കാരം, വസ്തുനിർദ്ദേശം ഇവയിൽ ഒന്നുവേണം. പ്രസ്തുത കാവ്യം വസ്തുനിർദ്ദേശം കൊണ്ടു തുടങ്ങുന്നു. അതു് പുതിയ രീതിക്കു് യോജിച്ചതാണ്.

1. നല്ല =മതസംബന്ധമായ മാഹാത്മ്യങ്ങളും, രാമണീയകം, ശുദ്ധി മുതലായ ഗുണങ്ങളും ഉള്ള. ഹൈമവതഭൂവിൽ =ഹിമവാന്റെ പ്രദേശത്തു്. ഏറെയായ്ക്കൊല്ലം =വളരെ കൊല്ലം മുമ്പേ എന്നു പറയാതെ ഒരു വാക്യമായി ഇടയ്ക്കു ചേർത്തതു് കഥാകഥനത്തിൽ സ്വാഭാവികമാണ്; വിവക്ഷിച്ച അർത്ഥത്തിനു ശക്തിയും കൂട്ടും. അങ്ങ്-വേളയിൽ എന്നതിനോടോ ഉല്ലസിച്ചു എന്നതിനോടോ ചേർക്കാവുന്ന പൂരണപദം. ഒരു വിഭാത വേളയിൽ=ഒരു രാവിലെ. യുവയോഗി ഏകൻ =യുവയോഗിയായ ഒരാൾ, അല്ലെങ്കിൽ ഒരു യുവയോഗി; വേറെ ആരും ഇല്ലായിരുന്നു എന്നു സാരം. ഉല്ലസിച്ചു=ശോഭിച്ചു. പുറമേയുള്ള ശോഭമാത്രമല്ല, അകമേയുള്ള ഉല്ലാസവും അർത്ഥമാക്കണം. ഉത്ഫുല്ലബാലരവി=ഉദിച്ചു വരുന്ന പ്രഭാത സൂര്യൻ. ഉത്ഫുല്ലരവിപോലെ ഉല്ലസിച്ചു എന്നോ ഉത്ഫുല്ലബാലരവി പോലെ കാന്തിമാൻ എന്നോ അന്വയിക്കണം. അലങ്കാരം ഉപമ. ഫുല്ലബാലരവി എന്നല്ല "ഉത്ഫുല്ലബാലരവി" എന്നാണു് പദം ഛേദിക്കേണ്ടതു്.

ഇനി നാലു ശ്ലോകം കൊണ്ടു യുവയോഗിയെ വർണ്ണിക്കുന്നു.

ഓതി, നീണ്ടജടയും നഖങ്ങളും
ഭൂതിയും ചിരതപസ്വിയെന്നതും,
ദ്യോതമാനമുടൽ നഗ്നമൊട്ടു ശീ-
താതപാദികളവൻ ജയിച്ചതും. 2

പാരിലില്ല ഭയമെന്നുമേറെയു-
ണ്ടാരിലും കരുണയെന്നുമേതിനും
പോരുമെന്നുമരുളീ പ്രസന്നമായ്
ധീരമായ മുഖകാന്തിയാലവൻ. 3

---

2. ഓതി=പറഞ്ഞു (സൂചിപ്പിച്ചു.) ഭൂതി=ഭസ്മം. ചിരതപസ്വി=വളരെക്കാലമായി തപസ്സു ചെയ്യുന്നവൻ. ദ്യോതമാനം=വിളങ്ങുന്നതു്. ഉടൽ=ദേഹം. നഗ്നം=വസ്ത്രമില്ലാത്തതു്. ശീതാതപാദികൾ=തണുപ്പു്, വെയിൽ മുതലായവ. ഒട്ടു ഇതു് നഗ്നം എന്നതിനോടോ ജയിച്ചു എന്നതിനോടോ അന്വയിക്കാം. ആദ്യത്തെ പക്ഷത്തിൽ കുറച്ചു് എന്നും രണ്ടാം പക്ഷത്തിൽ അധികം എന്നും അർത്ഥം എടുക്കണം. സമുച്ചയം അധികമായതുകൊണ്ടു് ഈ ശ്ലോകത്തിൽ അന്വയം വിശേഷമായി തോന്നും. നീണ്ട ജടയും നഖങ്ങളും ഭൂതിയും (കർത്താവു്) അവൻ ചിരതപസ്വിയെന്നതു് (കർമ്മം) നഗ്നം ദ്യോതമാനം ഉടൽ (കർത്താവു്) ഒട്ടുശീതാതപാദികൾ അവൻ ജയിച്ചതും (കർമ്മം) ഓതി എന്നു് അന്വയം.

3. പാരിൽ ഇല്ല ഭയമെന്നും=(തനിക്കു) ലോകത്തിൽ പേടി തീരെ ഇല്ലെന്നും. ഏറെയുണ്ടു് ആരിലും കരുണയെന്നും=എങ്ങിനെയുള്ളവരിലും വളരെ ദയവുണ്ടെന്നും. (ഇല്ല എന്നും

തല്പരത്വമവനാന്നിരുന്നു തെ-
ല്ലപ്പൊഠം, വെന്നരിയെയ്യഴി കാക്കവാൻ
കോപ്പിടും നൃപതിപോലെയും കളി-
ക്കോപ്പെടുത്ത ചെറുപൈതൽ പോലെയും. 4

ഉണ്ട് എന്നും ഉള്ള ക്രിയകഠം പദങ്ങളുടെ മുമ്പിൽ വച്ചതു ശക്തിയാണ്.) ഏതിനും പോരുമെന്നും =(താൻ) എന്തിനും മതിയായവനെന്നും. പ്രസന്നമായ് =സന്തോഷം കൊണ്ടു തെളിഞ്ഞു. ധീരമായ =ധൈര്യസൂചകമായ. മുഖകാന്തിയാൽ= ശോഭയാൽ. അവൻ അരുളി=സൂചിപ്പിച്ചു.

കവിയുടെ ഗുരുവായ ശ്രീനാരായണഗുരുസ്വാമികഠം ചെറുപ്പത്തിൽ അരുവിപ്പുറം എന്ന വനപ്രദേശത്തു് തപസ്സുചെയ്തു താമസിക്കുന്ന കാലത്തു് രാവിലെ ധ്യാനം കഴിഞ്ഞു പുറത്തുവരുമ്പോഠം പതിവായി കാണാറുള്ള പ്രത്യേക മുഖകാന്തിയെപ്പററി കവി പറഞ്ഞു് ഇതെഴുതുന്ന ആഠം കേട്ടിട്ടുണ്ടു്. ഒരുവേള ആ മുഖകാന്തിയുടെ ഓർമ്മവെച്ചായിരിക്കണം ഈ ശ്ലോകം എഴുതിയതു്.

4. വെന്നരിയെ=(വെന്നു് അരിയെ) ശത്രുവെ ജയിച്ചു. കോപ്പിടും =ഒരുങ്ങുന്ന. നൃപതിപോലെയും =രാജാവിനെപ്പോലെയും. കളിക്കോപ്പെടുത്ത =കളിപ്പാട്ടം എടുത്ത (കളിക്കാൻഒരുങ്ങുന്ന.) ചെറുപൈതൽപോലെയും. തെല്ലു് =സ്വല്പമൊരു. അപ്പോഠം സ്വല്പനേരത്തേക്കു് എന്നും എടുക്കാം. തല്പരത =ഉത്സാഹം. അവൻ ആന്നിരുന്നു =വഹിച്ചിരുന്നു. തല്പരത്വമവനാന്നിരുന്നു എന്നു് ആദ്യമായി ചേർത്തതു് വർണ്ണ്യമായ തല്പരത്വത്തിൻെറ പ്രതീതിക്കു ശക്തികൂട്ടുന്നുണ്ടു്. യോഗിക്കു ശത്രുവെ ജയിച്ചു ഭൂമി വാഴാൻ ഒരുങ്ങുന്ന രാജാവിനുള്ള മാതിരി കൃതകൃത്യതയും ഗാംഭീര്യവും ചേർന്ന ഉത്സാഹമാണു് ഉണ്ടായിരുന്നതു് എന്നാൽ രാജാവിനി

ഇത്ര ധന്യതതികഞ്ഞു കാണ്മതി-
ല്ലത്ര നൂനമൊരു സാർവഭൗമനിൽ
ചിത്തമാം വലിയവൈരി കീഴമ-
ർന്നത്തൽതീർന്ന യമിതന്നെ ഭാഗ്യവാൻ. 5

ധ്യാനശീലനവനങ്ങധിത്യകാ-
സ്ഥാനമാർന്നു തടശോഭ നോക്കിനാൻ
വാനിൽനിന്നു നിജനീഡമാർന്നെഴും
കാനനം ഖഗയുവാവുപോലവേ. 6

ല്ലാത്തമാതിരി വിശേഷവും അതിൽ അടങ്ങിയിരിക്കുന്നു. അതു കളിക്കുവാൻ തുടങ്ങുന്ന ചെറിയ കുട്ടിക്കുള്ളമാതിരി ചിന്താക്ലേശമില്ലായ്മയാണു്. മാലോപമ.

5. മുൻ ശ്ലോകത്തിൽ പറഞ്ഞ വ്യത്യാസത്തിന്റെ കാരണം ഈ ശ്ലോകത്തിൽ വിശദമാക്കുന്നു. അത്ര = ഈ ലോകത്തിൽ. ഒരു സാർവ്വഭൗമനിൽ = ഒരു ചക്രവർത്തിയിൽ (തന്നെയും.) സർവ്വവൈരികളും അമർന്നവനെന്നു് കാണിക്കാനാണു് സാർവ്വഭൗമൻ എന്ന പദം പ്രയോഗിച്ചിരിക്കുന്നതു്. ഇത്ര = യോഗിക്കുള്ളമാതിരി. ധന്യത = കൃതകൃത്യത. ഭാഗ്യം തികഞ്ഞുകാണ്മതില്ല = പരിപൂർണ്ണമായിട്ടു് കാണുന്നില്ല. അതിനുള്ള കാരണം പറയുന്നു. ചിത്തമാം = മനസ്സാകുന്ന. വലിയവൈരി = മഹാശത്രു. കീഴമർന്നു = കീഴടങ്ങി. അത്തൽതീർന്ന = ദുഃഖം അവസാനിച്ച. യമിതന്നെ ഭാഗ്യവാൻ = യോഗിതന്നെയാണു് ഭാഗ്യവാനായിട്ടുള്ളതു്.

6. ധ്യാനശീലൻ = ധ്യാനം ശീലമായിട്ടുള്ളവൻ. അധിത്യക = മലയുടെ ഉന്നതതടം. അധിത്യകാസ്ഥാനമാർന്നു് = ഉന്നതതടത്തിൽനിന്നു്. തടം = താഴ്‌വര. വാനു് = ആകാശം. നിജ

ഭൂരിജന്തുഗമനങ്ങൾ, പൂത്തെഴും
ഭൂരുഹങ്ങൾ നിറയുന്ന കാടുകൾ,
ദൂരദർശനകൃശങ്ങൾ, കണ്ടുതേ
ചാരുചിത്രപടഭംഗിപോലവൻ. 7

പണ്ടു തൻെറ പുരപുഷ്പവാടിയുൾ-
ക്കൊണ്ട വാപികളെവെന്ന പൊയ്കയിൽ
കണ്ടവൻ കുതുകമാർന്നു തെന്നലിൽ
തണ്ടലഞ്ഞു വിടരുന്ന താരുകൾ. 8

നീഡം = തൻെറകൂട്. നിജനീഡമാർന്നെഴും കാനനം = തൻെറ കൂടിരിക്കുന്ന കാട്. ഖഗയുവാവ് = പക്ഷിയുവാവ്. ആകാശത്തിൽനിന്നു പക്ഷി കൂടിരിക്കുന്ന കാട് നോക്കുന്നതുപോലെ എന്ന ഉപമകൊണ്ട് യോഗിയുടെ ലൗകികമായ ബന്ധവസ്തു താഴ്വരയിലുണ്ടെന്നു ധ്വനിപ്പിക്കുന്നുണ്ട്. പിന്നീടുണ്ടാകുന്ന സംഗതികളെ മുൻകൂട്ടി ധ്വനിപ്പിക്കുന്ന അലങ്കാരപ്രയോഗത്തിൽ ആശാൻ മഹാചതുരനാണ്. ഇതു നാടക കവിക്കു സഹജവുമാണ്.

7. ഭൂരിജന്തുഗമനങ്ങൾ = പലമാതിരി ജന്തുക്കളുടെ പോക്കുകളോടു കൂടിയ ''കാടുകൾ'' എന്നതിൻെറ വിശേഷണം. ഇങ്ങനെ സംസ്കൃതസമസ്തപദങ്ങൾ വിശേഷണങ്ങളായി കവി സാധാരണ പ്രയോഗിക്കാറുണ്ട്. ഭൂരുഹങ്ങൾ = മരങ്ങൾ. ദൂരദർശനകൃശങ്ങൾ = അകലെകാണുന്നതുകൊണ്ട് ചെറുതായി തോന്നുന്നവ. ഇതും കാടുകളുടെ വിശേഷണം. ചാരുചിത്രപടഭംഗി = മനോഹരമായ ചിത്രപട (ചിത്രങ്ങളുള്ള പട)ത്തിൻെറ ഭംഗി. ചിത്രപടത്തിനു നാടകക്കർട്ടൻ എന്നും അർത്ഥം ഉദ്ദേശിച്ചിരിക്കാം. അലങ്കാരം ഉപമ.

8. പുരപുഷ്പവാടിയുൾക്കൊണ്ട = പട്ടണത്തിലെ പൂങ്കാവനത്തിലുള്ള. വാപികൾ = കുളങ്ങൾ. വെന്ന = ജയിച്ച. പണ്ടു

സാവധാനമെതിരേററു ചെല്ലുവാ-
നാ വികസ്വരസരസ്സുയച്ചപോൽ
പാവനൻ സുരഭി വായു വന്നു ക-
ണ്ടാവഴിക്കു പദമൂന്നിനാനവൻ. 9

ആഗതക്കു വിഹഗസ്വരങ്ങളാൽ
സ്വാഗതം പറയുമാ സരോജിനി
യോഗിയേ വശഗനാക്കി, രമ്യഭ്രൂ-
ഭാഗഭംഗികൾ ഹരിക്കുമാരെയും. 10

താൻ പാർത്തിരുന്ന പട്ടണങ്ങളിലെ പൂങ്കാവനത്തിലെ കുളങ്ങളെക്കാളൊക്കെ കേമമായ പൊയ്കയിൽ എന്നു പൂർവ്വാർദ്ധത്തിൻെറ സാരം. കുതുകമാൻ = കൗതുകത്തോടുകൂടി കണ്ടു എന്നതിൻെറ വിശേഷണം. തെന്നൽ = തെക്കൻ കാററു്. തണ്ടലഞ്ഞു വിടരുന്ന എന്നതുകൊണ്ടു് താരുകൾ താമരപ്പൂക്കളെന്നു ധരിക്കണം. 'പുരപുഷ്പവാടിയുൾക്കൊണ്ട വാപികളെവെന്ന' എന്നു പൊയ്കയ്ക്കു വിശേഷണം വച്ചതു യോഗിക്കു് തൻെറ പണ്ടത്തെ പുരജീവിതം ഓർമ്മവന്നു എന്നു ധ്വനിപ്പിക്കാനാണു്. 13-ം, 14-ം ശ്ലോകങ്ങളിൽ ഈ ഓർമ്മയുടെ ഫലം തന്നെയാണു് സൂചിപ്പിക്കുന്നതു്.

9. സാവധാനം = സാവധാനമായി. എതിരേററുചെല്ലുവാൻ = എതിരേററു കൊണ്ടുചെല്ലുവാൻ, എതിരേല്ക്കുവാൻ എന്നു സാരം. വികസ്വരസരസ്സു് = വിടൎന്ന സരസ്സു്. പൂക്കളുടെ വിടൎച്ച സരസ്സിൽ ആരോപിക്കുന്ന അലങ്കാര പ്രയോഗം. പാവനൻ = പരിശുദ്ധൻ. സുരഭിവായു = സൗരഭ്യമുള്ളകാററു്. പദമൂന്നി = നടന്നു. ഫലോൽപ്രേക്ഷ.

10. ആഗതർ = വന്നവർ. വിഹഗസ്വരങ്ങൾ = പക്ഷികളുടെ സ്വരങ്ങൾ. സരോജിനി = താമരപ്പൊയ്ക. വശഗനാക്കി = വശപ്പെടുത്തി. പക്ഷികളുടെ സ്വരങ്ങൾ പോലെ

എന്നുമല്ല ശുഭരമ്യഭൂവിവ–
ക്കെന്നുമുള്ളൊരനവദ്യഭോഗമാം
വന്യശോഭകളിലത്രയല്ല യി–
ദ്ധന്യനാണ്ടൊരു നിസ്സർഗ്ഗജം രസം. 11

ആകയാൽ സ്വയമകുണ്ഠമാനസൻ
പോകയാമതുവഴിക്കുതന്നിവൻ,
ഏകകാര്യമഥവാ ബഹുത്ഥമാം
ഏകഹേതു ബഹുകാര്യകാരിയാം. 12

യുള്ള സ്വരങ്ങളാൽ സരോജിനി യോഗിയായ അദ്ദേഹത്തേയും വശത്താക്കിയെന്നു വ്യംഗ്യം. രമ്യഭൂഭാഗഭംഗികൾ = മനോഹര ഭൂഭാഗങ്ങളുടെ ഭംഗികൾ. ഹരിക്കും = ആകർഷിക്കും. അലങ്കാരം അർത്ഥാന്തരന്യാസം.

11. ശുഭരമ്യഭൂ = നല്ലതും ഭംഗിയുള്ളതുമായ ഭൂമി. ഇവക്ക് = യോഗകൾക്ക്. എന്നുമുള്ള = എപ്പോഴുമുള്ള, പതിവായിട്ടുള്ള. അനവദ്യഭോഗം = നിർദ്ദോഷമായ വിഷയ സുഖം. വന്യശോഭ = വനത്തിന്റെ ഭംഗി. നിസർഗ്ഗജം = പ്രകൃത്യാ ഉള്ളതു്. സരോജിനി യോഗിയെക്കൂടിയും ആകർഷിച്ചു എന്നതിനു സമാധാനമായി ഭൂഭംഗി ആരേയും ഹരിക്കുമെന്നു കഴിഞ്ഞ ശ്ലോകത്തിൽ പറഞ്ഞല്ലോ. എന്നു തന്നെയല്ല, ശുഭരമ്യഭൂമി യോഗികൾക്കുള്ള നിർദ്ദോഷഭോഗവസ്തുവാണെന്നും പ്രത്യേകിച്ചു് ഈ യോഗിക്കു് കാടുകളുടെ ഭംഗിയിൽ പ്രകൃത്യാ രസമുണ്ടെന്നും ഇതിൽ പറഞ്ഞിരിക്കുന്നു.

12. ആകയാൽ = വന്യശോഭകളിലുള്ള രസംകൊണ്ടു്. അകുണ്ഠമാനസൻ = സന്തുഷ്ടചിത്തൻ. അതുവഴിക്കുതന്നെ = നടന്ന വഴിക്കുതന്നെ. തന്നിവൻ = തന്നെ ഇവൻ എന്നു പദച്ഛേദം

കുന്നുതന്നടിയിലെത്തവേ സ്വയം
നിന്നുപോയ്‌ ഝടിതി ചിന്തപൂണ്ടപോൽ
എന്നുമല്ല ചെറുതാൎത്തിയാൎന്നവാ-
റൊന്നു വീൎത്തു നെടുതായുടൻ യതി. 13

എന്തുവാൻ യമിയിവണ്ണമന്തരാ
ചിന്തയാൎന്നതഥവാ—നിനയ്ക്കുകിൽ,
ജന്തുവിന്നു തുടരുന്ന വാസനാ-
ബന്ധമിങ്ങുടലുവീഴവോളവും. 14

ഇവൻ നടക്കുന്നതിൻെറ കാരണം പറഞ്ഞതുമാത്രമായിരിക്കണമെന്നില്ലെന്നും അതിൻെറ ഫലവും ഒന്നുതന്നെയായിരിക്കണമെന്നില്ലെന്നും ഒരു അർത്ഥാന്തരന്യാസംകൊണ്ടു പറയുന്നു. ഏകകാര്യം=ഒരുകാര്യം. ബഹുതഥമാം=പലതിൽ നിന്നുണ്ടാവാം, പല കാരണങ്ങളാലുണ്ടാകുമെന്നു സാരം. ഏകഹേതു=ഒരു കാരണം. ബഹുകാര്യകാരിയാം=പല ഫലങ്ങളെയും ഉണ്ടാക്കയും ചെയ്യാം. യമിയുടെ ഗമനത്തിനും മുൻപറഞ്ഞതിനും പുറമേ മററു കാരണങ്ങളും ഫലങ്ങളും ഉണ്ടായേക്കാമെന്നു സൂചന.

13. ചെറുതാൎത്തിയാൎന്നവാറു് = സ്വല്പം ഉൽക്കണ്ഠയുണ്ടായിട്ടെന്നപോലെ. നെടുതായി വീൎത്തു=ദീർഘശ്വാസമിട്ടു. യതി= യോഗി (മനസ്സടക്കിയവൻ) എന്നു സാരം.

14. യമി = യോഗി (മനസ്സടക്കിയ ആൾ.) ഇവണ്ണം = മുൻശ്ലോകത്തിൽ പറഞ്ഞമാതിരി. അന്തരാ=അകമേ. ചിന്തയാർന്നതു് = ഉൽക്കണ്ഠയാൎന്നതു്. എന്തുവാൻ = എന്തുകൊണ്ടാണു്? യോഗിക്കു് ഉൽക്കണ്ഠയുണ്ടാകുവാൻ കാരണമില്ലല്ലോ

അപ്പുമാൻെറയകമോളമാർന്ന വീ–
ർപ്പൊഴാഞ്ഞതനതിദൂരഭൂമിയിൽ
അത്ഭുതം! തരുവിലീനമേനിയായ്
നില്പൊരാൾക്കു തിരതല്ലി ഹൃത്തടം. 15

എന്നു സാരം. അഥവാ, സംശയിക്കേണ്ട അവകാശമുണ്ടെന്നു കവിതന്നെ പറയുന്നു. ജന്തുവിനു് = ജീവിക്കു്. ഉടലുവീഴവോളവും = ശരീരാവസാനംവരെ. (സ്ഥൂലസൂക്ഷ്മകാരണശരീരങ്ങൾ മൂന്നും അവസാനിക്കുന്നതുവരെ. അതായതു് മുക്തി കിട്ടുന്നതുവരെ എന്നർത്ഥം പക്ഷേ ഉദ്ദേശിച്ചിരിക്കാം.) വാസനാബന്ധം = വാസനയുടെ കെട്ടുപാടു്. തുടരുന്നു = തുടർന്നുപോകുന്നു. ജന്തുവിനു തുടരുന്നു എന്നു പറഞ്ഞതുകൊണ്ടു് ജന്തുസഹജമായ വികാരം യോഗിക്കുപോലും ഉണ്ടാകുമെന്നു സൂചിപ്പിക്കുന്നു.

15. അകം = ഉള്ളു്, മനസ്സു്. ഓളംആർന്ന = ഓളം ഉണ്ടാക്കിയ. ആഞ്ഞു = എത്തി. അനതിദൂരഭൂമിയിൽ = അധികം അകലെയല്ലാത്ത സ്ഥലത്തു്. തരുവിലീനമേനിയായ് = മരം കൊണ്ടുമറഞ്ഞ ദേഹത്തോടുകൂടിയ. ഹൃത്തടം = ഹൃദയമാകുന്ന തടം. അദ്ദേഹത്തിൻെറ മനഃക്ഷോഭമുണ്ടാക്കിയ നെടുവീർപ്പ് എത്തി. ഒരാൾക്കു് ഹൃദയം അലതല്ലി. അദ്ദേഹത്തിനു് ഉള്ളിൽ ഓളം പോലെ ക്ഷോഭം ഉണ്ടായപ്പോൾ മറേറ ആൾക്കു് തിരപോലെയാണു വികാരം ഇളകിയതു് എന്നു സാരം. അലങ്കാരം അസംഗതി.

സ്വന്തനിഷ്ഠയതിനായ് കുളിച്ചു നീർ
ചിന്നുമീറനൊടു പൊയ്കതൻ തടേ
ബന്ധുരാംഗരുചി തൂവിനിന്നുഷ-
സ്സന്ധ്യപോലെയൊരു പാവനാംഗിയാം. 16

കണ്ടതില്ലവർ പരസ്പരം മരം
കൊണ്ടു നേർവഴി മറഞ്ഞിരിക്കയാൽ,
രണ്ടുപേരുമകതാരിലാന്നിതുൽ-
കണ്ഠ, കാണ്ക ഹഹ! ബന്ധവൈഭവം. 17

ഇനി ആരം ആരെന്നു വിവരിക്കുന്നു.

16. സ്വന്തനിഷ്ഠ=തനിക്കു പതിവുള്ള അനുഷ്ഠാനത്തിനായി. ഈറനോട്ട് = ഈറനോടുകൂടി. (നനഞ്ഞമുണ്ടുധരിച്ചുകൊണ്ടു എന്നു സാരം.) ബന്ധുരാംഗരുചി = മനോഹരമായ ദേഹകാന്തി. തൂവി=ചൊരിഞ്ഞു. ഉഷസ്സന്ധ്യ=പ്രഭാതസന്ധ്യ. (അതിന്റെ ദേവത.) പാവനാംഗിയാം=പരിശുദ്ധശരീരയായ സ്ത്രീ. നായകനെ ഉൽഫുല്ലബാലരവിയോടാണ് ഉപമിച്ചതു്. (1-ാം ശ്ലോകം നോക്കുക) അപ്പോഠം നായികയെ ഉഷസ്സന്ധ്യയോട് ഉപമിക്കുന്നതിൽ പ്രത്യേകം ഔചിത്യമുണ്ടു്. പൊയ്കതൻതടേ= പൊയ്കയുടെ കരയിൽ. തടേ എന്ന സംസ്കൃതവിഭക്തി പ്രത്യയാന്തപദം മണിപ്രവാള പ്രയോഗമാണ്. മണിപ്രവാളം ഇപ്പോഴത്തെ മലയാള കവികഠം വളരെക്കുറച്ചേ പ്രയോഗിക്കാറുള്ളു. ആശാൻ പ്രത്യേകിച്ചും മണിപ്രവാളം മിക്കവാറും ഉപേക്ഷിച്ചിട്ടുണ്ടു്. സപ്തമ്യേകവചനപ്രത്യയാന്തപദമാണ് മലയാള കവികഠം ഇപ്പോഴും ഉപയോഗിക്കുന്ന പ്രധാന മണിപ്രവാളപദം.

17. ആന്നിതുൽക്കണ്ഠ = ആന്നിതു ഉൽക്കണ്ഠ എന്നു പദച്ഛേദം. രണ്ടുപേരും തമ്മിൽ കണ്ടില്ലെങ്കിലും രണ്ടുപേക്കും ഉള്ളിൽ

ആ തപോമുദിതയാറംകൾ തൽക്ഷണം
ശീതബാധ വിരമിച്ചുവെങ്കിലും,
ശ്വേതമായ് ഝടിതി കുങ്കുമാഭമാ–
മാതപം തടവിലും, മുഖാംബുജം. 18

ആശ പോകിലുമതിപ്രിയത്തിനാൽ
പേശലാംഗിയഴലേകുമോർമ്മയിൽ
ആശു വായുവിൽ ജരൽപ്രസൂനയാ–
മാ ശിരീഷലതപോൽ ഞെട്ടങ്ങിനാറം. 19

ഉൽക്കണ്ഠയുണ്ടായി എന്നും അതു സ്നേഹബന്ധത്തിൻെറ ശക്തി കൊണ്ടാണെന്നും പറയുന്നു. ഇതു് കവി വിശ്വസിക്കുന്ന ഒരു മാനസികരഹസ്യവസ്തുതയാകാം. അല്ലെങ്കിൽ കാളിദാസാദി കവികളെ അനുസരിച്ചുള്ള ഒരു കവിതാസങ്കേതം മാത്രവുമാകാം. അലങ്കാരം കാവ്യലിംഗം.

18. തപോമുദിതയാറം = തപസ്സുകൊണ്ടു ചടച്ചവറം. തൽക്ഷണം = ഉടനെ. ശീതബാധ = കുളിരിൻെറ ഉപദ്രവം. ശ്വേതമായ് = വിളറി. ഝടിതി = വേഗം. കുങ്കുമാഭം = കുങ്കുമപ്രഭയുള്ളതു് (ചുവന്നതു്) ആതപം = വെയിൽ (ഇളംവെയിൽ) കുളിരുപോകയും ചുവന്ന വെയിലേല്ക്കുകയും ചെയ്തിട്ടും മുഖം വിളറി. ഉൽക്കണ്ഠയാലെന്നു സാരം. അലങ്കാരം അതദ്ഗുണം.

19. ആശ = ആഗ്രഹം. ആഗ്രഹം സാധിക്കുമെന്ന വിശ്വാസം. പേശലാംഗി = സുന്ദരി. അതിപ്രിയത്തിനാൽ = അതിപ്രേമം നിമിത്തം. അഴലേകും ഓർമ്മ = ദുഃഖമുണ്ടാക്കുന്ന ഓർമ്മ. ആശു = വേഗം. ജരൽപ്രസൂന = ജരത്തുകളായ (വാടിയ)

സീമയററഴലിലൊട്ടു സൂചിത-
ക്ഷേമമൊന്നഥ ചലിച്ചു, മീനിനാൽ
ഓമനച്ചെറുമൃണാളമെന്നപോൽ
വാമനേത്രയുടെ വാമമാം കരം. 20

ഹന്ത! കാനനതപസ്വിനി ക്ഷണം
ചിന്ത ബാലയിവളാണ്ടു വാടിനാൾ,
എന്തിനോ? കുലവധൂടികൾക്കെഴു-
ന്നന്തരംഗഗതിയാരറിഞ്ഞുതാൻ! 21

പൂക്കളോടുകൂടിയതു്. ശിരീഷലത=നല്ല നെന്മേനിവാക. ലതാപദം ശ്രേഷ്ഠതയെ കുറിക്കുന്നു. അലങ്കാരം ഉപമ.

പൂർവ്വസ്നേഹത്തിൻെറ ദുഃഖകരമായ സ്മരണവന്നു് അവൾ ഞടുങ്ങി. സ്മരണ പെട്ടെന്നുള്ളതും തടുക്കാൻ പാടില്ലാത്തതുമായിരുന്നു എന്നു് ഉപമയുടെ വ്യംഗ്യം.

20. സീമയററഴലു് = സീമയററ അഴലു് (അതിരററ ദുഃഖം.) സൂചിതക്ഷേമം — ക്രിയാവിശേഷണം. സൂചിതക്ഷേമമാകുംവണ്ണം=ക്ഷേമത്തെ സൂചിപ്പിച്ചുകൊണ്ടു്. അഥ=അനന്തരം. ഒന്നു ചലിച്ചു=ഒന്നു ഇളകി. വാമനേത്ര=ഭംഗിയുള്ള കണ്ണുകളുള്ളവൾ (സുന്ദരി.) വാമം=ഇടത്തേതു്. കരം ചലിച്ചു എന്നന്വയം. ഓമനച്ചെറുമൃണാളം = ഭംഗിയുള്ള ഇളയ താമരവളയം. നിമിത്തശാസ്ത്രപ്രകാരം സ്ത്രീകൾക്കു് ഇടത്തുകൈ തുടിക്കുന്നതു് ശുഭസൂചകമാണു്. കാളിദാസമഹാകവിയെപ്പോലെ പ്രകൃതകവിക്കും നിമിത്തത്തിൽ വിശ്വാസമുള്ളതായിട്ടാണു് ഊഹിക്കേണ്ടതു്. അലങ്കാരം ഉപമ.

21. കാനനതപസ്വിനി=കാട്ടിൽ തപസ്സുചെയ്യുന്നവൾ. ചിന്ത=ഉൽക്കണ്ഠ. ഇവൾ ചിന്തയാണ്ടു വാടിനാൾ എന്നന്വയം.

ഒന്നു നിർണ്ണയമുദീർണ്ണശോഭയാ-
ളിന്നു താപസകുമാരിയല്ലിവാം,
കുന്ദവല്ലി വനഭൂവിൽ നില്ക്കിലും
കുന്ദമാണതിനു കാന്തി വേറെയാം. 22

എന്നുമല്ലസുലഭാംഗഭംഗിയാ-
ണിന്നുമിത്തരുണി പൗരിമാരിലും,
മിന്നുകില്ലി ശരദഭ്രശാന്തയായ്,
ഖിന്നയാകിലുമഹോ തടില്ലത? 23

കാനനതപസ്വിനി എന്നതും ബാല എന്നതും ഇവാം എന്ന തിൻെറ വിശേഷണം. ഹന്ത=ആശ്ചര്യം. കാനനതപസ്വിനിയായിട്ടും ചിന്തയാന്നതിലാണ് ആശ്ചര്യം. എന്തിനോ= ഈ ചോദ്യം സംശയത്തെ കുറിക്കുന്നു. കുലവധൂടികാം=കുലകന്യകകാം. അന്തരംഗഗതി=മനോരഥം. ആരറിഞ്ഞുതാൻ= ആക്കും അറിഞ്ഞുകൂടാ. അൎത്ഥാന്തരന്യാസം.

22. തപസ്വിനിയുടെ ഉൽക്കണ്ഠയുടെ കാരണം തനിക്ക് അറിഞ്ഞുകൂടെന്നു കവി ഭാവിക്കുന്നതു് വായനക്കാരുടെ ജിജ്ഞാസ കൂട്ടാനാണ്. ഇനി അവളുടെ കഥ പറയാൻ തുടങ്ങുന്നു. ഒന്നു നിർണ്ണയം=ഒന്നുതീച്ച്. ഉദീർണ്ണശോഭയാാം=ഏററവും സൗന്ദര്യമുള്ളവാം. കുന്ദവല്ലി=കുരുക്കത്തിമുല്ലവള്ളി. കുന്ദവല്ലി ഉദ്യാനലതയാണ്. അതു കാട്ടിൽ നിന്നാലും അതിൻെറ കാന്തി കാട്ടുലതകാംക്കില്ലാത്തതുതന്നെയായിരിക്കും. അതു പോലെ ഇവാം കാട്ടിൽ വന്നിട്ടും നാഗരികകന്യകയെന്ന് ഊഹിക്കാമെന്നു സാരം. അലങ്കാരം കാവ്യലിംഗവും നിദശ്നയും.

23. ഇവാം താപസപുത്രിയല്ലെന്നും നാഗരികകന്യകയായിരിക്കണമെന്നും കഴിഞ്ഞ ശ്ലോകത്തിൽ ഊഹിച്ചു. നാഗരിക

കൃച്ഛ്റമായിവരം വെടിഞ്ഞു പോന്നൊരാ-
സ്വച്ഛസൗഹൃദരിവരംക്ക തുല്യരാം,
അച്ഛനും ജനനിതാനുമാർത്തിയാ-
ലിച്ഛയാൻറ മൃതിതാൻ വരിച്ചുപോൽ. 24

കന്യകകളുടെ ഇടയിലും ഇവരം അസാധാരണ സുന്ദരിയാണെന്നു് ഈ ശ്ലോകത്തിൽ പറയുന്നു.

അസുലഭാംഗഭംഗി = ദുർല്ലഭമായ അംഗഭംഗി (സൗന്ദര്യം) ഉള്ളവരം. ഇന്നും = ഈ ദുഷ്കാലത്തിലും. തരുണി = യുവതി. പൗരിമാർ = നാഗരികസ്ത്രീകരം. മിന്നുകില്ലി = മിന്നുകയില്ലയോ? ശരതഭ്രശാത = ശരത്തിലെ അഭ്രത്താൽ ശാത. ശരത് = ശരൽക്കാലം. അഭ്രം = മേഘം. ശാത = മെലിഞ്ഞതു് (ക്ഷീണിച്ചതു്.) ശരൽക്കാലത്തു മേഘം വെള്ളയായി മിന്നൽ ചുരുങ്ങിയിരിക്കുന്നതു് സ്വാഭാവികമാണു്. ഖിന്നം = ദുഃഖിതം. ദുഃഖം കവിഭാവനയാൽ ആരോപിതമാണു്. തടില്ലത = മിന്നൽക്കൊടി. ശരൽക്കാലം കൊണ്ടു ക്ഷീണിച്ചാലും മിന്നൽ മിന്നും; അതുപോലെ ദുഷ്കാലംകൊണ്ടു ക്ഷീണിച്ചാലും ഇവളുടെ സൗന്ദര്യം അസാധാരണം തന്നെ.
അലങ്കാരം ദൃഷ്ടാന്തം.

24. ഇതിൽ തപസ്വിനിയുടെ പൂർവചരിത്രം കുറേക്കൂടി വിശദമാക്കുന്നു. കൃച്ഛ്റമായ് = പണിപ്പെട്ടു്. സ്വച്ഛസൗഹൃദർ = നിർമ്മലസ്നേഹമുള്ളവർ. ആർത്തിയാൽ = ദുഃഖം കൊണ്ടു്. ഇച്ഛയാൻറ = ഇച്ഛയോടുകൂടിത്തന്നെ. മൃതി = മരണം. വരിച്ചു = സ്വീകരിച്ചു. ഇവരം പണിപ്പെട്ടു ഉപേക്ഷിച്ചുപോന്നവരും സ്വച്ഛസൗഹൃദരും ഇവളെപ്പോലെയുള്ളവരുമായ അച്ഛനമ്മമാർ ദുഃഖംകൊണ്ടു് ആത്മഹത്യ ചെയ്തുവത്രേ എന്നു സാരം.

ഹാ! ഹസിക്കരുതു ചെയ്തു കേവലം
സാഹസിക്യമിവളെന്നു—സാധ്വിയാൾ,
ഗേഹവും സുഖവുമൊക്കെ വിട്ടുതൻ-
സ്നേഹമോതിയതു ചെയ്തതാണിവൾ. 25

സ്നിഗ്ദ്ധമാരിവളെയോർത്തിരുന്ന സ-
ന്ദിഗ്ദ്ധമശ്രുനിര പെയ്തുതാൻ ചിരം
മുഗ്ദ്ധതൻ മൃദുകരം കൊതിച്ചുമേ
ദഗ്ദ്ധരായ് പല യുവാക്കൾ വാണുതാൻ. 26

ഈ വിധം സകലലോഭനീയമീ-
ജീവിതം വ്രതവിശീർണ്ണമാക്കിനാൾ
ഭാവുകാംഗി, അഥവാ മനോജ്ഞമാം
പൂവുതാൻ ഭഗവദർച്ചനാർഹമാം. 27

---

25. ഹസിക്കരുതു് = ആക്ഷേപിക്കരുതു്. സാഹസിക്യം = സാഹസം. കേവലം = തീരെ. ഇവൾ സാഹസം കാട്ടി എന്നു ആക്ഷേപിക്കരുതു്. സാധ്വിയായ ഇവൾ തന്റെ സ്നേഹം പ്രേരിപ്പിച്ചതു് ചെയ്തതാണു്. അലങ്കാരം കാവ്യലിംഗം.

26. സ്നിഗ്ദ്ധമാർ = സ്നേഹിതമാർ. അസന്ദിഗ്ദ്ധം = നിശ്ചയമായും. അശ്രുനിര = കണ്ണുനീർ നിര. ചിരം = വളരെക്കാലം. മുഗ്ദ്ധ = സുന്ദരി. ദഗ്ദ്ധർ = ദഹിച്ചവർ. ഇവളെയോർത്തിരുന്നു തീർച്ചയായും സ്നേഹിതമാർ വളരെക്കാലം കരഞ്ഞിരിക്കണം. പല യുവാക്കൾ വേൾക്കാൻകൊതിച്ച സന്തപ്തരായിരുന്നിരിക്കണം.

27. ഈവിധം = മുൻശ്ലോകങ്ങളിൽ വിവരിച്ച പ്രകാരം. സകലലോഭനീയം = സകലർക്കും കൊതിതോന്നിപ്പിക്കുന്നതു്. വ്രത

ജീവിതാശകൾ നശിച്ചു, വാടിയുൾ-
പ്പൂവു, ജീവഗതിയോർത്തു ചെയ്കയാം
ദേവദേവപദസേവയേവമീ-
ഭൂവിലാവിലത പോവതിന്നിവർ. 28

ശാന്തയായ് സുചിരയോഗസംയത-
സ്വാന്തയായിവിടെ മേവിയേറെ നാൾ
കാന്ത, യിന്നടിതകർന്ന സേതുപോൽ
ഭ്രാന്തിയറ്റു ദയനീയയായിതേ. 29

വിശീർണ്ണം = വ്രതം (തപസ്സ്) കൊണ്ടു ശുഷ്കം. ഭാവുകാംഗി = മംഗളാംഗി. ആക്കിനാൾ എന്നതിന്റെ കർത്താവു്. ഭഗവദർച്ചനാർഹമാം = ഭഗവാനു് (ദൈവത്തിനു്) അർച്ചിക്കാൻ തക്കതു്. അലങ്കാരം അപ്രസ്തുതപ്രശംസ.

28. ജീവിതാശകൾ = ജീവിതാഗ്രഹങ്ങൾ. ജീവഗതി = ആത്മാവിന്റെ ഗതി. ജീവഗതി ഓർത്തു = ആത്മാവിന്റെ ഉദ്ഗതിക്കുവേണ്ടി. ദേവദേവപദസേവ = ഈശ്വരപദസേവ. ആവിലത = കാലുഷ്യം (മനോദുഃഖം). ഏവം = ഇപ്രകാരം. മുൻവിവരിച്ചപ്രകാരം ജീവിതാശകൾ നശിച്ചു, ഉൾപ്പൂവുവാടി, ജീവഗതിയോർത്തു, ആവിലതപോവതിന്നു് ഇവർ ഭൂമിയിൽ ഏവം ദേവദേവപദസേവ ചെയ്കയാം എന്നു് അന്വയം. ഭൂവാസത്തിൽ ഇവൾക്കു വേറെ ഉദ്ദേശ്യം ഇല്ല എന്നു സാരം.

29. ശാന്ത = സമാധാനചിത്ത. സുചിരയോഗസംയതസ്വാന്ത = ദീർഘകാലത്തെ യോഗാഭ്യാസംകൊണ്ടു് അടക്കിയ മനസ്സോ

ഈ മഹാവ്രത കൊതിച്ച സിദ്ധിയെ-
ങ്ങാമയം പരമിതെങ്ങിതെന്തുവാൻ
ഹാ! മനുഷ്യനഥവാ ഹിതാർത്ഥമായ്
വാമലീല തുടരുന്നതാം വിധി. 30

മാനസം ഭഗവദംഘ്രിപങ്കജ-
ധ്യാനധാരയിലുറച്ചിടായ്കയാൽ
ദീനയായ് ഗതി തടഞ്ഞു, വേനലിൽ
ശ്യാനയാം തടിനിപോലെ തന്വിയാം. 31

ട്ടുകൂടിയവളാം. കാന്ത = സുന്ദരി. കാന്ത ഇവിടെ ഏറെനാളം മേവി എന്നന്വയം. സേതു = അണക്കെട്ട്. ദാന്തി = അടക്കം. അലങ്കാരം ഉപമ.

30. മഹാവ്രത = വലിയ തപസ്വിനി. സിദ്ധി = കാര്യസിദ്ധി. ആമയം പരമിതു = ഈ വലിയ ദുഃഖം. ഇവൾ കൊതിച്ച കാര്യസിദ്ധി എവിടെ, ഈ ദുഃഖമെവിടെ. കാര്യസിദ്ധിക്കടുത്ത ദുഃഖമല്ലെന്നു സാരം. ഇതെന്തുവാൻ = എന്തുകഷ്ടം. ഹിതാർത്ഥമായ് = നല്ലതിന്നായ്. വാമലീല = പ്രതികൂലമായ കളി. അഥവാ മനുഷ്യന്നു നന്മയ്ക്കുവേണ്ടിത്തന്നെ വിധി പ്രതികൂലമായി പ്രവർത്തിക്കുന്നതായി വരാം. അലങ്കാരം വിഷമം.

31. ഭഗവദംഘ്രിപങ്കജധ്യാനധാര = ഭഗവാന്റെ പാദമാകുന്ന താമരപ്പൂവിന്റെ ധ്യാനത്തിന്റെ ധാര. ഉറച്ചിടായ്കയാൽ = നില്ക്കായ്കയാൽ. ദീനയായ് = ഖിന്നയായ്. ശ്യാന = വററിയതു്. തടിനി = നദി. തന്വിയാം = യുവതി. തന്വിയാം ഗതിതടഞ്ഞു ദീനയായ് എന്നു് അന്വയം. ഉപമ.

നൊന്ത ചിത്തമൊടു നിന്നു കണ്ണുനീർ
ചിന്തി ഹൈമനസരോജമൊത്തവൾ
സന്തപിച്ചു, വധുവിന്നധീരമാ-
ണന്തരംഗമതിവിജ്ഞയാകിലും. 32

ഖിന്നഭാവമിതകററി, മാനസം
പിന്നെയും പ്രതിനിവൃത്തമാക്കുവാൻ
സന്നഹിച്ചഥ സരസ്സിൽ നോക്കിയാ-
സന്നധൈര്യ തനിയേ പുലമ്പിനാൾ. 33

---

32. ഹൈമനസരോജം = ഹേമന്തത്തിലെ താമരപ്പൂവ്. അതു മഞ്ഞിന്റെ ബാധകൊണ്ടു വല്ലാതിരിക്കും. അവൾ കണ്ണുനീർ ചിന്തി സന്തപിച്ചു എന്നന്വയം. വധുവിന്നു = പെണ്ണിന്നു. അധീരം = ധൈര്യമില്ലാത്തതു്. അന്തരംഗം = ഉള്ളു്. അതിവിജ്ഞ = ഏററവും അറിവുള്ളവൾ. അറിവുണ്ടെങ്കിലും പെണ്ണിനു ഉള്ളിൽ ധൈര്യമില്ലെന്നു സാരം. ഇതു് പൊതുവേ സ്ത്രീകളെപ്പററി പറയുന്ന ഒരു അർത്ഥാന്തരന്യാസമായോ പ്രകൃതവധുവിനെ മാത്രം സംബന്ധിക്കുന്ന ഒരു പരമാർത്ഥ പ്രസ്താവമായിട്ടോ എടുക്കാം.

33. ഖിന്നഭാവം ഇതകററി = ഈ ദുഃഖസ്ഥിതി നീക്കി. പ്രതിനിവൃത്തമാക്കുവാൻ = തിരിച്ചുകൊണ്ടുവരുവാൻ. സന്നഹിച്ചു = തുനിഞ്ഞു. സന്നധൈര്യ = ധൈര്യം പോയവൾ. തനിയെ = ആരോടുമല്ലാതെ സ്വയം. സരസ്സിൽ = പൊയ്കയിൽ. പുലമ്പിനാൾ = വായിൽ വന്നതു പറഞ്ഞു.

‘‘സ്വാമിയാം രവിയെ നോക്കി നില്ക്കുമെൻ
താമരേ, തരളവായുവേററു നീ
ആമയം തടവിടായ്ക, തൽകര–
സ്തോമമുണ്ടു തിരിയുന്ന ദിക്കിലും. 34

സന്തതം മിഹിരനാത്മശോഭയും
സ്വന്തമാം മധു കൊതിച്ച വണ്ടിനും
ചന്തമാർന്നരുളി നില്ക്കുമോമലേ,
ഹന്ത! ധന്യമിഹ നിൻെറ ജീവിതം.’’ 35

---

34. സ്വാമി = നായകൻ. രവി = സൂര്യൻ. തരളവായു = ചപലമായ കാററു്. ആമയം തടവിടായ്ക = ദുഃഖിക്കായ്ക. തൽ കരസ്തോമം = അവൻെറ രശ്മിയുടെ കൂട്ടം.

ഈ ശ്ലോകത്തിനു് മൂന്നു് അർത്ഥം ഉണ്ടു്. ഒന്നു് താമരയെ ഉദ്ദേശിച്ച ഉള്ളതുതന്നെ. സൂര്യനെ നോക്കിനിൽക്കുന്ന താമര തിരിയുന്ന ദിക്കിലെല്ലാം സൂര്യകരം ഉള്ളതുകൊണ്ടു് അതു് കാറേററു് അലയുന്നതിൽ ദുഃഖിക്കേണ്ടതില്ലെന്നു സാരം. ഇതു പ്രസ്തുതാർത്ഥമാണു്. ഇനി രണ്ടത്ഥം അപ്രസ്തുതമാണു്. താമരയ്ക്കുപകരം ഇതിൽ പറഞ്ഞിരിക്കുന്ന തപസ്വിനിയെ എടുക്കണം. അവരം സ്വാമിയാം രവിയെ = ഈശനെ നോക്കി നില്ക്കുന്നവളാണു് (ധ്യാനിക്കുന്നവളാണു്) അപ്പോരം തരളവായു = ചപലവികാരം ഏല്ക്കുന്നു. അതിൽ ദുഃഖിക്കേണ്ട. എവിടെ തിരിഞ്ഞാലും ഈശ്വരചൈതന്യമുണ്ടല്ലോ. ഇങ്ങനെ ഒരത്ഥം, ഇനി ഒരത്ഥം. സ്ത്രീ തൻെറ നായകനെ ഉദ്ദേശിച്ച തപസ്സു ചെയ്യുകയാണു്. അവരം ദുഷ്കാലം നിമിത്തം ദുഃഖിക്കേണ്ട; നായകൻെറ കൈ തിരിയുന്ന ദിക്കിലും ഉണ്ടു്. ഇതു നായകൻ അടുത്തുവന്നിട്ടുള്ളതിനെ സൂചിപ്പിക്കയാണു്. അലങ്കാരം അപ്രസ്തുതപ്രശംസ.

35. മിഹിരൻ = സൂര്യൻ. ആത്മശോഭ = തൻെറ കാന്തി. പൂക്കരം സൂര്യനു കാന്തിസമർപ്പിക്കുന്നതായുള്ള ഉല്ലേഖം. ഇംഗ്ലീഷുകവി

കോട്ടമററവിടെയെത്തി, യിന്ദ്രിയം
പാട്ടിലാക്കിയപഭീതിയാം യതി
കാട്ടിലിങ്ങനെ മനുഷ്യഗേയമാം
പാട്ടു കേട്ടു പരമാന്ദ കൗതുകം. 36

കളെ അനുകരിച്ചുള്ളതാണു്. മധു = തേൻ. അരുളി = കൊടുത്തു. ധന്യം = കൃതകൃത്യം. താമര സൂര്യനു കാന്തിയും വണ്ടിനു മധുവും കൊടുക്കുന്നു. അതുകൊണ്ടു താമരയുടെ ജീവിതം ധന്യമെന്നു നായിക എണ്ണുന്നു. തനിക്കു് അതുപോലെ തൻെറ ആത്മശോഭ ദൈവത്തിനു് അപ്പിച്ചും തന്നെ കൊതിച്ചുവരുന്ന ഒരാറംക്കു് തൻെറ ജീവിത സൗഭാഗ്യമധുവിനെ കൊടുത്തും ജീവിക്കുവാൻ സാധിക്കുന്നില്ലല്ലോ എന്നു നായിക വ്യസനിക്കുന്നു. അലങ്കാരം അപ്രസ്തുതപ്രശംസ.

36 കോട്ടമററു് = കുസലില്ലാതെയെന്നോ കുറവെന്യേയെന്നോ അത്ഥം എടുക്കാം. ആദ്യത്തെ അത്ഥത്തിൽ അവിടെയെത്തി എന്നതിന്റെ വിശേഷണമായും രണ്ടാമത്തെ അത്ഥത്തിൽ പാട്ടിലാക്കി എന്നതിൻെറ വിശേഷണമായും എടുക്കണം. അപഭീതി = ഭയമില്ലാത്തവൻ. മനുഷ്യഗേയം = മനുഷ്യർപാടേണ്ടതായ. കൗതുകം = അറിയാനുള്ള ഉത്സാഹം. വേറെ ആരെങ്കിലുമായിരുന്നു എങ്കിൽ കാട്ടിൽ ഈ മനുഷ്യഗേയമായ പാട്ടുകേട്ടാൽ ഭയപ്പെടുമായിരുന്നു. എന്നാൽ ഭയമില്ലാത്ത യോഗി നേരേമറിച്ചു കൗതുകപ്പെടുകയാണുണ്ടായതു്. നളിനി പുലമ്പിയതു് കവിക്കു പാട്ടാക്കി പറയാം. നളിനി പാടിയിരിക്കണമെന്നു് അതുകൊണ്ടു വരില്ല. എന്നാൽ ദിവാകരൻ പാട്ടായിത്തന്നെ അതു കേട്ടുവെന്നു പറഞ്ഞിരിക്കുന്നതു കൊണ്ടു നളിനി പുലമ്പിയതും പാട്ടിൽത്തന്നെ എന്നു പറയേണ്ടിയിരിക്കുന്നു. അതിനു സംഭവ്യത ഇല്ലാതില്ല.

വാക്കിലും പൊരുളിലും രസസ്രവം
വാർന്നുമാ മധുരശബ്ദമെത്തിടും
ലാക്കിലും ചെവി കൊടുത്തു കാട്ടിലും
നോക്കിനിന്നു ലയലീനനായവൻ. 37

'ഹാ! വിശിഷ്ടമൃദുഗാന, മിന്നി നീ
കൂവിടാർന്നു കുയിലേയനക്ഷരം'
ഏവമോതിയലയും മരങ്ങൾതൻ
പൂവെഴും തല തളിർത്ത ശാഖയും. 38

---

37 വാക്കിലും പൊരുളിലും=പദത്തിലും അർത്ഥത്തിലും. രസസ്രവം വാർന്നും=രസം ധാരാളം ഒഴുകുന്ന. എത്തിടും=വരുന്ന ലാക്കിലുംഎന്നതിന്റെ വിശേഷണം. ലാക്കിൽ=വഴികൾ. മധുരശബ്ദം എത്തുന്ന വഴിക്ക് ചെവിപാർത്തും കാട്ടിൽനോക്കിക്കൊണ്ടും അവൻ ലയലീനനായ് നിന്നു. ലയലീനനായി=(പാട്ടിന്റെ)ലയത്തിൽ ലയിച്ചവനായി.

38 ഹാ! വിശിഷ്ടമൃദുഗാനം=എന്തു വിശിഷ്ടവും മൃദുവുമായ പാട്ട്. ഇന്നി=ഇനി. അനക്ഷരം=അക്ഷരമില്ലാതെ (നാദമാത്രമായി) അപശബ്ദം എന്നു സാരം. നീ കൂവിടാർന്നു=കൂവാതിരിക്കുക. കുയിലിന്റെപാട്ടുപോലെ സുഖമുള്ളതും എന്നാൽ അർത്ഥമുള്ളതുകൊണ്ട് അതിനേക്കാൾ വിശിഷ്ടവുമെന്നു സാരം. മരങ്ങളുടെ അലയും(ഇളകുന്ന) തലയും ശാഖയും ഇപ്രകാരം പറഞ്ഞോ എന്നു തോന്നും എന്ന് ഉൽപ്രേക്ഷ. പാട്ടിനെ തലകുലുക്കിശരിവച്ചു എന്നും കുയിലിന്റെ പാട്ടിനെ കൈകൊണ്ടു നിഷേധിച്ചു എന്നും വ്യംഗ്യം.

കാണി നിന്നവിടെയിത്ഥമാസ്ഥയാൽ
കാണുവാനുഴറി, കണ്ഠരീതിയാൽ
പ്രാണസൗഖ്യമരുളും സജീവയാം
വീണതന്നെ ലയവേദിയാം യതി. 39

'വന്യഭൂമിയിൽ വഹിച്ചു പൂമണം
ധന്യനായഹഹ! വന്നണഞ്ഞു നീ
തെന്നലേ, തഴുവുകിന്നു ശങ്കവേ-
ണ്ടെന്നെ; ഞാൻ മലിനമേനിയല്ലെടോ.' 40

---

39. കാണി=സ്വല്പസമയം. ഇത്ഥം=ഇങ്ങനെ നിന്നു എന്നതിന്റെ വിശേഷണം. ആസ്ഥയാൽ=താല്പര്യം കൊണ്ട്. കാണുവാൻ ഉഴറി=കാണുവാൻ ധൃതി കാണിച്ചു. യതി ഉഴറി എന്നതിന്റെ കർത്താവ്. കണ്ഠരീതിയാൽ = സ്വരരീതി കൊണ്ട്. പ്രാണസൗഖ്യം അരുളും=ജീവസൗഖ്യം കൊടുക്കുന്ന. സജീവയാം വീണതന്നെ=ജീവനുള്ള വീണയെ. വീണയുടെ സ്വരമുള്ള ആ ആളെത്തന്നെ എന്നു സാരം. അലങ്കാരം രൂപകവും വ്യതിരേകവും.

40. വന്യഭൂമി=കാട്ടുപ്രദേശം. മലിനമേനി=മലിനമായ മേനിയുള്ളവൾ. കാട്ടുപ്രദേശത്തുനിന്നു പൂമണം വഹിച്ചു ധന്യനായിത്തീൎന്നിട്ടുള്ള കാറ്റേ, എന്നെ (നായികയെ) ശങ്കകൂടാതെ തഴുവുക; വന്യഭൂവിൽ തപസ്സു സമ്പാദിച്ച് കൃതകൃത്യനായിത്തീൎന്നിട്ടുള്ള നായകൻ വന്നു ശങ്കകൂടാതെ തഴുവണമെന്നു വ്യംഗ്യം. അലങ്കാരം കാവ്യലിംഗം.

കഞ്ജലീനഖഗരാഗമെന്നപോൽ
മഞ്ജുഗാനമതു വീണ്ടുമീവിധം
വ്യഞ്ജിതാശയമടുത്തു കേട്ടവൻ
കഞ്ജിനീതടമണഞ്ഞു നോക്കിനാൻ. 41

ചാഞ്ഞലഞ്ഞ ചെറുദേവതാരുവി-
ന്നാഞ്ഞശാഖകളടിക്കു, ചിന്തയാൽ
കാഞ്ഞു, കാണ്മതു മനോരഥങ്ങളാൽ
മാഞ്ഞു തൻനിലമറന്നു നിന്നവരം. 42

'ഹാ! കൃശാ തരുതലത്തിലിന്ദുവി-
ന്നേകരശ്മിയതുപോലെയാരിവരം?
മാഴ്കിടുന്നു, ദയതോന്നും' എന്നലി-
ഞ്ഞേകയാമവളെ നോക്കിനാൻ യമി. 43

---

41. കഞ്ജലീനഖഗരാഗം = വള്ളിക്കെട്ടിൽ മറഞ്ഞിരിക്കുന്ന പക്ഷിയുടെ പാട്ടു്. മഞ്ജുഗാനം = മനോഹരമായ പാട്ടു്. വ്യഞ്ജിതാശയം = വ്യഞ്ജിതമായ (ധ്വനിപ്പിക്കപ്പെട്ട) ആശയത്തോടുകൂടി, അഭിപ്രായം ദ്യോതിപ്പിച്ചുകൊണ്ടു്. കഞ്ജിനീ തടം = താമരപ്പൊയ്കയുടെ കര. അലങ്കാരം ഉപമ.

42. ആഞ്ഞ = നീണ്ട. ശാഖകളടിക്കു് = ശാഖകളുടെ അടിയിൽ. ചിന്തയാൽ കാഞ്ഞു = വിചാരംകൊണ്ടു ചൂടുപിടിച്ചു. കാണ്മതു മനോരഥങ്ങളാൽ മാഞ്ഞു = കാണുന്നതു മനോരാജ്യങ്ങരം നിമിത്തം ദൃഷ്ടിയിൽപതിയാതെ. അലങ്കാരം സ്വഭാവോക്തി.

43. കൃശാ = ചെറുപെണ്ണു്. തരുതലം = വൃക്ഷച്ചുവടു്. ഇന്ദു = ചന്ദ്രൻ. ഏകരശ്മി = ഒററക്കിരണം. മാഴ്കിടുന്നു = ദുഃഖി

അപ്പോഴാശു തനിയേ വിടൎന്നവൾ-
ക്കുല്പലങ്ങളൊടിടഞ്ഞ കണ്ണുകൾ,
ഉൾപ്രമോദമഥ വേലിയേററമാ-
ൎന്നുതാങ്ഗിയുടെ ചന്ദ്രനോ യതി? 44

ക്കുന്നു. എന്നാലിഞ്ഞു = എന്നു വിചാരിച്ചു. ഭയയോടുകൂടി എന്നു എന്നതിന്റെശേഷം വിചാരിച്ചു എന്നു് എടുത്തുകൊള്ളണം. സംസ്കൃതത്തെ അനുകരിച്ചു് ഈവിധം ആശാൻ വേറെയും സ്ഥലങ്ങളിൽ പ്രയോഗിച്ചിട്ടുണ്ടു്. ഏക = ഏകാകിനി. യമി = മനോനിഗ്രഹമുള്ളവൻ. ആ ഏകാന്തത്തിൽ അത്ര സുന്ദരിയായ അവളെ ഒററയ്ക്കു കണ്ടിട്ടും ഇളക്കമുണ്ടായില്ല എന്നു കാണിക്കാനാണു് "യമി" ശബ്ദം പ്രയോഗിച്ചതു്. അലങ്കാരം ഉപമ.

44. ആശു = വേഗം. അവൾക്കു് ഉല്പലങ്ങളൊടിടഞ്ഞ = കരിംകൂവളപ്പൂക്കൾപോലെയുള്ള കണ്ണുകൾ. തനിയേ വിടൎന്നു = താനേവിടൎന്നു. അവൾ അറിയാതെതന്നെ വിടൎന്നു എന്നു സാരം. ഉൾപ്രമോദം = അകത്തെ സന്തോഷം. ഉള്ളിലെ സന്തോഷമെന്നു പറയുന്നതു സന്തോഷത്തിന്റെ ഹാൎദ്ദതയെ കാണിക്കാനാണു്. അഥ ഉൾപ്രമോദം = പിന്നെ ഉൾപ്രമോദമാകട്ടെ. വേലിയേററമാൎന്നു = വേലിയേററം കൊണ്ടു്— വളരെ വൎദ്ധിച്ചു അഥ എന്നതു് ഉത്തരകാലത്തെയല്ല കുറിക്കുന്നതു്. കണ്ണു വിടൎന്നതിന്റെ ശേഷമല്ലല്ലോ സന്തോഷമുണ്ടായതു്. കരിങ്കൂവളപ്പൂവു് രാത്രിയാണു് വിടരുന്നതു്. അതുകൊണ്ടു് രാത്രിയുടെ നാഥനായി സങ്കല്പിച്ചിട്ടുള്ള ചന്ദ്രൻ കരിങ്കൂവളങ്ങളുടെ ബാന്ധവനാണെന്നു കവിസങ്കേതം. ചന്ദ്രനാണു വേലിയേററത്തിനു കാരണം. നായകനെ കണ്ടപ്പോൾ നായികയുടെ കരിങ്കൂവളപ്പൂപോലുള്ള കണ്ണുകൾ താനേ വിടൎന്നുകൊണ്ടും ഉൾപ്രമോദം വേലിയേററം കൊണ്ട

ദ്ദൂരെനിന്ന യമിതന്നെയാശു ക-
ണ്ടാരതെന്നുമുടനേയറിഞ്ഞവൾ;
പാരമിഷ്ടജനരൂപമോരുവാൻ
നാരിമാർക്കു നയനം സുസൂക്ഷ്മമാം. 45

ഞെട്ടിയൊന്നഥ കുഴഞ്ഞിനിന്നു പി-
ന്നൊട്ടുസംഭ്രമമിയന്നു പറഞ്ഞവൾ
തിട്ടമായ് യതിയെ നോക്കി, യാഴിയേ
മുട്ടിനിന്നണമുറിഞ്ഞ വാരിപോൽ. 46

‘അൻപിനിന്നു ഭഗവൻ, ഭവല്പദം
കുമ്പിടുന്നഗതിയായ ദാസി ഞാൻ’
വെമ്പിയേവമവളോതി, യോഗിതൻ-
മുൻപിൽ വീണു മൃദുഹേമയഷ്ടിപോൽ. 47

ത്തുകൊണ്ടും യതി നായികയുടെ ചന്ദ്രനാണോ എന്നു ഉൽപ്രേക്ഷിച്ചിരിക്കുന്നു. അത്ഭുതാംഗി = അത്ഭുതസുന്ദരി.

45. പാരം = ഏററവും. ഓരുവാൻ = അറിയുവാൻ. സുസൂക്ഷ്മം = സൂക്ഷ്മതയേറിയതു്. പാരം എന്ന ഇഷ്ടശബ്ദത്തിനോടോ ഓരുവാൻ എന്നതിനോടോ സുസൂക്ഷ്മമാം എന്നതിനോടോ അന്വയിക്കണം. അർത്ഥാന്തരന്യാസം.

46. അവൾ അല്പം ഞെട്ടി കുറെ കുഴഞ്ഞി. പിന്നെ സംഭ്രമത്തോടു കൂടി പറഞ്ഞു. തിട്ടമായ് യതിയെനോക്കി പറഞ്ഞു എന്നന്വയിക്കണം. തിട്ടമായ് യതിയെ = യതിയെത്തന്നെ. ആഴി = സമുദ്രം. അണ = കെട്ട്. വാരി = വെള്ളം. അലങ്കാരം ഉപമ.

47. ഭഗവൻ = ഭഗവാനെ, മഹാനുഭാവ എന്നു സാരം. അമ്പിനിന്നു് = അമ്പിനു് (ഭയസ്ഥായി) ഇന്നു് എന്നു പദച്ഛേദം.

ഒററയായയിടകുരുങ്ങി വാച്ച തൻ-
കററവാർകുഴലു തല്പദങ്ങളിൽ
ഉററരാഗമൊടടിഞ്ഞു കാങ്കയാൽ
മുററുമോത്തു കൃതകൃത്യയെന്നവാം. 48

ഉന്നിനിന്നു ചെറുതുാംക്കരുന്നിനാൽ
ധന്യയെപ്പുനരനുഗ്രഹിച്ചുടൻ,
പിന്നിലാഞ്ഞവളെ ഹസ്തസംജ്ഞയാ-
ലുന്നമിപ്പതിനുമോതിനാൻ യമി. 49

അഗതി =അശരണ. വെമ്പി =വെമ്പിക്കൊണ്ടു്. (യോഗിയുടെ മഹത്ത്വവും മററും ഓത്തിട്ടാണു വെമ്പിയതു.) ഹേമയഷ്ടി = പൊൻവടി. മൃദുഹേമയഷ്ടിപോലെ എന്ന ഉപമ അവളുടെ ദേഹകാന്തിയേയും നമസ്കാരത്തിലുള്ള നിശ്ചേഷ്ടതയേയും കുറിക്കുന്നു.

48. ഒററയായയിടകുരുങ്ങിവാച്ച =തമ്മിൽ പിണഞ്ഞു് ഒന്നായിത്തീന്ന. സ്ത്രീകാം വിരഹത്തിൽ മുടിയെ ശ്രദ്ധിക്കാതെ അതു് ഇങ്ങനെയാകുമെന്നു് സംസ്കൃതകവികുക്കു് ഒരു സങ്കേതമുണ്ടു്. കററവാർകുഴലു് =ഞെരുങ്ങിനീണ്ട തലമുടി. വാർ എന്നതിനു് നീണ്ട, ഭംഗിയുള്ള എന്നെല്ലാം അർത്ഥമുണ്ടു്. തല്പദങ്ങളിൽ =അദ്ദേഹത്തിൻെറ കാലുകളിൽ. ഉററ =ശരിയായ. കൃതകൃത്യ =ചെയ്യേണ്ടതു ചെയ്തവാം. തൻെറ വിരഹജീവിതത്തിൻെറ മതിയായ ലക്ഷ്യമായ മുടി ഇങ്ങനെ അദ്ദേഹത്തിൻെറ കാൽക്കൽ അടിഞ്ഞതോടുകൂടി താൻ അറിയിക്കേണ്ടതു് അറിയിച്ചു എന്നു സാരം.

48. ചെറുതു ഉന്നിനിന്നു =കുറെ വിചാരിച്ചു നിന്നു. ഉാംക്കരുന്നിനാൽ = ആർദ്രചിത്തതയോടുകൂടി. ധന്യയെ = മുൻശ്ലോക

സ്പഷ്ടമാജ്ഞയതിനാലെ പൊങ്ങിയും
നഷ്ടചേഷ്ടതകലൻ തങ്ങിയും
കഷ്ടമായവിടെനിന്നെണീററുതേ
ദൃഷ്ടയത്ന ദയനീയയായവൾ. 50

മാറിൽനിന്നുടനിഴിഞ്ഞ വല്ക്കലം
പേറിയാശു പദരേണുതൊട്ടവൾ
കൂറൊട്ടും തലയിൽവച്ചു, സാദരം
മാറിനിന്നു യമിതന്നെ നോക്കിനാൾ 51

ത്തിൽ പറഞ്ഞ വിധത്തിലുള്ള ഭാഗ്യവതിയെ. അനുഗ്രഹിച്ചു=അനുഗ്രഹിച്ചിട്ടു്. ഉടനെ പിന്നിലാഞ്ഞു = പിന്നോട്ടു മാറിക്കൊണ്ടു്. അവളെ ഉന്നമിപ്പതിനു് = അവളെ എണീക്കന്നതിനായിട്ടു്. ഹസ്തസംജ്ഞയാൽ= കയ്യുടെ ആംഗ്യം കൊണ്ടു്. യമി ഓതിനാൻ=യമി പറഞ്ഞു. എണീക്കുക എന്നു് ആംഗ്യം കാണിച്ചു എന്നു സാരം.

50. (യോഗിയുടെ) സ്പഷ്ടം ആജ്ഞയതിനാൽ=സ്പഷ്ടമായ കല്പന കൊണ്ടു പൊങ്ങിയും. നഷ്ടചേഷ്ടതകലൻ = ചേഷ്ടാ ശക്തിയില്ലായ്മകൊണ്ടു്. തങ്ങിയും=ഇടയ്ക്കു പൊങ്ങാൻ പാടില്ലാതെയും. (സ്തംഭിച്ചു എന്നു സാരം.) കഷ്ടമായ്=കഷ്ടസ്ഥിതിയിൽ. ദൃഷ്ടയത്ന = ദൃഷ്ടമായ യത്നത്തോടുകൂടിയവൾ. (പണിപ്പെട്ടു യത്നിക്കുന്നു എന്നു മററുള്ളവൎക്കു് കാണാവുന്ന വിധത്തിലുള്ളവൾ) ആയിട്ടു്. (അതുകൊണ്ടുതന്നെ.) ദയനീയയായി=അനുകമ്പനീയയായി അവൾ എണീററു.

51. എണീററപ്പോൾ അവൾ എന്തുചെയ്തുവെന്നു് അതിമനോഹരമായ ഒരു സ്വഭാവോക്തികൊണ്ടു വൎണ്ണിക്കുന്നു. വല്ക്കലം = മരവുരി. പേറി = പിടിച്ചു. പദരേണു=കാലിലെ പൊടി.

'എന്തുവാനഭിമതൻ കഥിക്കുമോ?
എന്തുവാൻ കരുതുമോ മഹാനിവൻ?'
ചിന്തയേവമവളാന്നു; തുഷ്ടിയാൽ
ഹന്ത! ചെയ്തു യമി മൗനഭേദനം. 52

'മംഗലം ഭഗിനി, നിൻെറ ഭക്തിയാൽ
തുംഗമോദമിയലുന്നു ഞാൻ ശുഭേ,
എങ്ങുചൊല്ലിവിടെയാരൊടാരു നീ-
യെങ്ങുനിന്നു മുനിപുത്രദർശനേ?' 53

എന്നുരച്ചു പുനരുത്തരോൽകനായ്
നിന്നുതേ സ്വയമസംഗനാകിലും,
സ്യന്ദമാനവനദാരു വാരിമേൽ
മന്ദമാച്ചുഴിയിലാഞ്ഞപോലവൻ. 54

---

52. അഭിമതൻ=സമ്മതൻ. തൻെറ പ്രിയൻ എന്തു പറയുമെന്നും മഹാനായതുകൊണ്ട് അദ്ദേഹം തൻെറ ഈ പ്രവൃത്തിയിൽ എന്തു കരുതുമെന്നും അവൾക്കു വിചാരമായി. തുഷ്ടി=സന്തോഷം. മൗനഭേദം ചെയ്തു=സംസാരിച്ചു.

53. മംഗലം ഭഗിനി = സഹോദരി, നിങ്ങൾക്കു നല്ലതുവരട്ടെ, യോഗി അവളെ ഒരു സഹോദരിയെപ്പോലെ കാണുന്നു എന്നു 'ഭഗിനി', 'ശുഭേ' ഈ പദങ്ങൾ കുറിക്കുന്നു. തുംഗമോദം ഇയലുന്നു ഞാൻ = എനിക്കു വലിയ സന്തോഷമായിരിക്കുന്നു. മുനിപുത്രദർശനേ = കാഴ്ചയിൽ താപസ സന്താനത്തെപ്പോലെയുള്ളവളേ.

54. അവൻ സ്വയം അസംഗനാകിലും = സ്വതേ നിസ്സംഗനാകിലും. സ്യന്ദമാനം=ഒഴുകിവരുന്ന. വനദാരു=കാട്ടുതടി. വാരിമേൽ = വെള്ളത്തിന്മേൽ. ആ ചുഴിയിൽ = വെള്ളത്തിൽ ഉള്ളതായി പ്രസിദ്ധിയുള്ള ചുഴിയിൽ. മന്ദം ആഞ്ഞ

‘മുന്നിലെൻ നിയതിയാലണഞ്ഞുമി-
ന്നെന്നെയെൻപ്രിയനറിഞ്ഞതില്ലിവൻ;
സന്നവാസനനഹോ മറന്നു താൻ
മുന്നമുള്ളതഖിലം മഹാശയൻ’ 55

ഏവമോർത്തുമഥ വീർത്തുമാർന്നിടും
ഭാവചാപലമടക്കിയും ജപം
പാവനാംഗി പരിശങ്കമാനയായ്
സാവധാനമവനോടു ചൊല്ലിനാൾ:- 56

പോൽ = പതുക്കെച്ചെന്നു പററിയതുപോൽ. അവൻ ഉത്തരോൽകനായ് = ഉത്തരം കേൾക്കുവാൻ ആഗ്രഹമുള്ളവനായി. നിന്നുതേ = നിന്നുപോയി. യോഗിക്കു് ഉത്തരം കേൾക്കുവാനുള്ള ആഗ്രഹം അനിവാര്യമായി ഉണ്ടായി. അദ്ദേഹം നിൽക്കാൻ നിർബന്ധിതനായിപ്പോയി എന്നു സാരം. അലങ്കാരം ഉപമ.

55. എൻ നിയതിയാൽ = എന്റെ ഭാഗ്യത്താൽ, വിധിവശാൽ. മുന്നിൽ അണഞ്ഞും = മുന്നിൽ വന്നിട്ടും എൻപ്രിയനവൻ എന്നെ അറിഞ്ഞതില്ല. സന്നവാസനൻ = വാസനയററവൻ. വാസനകൾ അററ മഹാശയനായതുകൊണ്ടു് അദ്ദേഹം മുമ്പുള്ള സംഗതികളെല്ലാംമറന്നുപോയിരിക്കണം എന്നു് അവൾ ഊഹിക്കുന്നു. അഹോ എന്നതിലെ അത്ഭുതം കേവലം യോഗി മുമ്പുള്ള സംഗതികളെല്ലാം മറന്നതിനെ ഉദ്ദേശിച്ചു മാത്രമുള്ളതല്ല. അങ്ങനെ മറക്കത്തക്കവണ്ണം അത്രയ്ക്കു വാസനകൾ അററ മഹാശയനായ അദ്ദേഹത്തോടുള്ള ആദരാതിശയത്തെ കുറിക്കുന്നതുമാണു്.

56. ഏവം ഓർത്തു = ഇങ്ങനെ വിചാരിച്ചു. അഥ വീർത്തും = നെടുവീർപ്പിട്ടും. ആർന്നിടും ഭാവചാപലം ജവം അടക്കിയും = ഉണ്ടാ

"കഷ്ടകാലമഖിലംകഴിഞ്ഞു ഹാ
ദിഷ്ടമീവടിവിയന്നുവന്നപോൽ
ദൃഷ്ടനായിഹ ഭവാൻ; ഭവാനു പ-
ണ്ടിഷ്ടയാം 'നളിനി' ഞാൻ മഹാമതേ. 57

പ്രാണനോടുമൊരുനാൾ ഭവല്പദം
കാണുവാൻ ചിരമഹോ കൊതിച്ച ഞാൻ
കേണുവാണിവിടെ, യേകമത്ഥിയാം
പ്രാണിതൻപ്രിയമൊരിക്കലീശ്വരൻ. 58

കുന്ന അനുരാഗചാപല്യത്തെ വേഗം അടക്കിയും. പരിശങ്കമാനമായ് =വളരെ ശങ്കയോടുകൂടി (താൻ പറയുന്നതിനെ യോഗി എങ്ങിനെ എടുക്കുമെന്നു് തീർച്ചയില്ല. അതുകൊണ്ടു ഭയത്തോടുകൂടി പാവനാംഗിയായ അവൾ അവനോടു് സാവധാനം പറഞ്ഞു.)

57. ദിഷ്ടം = ഭാഗ്യം. ഈ വടിവിയന്നുവന്നപോൽ =ഈ ആകൃതിയെടുത്തുവന്നതുപോലെ. ഭവാൻ ദൃഷ്ടനായി = ഭവാനെ കാണാറായി. എന്റെ ഭാഗ്യം ഒരു ശരീരം എടുത്തതുപോലെയാണു് അങ്ങയെ ഞാൻ കാണുന്നതു്. അങ്ങാണു് എന്റെ ഭാഗ്യം എന്നു സാരം.

58. പ്രാണനോടും = പ്രാണനോടുകൂടി. അതായതു് ജീവിച്ചിരിക്കെ ഞാൻ കാണുവാൻ കൊതിച്ചു് ഇവിടെ കേണുവാണു എന്നു് അന്വയം. തന്റെ പ്രാത്ഥനയുടെ ഫലമായി ഇതു് ഈശ്വരൻ സാധിച്ചുതന്നതാണെന്നു് ഉത്തരാദ്ധത്തിലെ അത്ഥാന്തരന്യാസത്തിന്റെ സാരം.

സന്ന്യസിച്ചളവുമാസ്ഥയാൽ ഭവാൻ
തന്നെയോർത്തിഹ തപസ്സിൽ വാണ ഞാൻ
ധന്യയായ് സപദി കാണ്കമൂലമ-
ങ്ങെന്നെയോർക്കുകിലുമോർത്തിടാസ്സിലും." 59

ഏവമോതിയിടരാർന്നു കണ്ണുനീർ
തൂവിനാൾ മൊഴികുഴങ്ങി നിന്നവൾ;
ഭാവശാലികൾ പിരിഞ്ഞു കൂടിയാ-
ലീവിധം വികലമാം സുഖോദയം. 60

ധീരനായ യതി നോക്കി തന്വിതൻ
ഭൂരിബാഷ്പപരിപാടലം മുഖം;
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാന്ന പനിനീർസുമോപമം. 61

---

59. സന്ന്യസിച്ചളവും = അങ്ങു സന്ന്യസിച്ചപ്പോഴും. ആസ്ഥയാൽ = സ്ഥായിമൂലം.

60. ഇടരാർന്നു = ദുഃഖിച്ചു. മൊഴി കുഴങ്ങി (വാക്കുവരാൻ വിഷമപ്പെട്ടുകൊണ്ടു) നിന്നു കണ്ണുനീർ തൂവിനാൾ (ചൊരിഞ്ഞു) എന്നന്വയം. ഭാവശാലികൾ = സ്നേഹമുള്ളവർ. പിരിഞ്ഞു കൂടിയാൽ = പിരിഞ്ഞു പോയിട്ടു പിന്നെ തമ്മിൽ കണ്ടാൽ. സുഖോദയം = സുഖത്തിൻെറ വരവ്. വികലമാം = വല്ലാതെയിരിക്കും. അർത്ഥാന്തരന്യാസം.

61. ഭൂരിബാഷ്പപരിപാടലം = ഭൂരിബാഷ്പംകൊണ്ടു് ആകെ ചുവപ്പായതു്, (കണ്ണുനീർ വളരെ ഒഴുകി എല്ലാടവും ചുവന്നതു്

ആരതെന്നുടനറിഞ്ഞു കൗതുകം
പാരമാൎന്നു കരുതിപ്പുരാഗതം,
ചാരുശൈശവകഥശ്ശുതന്നെ ചേ-
ൎന്നോരു വാക്കരുളിനാൻ കനിഞ്ഞവൻ. 62

''പാരവും പരിചയം കലൎന്നെഴും
പേരുമീ മധുരമായ കണ്ഠവും
സാരമായ് സ്മൃതിയിൽ നീയുമിപ്പൊഴും നിൻ
ദൂരമാം ഭവനവും വരുന്നയേ! 63

എന്നു സാരം.) പൂരിതാഭയോടു = പൂൎണ്ണശോഭയോടുകൂടി. ഉഷസ്സിൽ = പ്രഭാതത്തിൽ. മഞ്ഞുതൻധാര ആൎന്ന = മഞ്ഞിൻെറ ധാരയുള്ള. പനിനീൎസുമോപമം = പനിനീൎപ്പൂവുപോലെയിരിക്കുന്ന, മുഖം എന്നതിൻെറ വിശേഷണം. പനിനീൎസുമോപമം എന്ന സമസ്തപദത്തിലെ പനിനീൎസുമം എന്നതിനെ മാത്രം വിശേഷിപ്പിക്കുന്നതാണു്.

62. പുരാഗതംകരുതി = പണ്ടു കഴിഞ്ഞതു വിചാരിച്ചു. കൗതുകം പാരമാൎന്നു = വളരെ കൗതുകപ്പെട്ടു. ചാരുശൈശവകഥശ്ശു = മനോഹരമായ കുട്ടിക്കാലത്തെ കഥശ്ശുതന്നെ. ചേൎന്ന = യോജിച്ച. വാക്കു് അവൻ കനിഞ്ഞു് അരുളി.

63. പാരവും = ഏററവും. കലൎന്നെഴും = കലൎന്നിട്ടുള്ള. കണ്ഠം = ഇതിനു് ഇവിടെ ശബ്ദം എന്നൎത്ഥം. സ്മൃതി = ഓൎമ്മ. ഭവനം = വീടു്. സ്മൃതിയിൽവരുന്നു = ഓൎക്കുന്നു എന്നു സാരം.

കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോ-
ത്തിങ്ങൽ വേണ്ട സഖി, കേണിടേണ്ട കേ൦,
പണ്ടുനിന്നെയൊരിളംകുരുന്നതായ്
കണ്ടു ഞാൻ, സപദി വല്ലിയായി നീ. 64

എന്നിൽനിന്നണുവുമേല്ക്കിലപ്രിയം
നിന്നു കേഴുമയി! കണ്ടിട്ടുന്നതേ
നിന്നിലീ പ്രണയചാപലത്തെ ഞാ-
നന്നുമിന്നുമൊരുപോലെ വത്സലേ. 65

---

64. സ്വയംഅറിഞ്ഞിടാത്തതു = പറയാതെതന്നെ അറിയാത്തതു്. സഖി = സ്നേഹിതേ. ശൈശവകാലത്തെ കഥയ്ക്കു യോജിച്ചതാണു് ഈ സംബോധന. ഇളംകുരുന്നു് വല്ലിയായാൽ അറിയാത്തമാതിരി മാററംവരും. അതുപോലെയാണു് നളിനിയിൽ വന്നിട്ടുള്ള മാററം. അതുകൊണ്ടാണു് യോഗികൾ തൻെറ ബാല്യകാലത്തിലെ ഇഷ്ടയെ കണ്ടപ്പോൾ ഓർമ്മവരാത്തതു് എന്നു് അദ്ദേഹം സമാധാനം പറയുന്നു. ഈ മാററം സ്ത്രീകൾക്ക സഹജമാണു്. പുരുഷന്മാരുടെ ബാല്യവും യൗവനവും തമ്മിൽ ഈമാതിരി വ്യത്യാസമില്ല. എന്നാൽ അതുകൊണ്ടല്ല, നളിനി യോഗിയെ കണ്ടപ്പോൾ ഉടനെ ഓർമ്മിച്ചതു്. ഇഷ്ടജനരൂപമോരുവാൻ നാരിമാർക്ക നയനം സുസൂക്ഷ്മമായതാണു് അതിനു കാരണമായി കവി പറയുന്നതു്. അലങ്കാരം കാവ്യലിംഗം.

65. സ്പഷ്ടം.

പോയതൊക്കെയഥവാ നമുക്കയേ,
പ്രായവും സപദി മാറി കാൎയ്യവും,
ആയതത്വമറിവിന്നുമാൎന്നു,—പോ–
ട്ടായതെന്തിവിടെ വാണിടുന്നു നീ? 66

ഓതുകിന്നതഥവാ വൃഥാ ശുഭേ
ഹേതു കേൾക്കവതൊരൎത്ഥമേതിനോ
നീ തുനിഞ്ഞു—നിജകൎമ്മനീതരാ–
യേതുമാൎഗ്ഗമിയലാ ശരീരികൾ. 67

---

66. ആയതത്വം അറിവിന്ന ആൎന്നു = അറിവും വൎദ്ധിച്ചു. പോട്ടായതു = പോട്ടെ. ആയതു എന്ന പദച്ഛേദം, പോട്ടു് എന്നതു പോട്ടെ എന്നതിൻെറ സംഭാഷണരൂപമാണു്. എന്തു = എന്തുകൊണ്ടു്. യോഗി നളിനിയെ കണ്ടയുടനെ അറിയാഞ്ഞതിനു് അദ്ദേഹം പറഞ്ഞ കാരണം മാത്രമല്ല ഉള്ളതു്. നളിനി യോഗിയെ അറിഞ്ഞതിനു് കവി പറയുന്ന കാരണം മാത്രവുമല്ല ഉള്ളതു്. നളിനി യോഗിയെ കാണാൻ കൊതിച്ചുതന്നെ വാഴകയായിരുന്നു. യോഗിയാകട്ടെ പ്രായം മാറിയതോടുകൂടി കാൎയ്യവും മാറി തൻെറ ഇഷ്ടയുടെ കാൎയ്യം തന്നെ അദ്ദേഹം മറന്നു.

67. ഓതുകിന്നതു = ഇന്നു് അതു് ഓതുക. അഥവാ = പക്ഷേ, ഹേതു കേൾക്കവതു വൃഥാ (വെറുതെ). അൎത്ഥമേതിനോ നീ തുനിഞ്ഞു = ഏതോ കാൎയ്യത്തിനു് നീ തുനിഞ്ഞു. നിജകൎമ്മനീതരായ് = അവരവരുടെ കൎമ്മങ്ങളാൽ നയിക്കപ്പെട്ടിട്ടു്. ശരീരികൾ = ആത്മാക്കൾ, ശരീരമുള്ളവർ. ജന്മമെടുത്തവർ ഏതു മാൎഗ്ഗം ഇയലാ = ഏതു വഴിയാണെടുക്കാത്തതു്. ഏതു വഴിയും എടുക്കുമെന്നു സാരം. അലങ്കാരം അൎത്ഥാന്തരന്യാസം.

പിന്നെയൊന്നൊരുപകാരമേതിനോ-
യെന്നെയോർത്തു സഖി, ഏതതോതുക,
അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ, വിവേകികൾ.'' 68

മാലു ചെററുടനകന്നുമുള്ളിലെ-
ന്നാലുമാശ തടവാതെ വാടിയും,
ആലപിച്ച യതിതന്നെ നോക്കിനാൾ
ലോലകണ്ഠമതിലോലലോചന. 69

---

68. പിന്നെയൊന്നു = പിന്നെ ഒരു കാര്യം ചോദിക്കാനുണ്ട്. ഒരു പകാരമേതിനോ = എന്തോ ഒരുപകാരത്തിനു് എന്നെ ഓർത്തു്, അതു് ഏതാണു്. നളിനി അദ്ദേഹത്തെ ഓർത്ത കാരണം അവൾ പറഞ്ഞുകഴിഞ്ഞു. അതു് അദ്ദേഹത്തിനു മനസ്സിലായിട്ടില്ലാത്തതുപോലെയാണു് അദ്ദേഹം ഈ ചോദ്യം ചോദിക്കുന്നതു്. അന്യജീവനുതകി = അന്യജീവനുപകരിച്ചു. അർത്ഥാന്തരന്യാസം.

69. മാലു് = ദുഃഖം. ചെററു് =കുറെ, അകന്നും എന്നാലും ഉള്ളിൽ ആശ തടവാതെ = ആശയ്ക്കു വഴിയില്ലാതെ. വാടിയും = ക്ഷീണിച്ചും യതിതന്നെ നോക്കിനാൾ. ആലപിച്ച = മേൽപ്രകാരം പറഞ്ഞ. ഇതു യതി എന്നതിൻെറ വിശേഷണം. ലോലകണ്ഠം = തൊണ്ടയിടറിക്കൊണ്ടു്. നോക്കിനാൾ എന്നതിൻെറ വിശേഷണം. അതിലോലലോചന = ഏററവും ഇളകുന്ന കണ്ണുകളോടുകൂടിയവൾ. നോക്കിനാൾ എന്നതിൻെറ കർത്താവു്. ഇതു് അവളുടെ കണ്ണുകളുടെ ഭംഗിയേയും പ്രത്യേകിച്ചു് അവയുടെ അപ്പോഴത്തെ സ്ഥിതിയേയും കാണിക്കുന്നു.

നവ്യമാം പരിധിയാർന്നനുക്ഷണം
ദിവ്യദീപ്തി ചിതറീടുമാ മുഖം,
ഭവ്യശീലയവൾ കണ്ടു, കുണ്ഠയാ-
യവ്യവസ്ഥിതരസം കുഴങ്ങിനാൾ. 70

പാരമാശ്രു വിളറിക്കറുത്തുടൻ
ഭൂരിചോന്നുമഥ മഞ്ഞളിച്ചുമേ
നാരിതൻ കവിൾ നിറം കലർന്നു, ഹാ,
സൂരരശ്മി തടവും പളുങ്കുപോൽ. 71

തെല്ലുനിന്നരുണകാന്തിയിൽ കല-
ർന്നുല്ലസിച്ച ഹിമശീകരോപമം,
മെല്ലെയാർന്നു മൃദുഹാസമശ്രുവും
ചൊല്ലിനാൾ മൊഴികൾ ചാരുവാണിയാൾ:- 72

---

70. നവ്യം=പുതിയതു്. പരിധി = പ്രഭാചക്രം. അനുക്ഷണം = നിമിഷംതോറും. ദിവ്യദീപ്തി = അലൗകികകാന്തി. ഭവ്യശീല=മംഗളശീല. കുണ്ഠയായ്=വ്യാകുലയായ്. അവ്യവസ്ഥിതരസം=ഇന്ന മനോഭാവത്തിലെന്നു പറയാൻ പാടില്ലാത്ത തരത്തിൽ.

71. ഭൂരി=അധികം (വളരെ.) 70-ാം ശ്ലോകത്തിൽ അവ്യവസ്ഥിതരസം കുഴങ്ങി എന്നു പറഞ്ഞ നായികയുടെ വികാരമാററങ്ങളുടെ പ്രതിഫലനമാണു് കവിളിൽ ഉണ്ടായതു്. അലങ്കാരം ഉപമ.

72. തെല്ലുനിന്ന അരുണകാന്തി=ബാലാർക്കരശ്മി. ഹിമശീകരോപമം=മഞ്ഞിൻതുള്ളിപോലെയുള്ള. മൃദുഹാസവും=മന്ദ

"ആൎയ്യ! മുൻപരിചയങ്ങൾ നല്കീട്ടും
ധൈൎയ്യമാൎന്നു പറയുന്ന മദ്ഗതം,
കാൎയ്യമിന്നതയി: കേൾക്കുമോ കനി-
ഞ്ഞാൎയ്യമാകിലുമനാൎയ്യമാകിലും? 73

പാരമുള്ളിലഴലായി, ജീവിതം
ഭാരമായി, പറയാതൊഴിക്കുകിൽ
തീരുകില്ല, ധരയിൽ ഭവാനൊഴി-
ഞ്ഞാരുമില്ലതുമിവൾക്കു കേൾക്കുവാൻ. 74

സ്മിതവും. അശ്രുവും=കണ്ണുനീരും. ആൎന്നു=ആൎന്നുകൊണ്ട്. ചാരുവാണിയാൾ മെല്ലെ മൊഴികൾ ചൊല്ലിനാൾ എന്ന് അന്വയം. അലങ്കാരം ഉപമ.

73. ആര്യ! ഇതു ഭർത്താവിനെപ്പോലെയുള്ള ആളോട് ചെയ്യുന്ന സംബോധനയാണ്. മദ്ഗതം=എന്റെ ഉള്ളിലുള്ളതു്. ആര്യമാകിലും അനാര്യമാകിലും=കൊള്ളാവുന്നതാണെങ്കിലും അല്ലെങ്കിലും.

74. പാരമുള്ളിലഴലായി=ഉള്ളിൽ വലിയ ദുഃഖമാകയാൽ(ജീവിതം ഭാരമായി.) പറയാതെ ഒഴിക്കുകിൽ=പറയാതെ വിട്ടാൽ. തീരുകില്ല ഭാരം=ഭാരം തീരുകയില്ല. അതു=ഭാരത്തെപ്പററി പറയുവാനുള്ളതു കേൾക്കുവാൻ. ഇവൾക്കു ധരയിൽ=ഭൂമിയിൽ ഭവാനൊഴിഞ്ഞു വേറാരും ഇല്ല. താൻ അനന്യശരണയെന്നു സാരം.

ആഴമാർത്തിയഥവാ കഥിക്കിലി-
യൂഴമോർത്തിടുമതന്യഥാ ഭവാൻ,
പാഴിലോതിടുകയോ വിധിക്കു ഞാൻ
കീഴടങ്ങി വിരമിക്കയോ വരം? 75

തന്നതില്ല പരനുള്ള കാട്ടുവാ-
നൊന്നുമേ നരനുപായമീശ്വരൻ
ഇന്നു ഭാഷയതപൂർണ്ണമിങ്ങഹോ
വന്നുപോം പിഴയുമർത്ഥശങ്കയാൽ. 76

---

75. ആഴം = അഗാധമായ. ആർത്തി = ദുഃഖം. കഥിക്കിൽ = പറയുകിൽ. ഈ ഊഴം = ഈ അവസരത്തിൽ. അതു ഭവാൻ അന്യഥാ ഓർക്കും = തെററിദ്ധരിക്കും. ഞാൻ പാഴിൽ ഓതിടുകയോ = ഫലമില്ലാതെ (ഫലമില്ലെന്നു അറിഞ്ഞുകൊണ്ടുതന്നെ) പറയുകയോ. വിധിക്കു കീഴടങ്ങി വിരമിക്കയോ = വിധി പോലെയാകട്ടെ എന്നു വെച്ചു പറയാതിരിക്കയോ. വരം = ഏതാണു് നല്ലതു്.

76. പരനുള്ളുകാട്ടുവാൻ = സ്വന്തം ഹൃദയം അന്യനു മനസ്സിലാക്കിക്കൊടുക്കാൻ. ഉപായമൊന്നുമേ = ഒരുപായവും ഈശ്വരൻ. നരന്നു് = മനുഷ്യന്നു്. തന്നതില്ല = തന്നിട്ടില്ല. ഇതു സാമാന്യതത്വമായിട്ടാണു് പറയുന്നതെങ്കിലും തന്റെ ഉള്ളു് യോഗി മനസ്സിലാക്കുന്നില്ലല്ലോ, അഥവാ തനിക്കു തന്റെ ഉള്ളു് അദ്ദേഹത്തെ മനസ്സിലാക്കുവാൻ സാധിക്കുന്നില്ലല്ലോ എന്നാണു് ഇതിന്റെ സാരം. നളിനി ചോദിച്ച ഉപകാരം ഏതാണെന്നു യോഗി ചോദിച്ചതും നളിനിയെ ഇതു പറയുവാൻ പ്രേരിപ്പിച്ചിരിക്കണം. ഭാഷ അപൂർണ്ണമെന്നു പറഞ്ഞതു

മുററുമെന്നഴലറിഞ്ഞിടായ്കിലും
തെററിയെൻ ഹൃദയമാര്യനോരുകിൽ
ചെററുമേ പൊറുതിയില്ല പിന്നെ ഞാൻ
പററുകില്ലറിക മണ്ണിൽ വിണ്ണിലും.'' 77

ഏവമോതി അതിദൂനയായിനി-
ന്നാ വരാംഗി, യതിതൻ മുഖാംബുജം
പാവനം പരിചിൽ നോക്കിനാൾ, അവൻ
കേവലം കരുണയാർന്നു ചൊല്ലിനാൻ:- 78

പൊതുവെ ഭാഷയെപ്പററിയാണ്. അർത്ഥശങ്കയാൽ = അർത്ഥം ഒക്കുമോ എന്ന ശങ്കകൊണ്ട്. ഈ ശ്ലോകത്തിന്റെ ഉത്തരാർദ്ധം മലയാളഭാഷയെയും ഈ കാവ്യത്തെയും സംബന്ധിക്കുന്ന അഭിപ്രായമായും കവി ഉദ്ദേശിച്ചിരിക്കും.

77. അറിഞ്ഞിടായ്കിലും = അറിഞ്ഞിടാതെയാണെങ്കിലും. എന്റെ ഹൃദയം ആര്യൻ തെററി ഓരുകിൽ = തെററിദ്ധരിച്ചാൽ. ചെററുമേ പൊറുതിയില്ല = ഒട്ടും പൊറുക്കാൻ സാധിക്കയില്ല. പിന്നെ ഞാൻ മണ്ണിലും വിണ്ണിലും = ഭൂമിയിലും സ്വർഗ്ഗത്തിലും. പററുകില്ല = പററത്തക്കവളല്ല.

78. അതിദൂനയായി = ഏററവും ഖിന്നയായി നിന്നു. നിന്നു എന്നതിനു സംസാരം നിറുത്തിയിട്ടില്ലെന്നും അർത്ഥമെടുക്കണം. വരാംഗി = സുന്ദരി. യതിതൻ പാവന മുഖാംബുജം = യോഗിയുടെ പരിശുദ്ധമായ മുഖാംബുജം. കേവലം കരുണയാർന്നു = കരുണയോടുകൂടിത്തന്നെ.

“അന്യഥാ മതിവരില്ലെനിക്കു നിൻ
മന്യുവിങ്കൽ നിയതം മഹാവ്രതേ;
കന്യയെന്നു വടുവെന്നുമേലുകി-
ല്ലന്യഭാവമറികാത്മവേദികൾ.” 79

ആടലൊട്ടവൾ വെടിഞ്ഞു സത്വരം
തേടി ധൈര്യമഥ, പൂവനത്തിലും
കാടുതൻ നടുവിലും സുമർത്തുവിൽ
പാടിടും കുയിലുപോലെ ചൊല്ലിനാൾ:— 80

---

79. അന്യഥാ മതി=തെററിദ്ധാരണ. മന്യു = ദുഃഖം. നിയതം = നിശ്ചയം. കന്യ=വിവാഹം കഴിയാത്തവൾ. വടു=ബ്രഹ്മചാരി. ഏലുകില്ല=ഭേദബുദ്ധിവെയ്ക്കയില്ല. അറിക=അറിഞ്ഞാലും. ആത്മവേദികൾ= ആത്മജ്ഞാനികൾ—ഏലുകില്ല എന്നതിന്റെ കർത്താവു്.

80. അവൾ ആടൽ = ദുഃഖം. ഒട്ടു വെടിഞ്ഞു=കുറേ ഉപേക്ഷിച്ചു. സത്വരം =വേഗത്തിൽ. ധൈര്യം തേടി=ധൈര്യം അവലംബിച്ചു. സുമത്തുവിൽ= വസന്തകാലത്തിൽ. പൂവനത്തിലും കാടുതൻ നടുവിലും = ഉദ്യാനത്തിലും കാട്ടിന്റെ നടുവിലും. പാടിടും = പാടുന്ന കുയിലുപോലെ പാടിനാൾ. വസന്തകാലത്തിൽ കുയിൽ കാട്ടിലായാലും ഉദ്യാനത്തിലായാലും ഭേദമെന്യേ പാടും. അതു കുയിലിനു് അത്ര ഉത്സാഹമുള്ള കാലമാണു്. നളിനിയും ഇപ്പോൾ ഉത്സാഹംകൊണ്ടു നഗരത്തിലോ കാട്ടിലോ എന്നു നോക്കാതെ തന്നെ തന്റെ ഉള്ളിലുള്ളതു തുറന്നു പറയുന്നു. കുയിലുപോലെ എന്ന ഉപമകൊണ്ടു് അവളുടെ ശബ്ദമാധുര്യത്തെ മാത്രമല്ല ഉത്സാഹത്തെയും കുറിക്കുന്നു.

"വന്നു വത്സല, ഭവാൻ സമക്ഷമാ-
യിന്നു, ഞാൻ വ്യഥ മറന്നതോർക്കയാൽ,
എന്നുമല്ല കരുതുന്നു വീട്ടിൽ നാ-
മന്നു വാണതു തുടർന്നപോൽ മനം. 81

ലോലനാര്യനരുവിട്ടു കേട്ടൊരാ-
ബാലപാഠമഖിലം മനോഹരം
കാലമായധികമിന്നൊരക്ഷരം
പോലുമായതിൽ മറപ്പതില്ല ഞാൻ. 82

ഭൂരിപൂക്കളാം വിടരുന്ന പൊയ്കയും
തീരവും വഴികളും തരുക്കളും
ചാരുപുൽത്തറയുമോർത്തിടുന്നതിൻ-
ചാരെ നാമെഴുമെഴുത്തുപള്ളിയും. 83

---

81. വത്സല = വാത്സല്യമുള്ളവനെ. ആര്യ എന്നു മാത്രമേ മുൻപു വിളിക്കാൻ കഴിഞ്ഞുള്ളു. ഇപ്പോൾ നായകന്റെ കാരുണ്യം കണ്ടിട്ടു വത്സല എന്നു വിളിക്കാൻ ധൈര്യപ്പെടുന്നു. സമക്ഷം = കണ്ണിന്റെമുമ്പിൽ. അതോർക്കയാൽ ഞാൻ വ്യഥ മറന്നു എന്നു് അന്വയം. അതു് = ഭവാൻ സമക്ഷമായി വന്നതു്. എന്നുമല്ല = എന്നുമാത്രമല്ല. അന്നു് = പണ്ടു്. നാം വീട്ടിൽ വാണതു മനം തുടർന്നതുപോലെ ഞാൻ കരുതുന്നു.

82. ലോലൻ = പ്രസരിപ്പുള്ളവൻ. അലങ്കാരം വിശേഷോക്തി.

83. ഭൂരിപൂക്കളാം = അധികം പൂക്കളാം.

ഓർത്തിടുന്നുപവനത്തിലെങ്ങുമ-
ങ്ങാർത്തു ചിത്രശലഭം പറന്നതും
പാർത്തുനിന്നതുമണഞ്ഞു നാം കരം
കോർത്തു കാവിനരികേ നടന്നതും. 84

പാടുമാൺകുയിലെ വാഴ്ത്തിയാ രവം
കൂടവേയനുകരിച്ചുപോയതും
പാട്ടുകാരനുടനെന്നൊടാഴ്ന്ന-
പ്പേടയെപ്പരിഹസിച്ചു ചൊന്നതും. 85

ഉച്ചയായ് തണലിലാഞ്ഞു പുസ്തകം
വച്ചു മല്ലികയറുത്തിരുന്നതും
മെച്ചമാർന്ന ചെറുമാല കെട്ടിയെൻ-
കൊച്ചു വാർമുടിയിലങ്ങണിഞ്ഞതും. 86

---

84. സ്പഷ്ടം.

85. പാട്ടുകാരൻ = പ്രേമസംബന്ധമായി നേരംപോക്കു പറയുന്നവൻ. പെൺപക്ഷികൾ പാടാറില്ല. അതു കൊണ്ട് പേടയെ പരിഹസിച്ചു എന്ന് അർത്ഥം. പേട പൂവനെ പിരിയാതെ ഇരിക്കുന്നതിനെ ഉദ്ദേശിച്ചു കളിയായി പരിഹസിച്ചു എന്നു വരാം. നളിനിക്ക് പാടുവാൻ സാധിക്കും. പേടയ്ക്കു പാടുവാൻ സാധിക്കാത്തതുകൊണ്ട് നളിനിയെ അപേക്ഷിച്ച് പേട മോശക്കാരിയാണെന്നു പരിഹസിച്ചു എന്നും വരാം.

86. സ്പഷ്ടം.

എണ്ണിടുന്നൊളിവിൽവന്ന പീഡയാം-
വണ്ണമെൻ മിഴികാം പൊത്തിയെന്നതും
തിണ്ണമങ്ങതിൽ വലഞ്ഞു കേഴുമെൻ
കണ്ണുനീരു കനിവിൽ തുടച്ചതും. 87

എന്തിനോതുവതിതോക്കിലാ രസം
ചിന്തുമെൻ സുദിനമസ്തമിച്ചിതേ,
ഗന്തുകാമനുടനാര്യൻ, ഏകിലാ-
മന്തരായമെതിർവാത്യപോലിവാം. 88

പോട്ടെ; എൻ സഹചരൻ വിയുക്തനായ്-
നാട്ടിൽ നിന്നഥ മറഞ്ഞതഞ്ജസാ
കേട്ടു ഞെട്ടിയയി വീണു ഗജ്ജിതം
കേട്ട പന്നഗകുമാരിപോലെ ഞാൻ. 89

---

87. എണ്ണിടുന്നു = ഓർത്തിടുന്നു. പീഡയാംവണ്ണം = വേദന ഉണ്ടാകത്തക്കവിധം.

88. ആര്യൻ ഉടൻ ഗന്തുകാമൻ = അങ്ങ് ഉടനെ പോകാൻ ഭാവിക്കുന്നു. എതിർവാത്യ (എതിർകാററു) പോലെ ഞാൻ അന്തരായം = തടസ്സം. ഏകിലാം = ഏകിയെങ്കിലായി, വരുത്തിയെങ്കിലായി, വരുത്തുവാൻ സാധിക്കുമെന്നു തീർച്ചയില്ലെന്നു സാരം. എതിർകാററ് കൊണ്ടുപോകുന്നയാരം നില്ക്കയില്ലല്ലോ. എതിർകാററ് ദുന്നിമിത്തം സൂചിപ്പിക്കുന്നു.

89. സഹചരൻ = കൂട്ടുകാരൻ. വിയുക്തനായി = പിരിഞ്ഞു. ഗജ്ജിതം = ഇടി. പന്നഗകുമാരി = പാമ്പിൻകുട്ടി. അലങ്കാരം ഉപമ.

പിന്നെയെൻ പ്രിയപിതാക്കൾ കാത്തുഴ–
ന്നെന്നെയങ്ങവരഴല്പെടാതെയും
ഉന്നി വാണൊരിടമാര്യനേലുമീ–
മന്നിലെന്നുടലു ഞാൻ വിടാതെയും. 90

ഹർഷമേകുവതിനച്ഛനേറെ നി–
ഷ്കർഷമാർന്നഥ വളർന്നു ഖിന്നയായ്,
കർഷകൻ കിണററിനാൽ നനയ്ക്കിലും
വർഷമററ വരിനെല്ലുപോലെ ഞാൻ. 91

ഓർത്തിടായ്കിലുമഹോ! യുവത്വമെൻ–
മൂർത്തിയാർന്നഥ വലഞ്ഞിതേറെ ഞാൻ
പൂത്തിടും തരുവിലും തടത്തിലും
കാത്തിടാ ലതകൾ, കാലമെത്തിയാൽ. 92

---

90. പിതാക്കൾ=മാതാപിതാക്കന്മാർ. കാത്തുഴന്നു=കാത്തു ദുഃഖിച്ചു. എന്നെ കാത്തുഴന്നു എന്നന്വയം. അവർ അഴൽപ്പെടാതെയും=അവർ ദുഃഖിയാതെയും. ഈ മന്നിൽ ഒരിടം ആര്യനേലുമെന്നു്=ഈ ഭുവിലൊരിടത്തു് ആര്യനുണ്ടായിരിക്കുമെന്നു്. ഉന്നി=നിശ്ചയിച്ചു. ഞാൻ ഉടലുവിടാതെയും=ആത്മഹത്യ ചെയ്യാതെയും എന്നു സാരം. വാണു=പാർത്തു.

91. ഹർഷം=സന്തോഷം. എന്നെ സന്തോഷിപ്പിക്കുവാൻ അച്ഛൻ വളരെ നിഷ്കർഷിച്ചു എന്നാൽ ഞാൻ ഖിന്നയായ് വളർന്നു. അലങ്കാരം ഉപമ.

92. യുവത്വം=യൗവനം. എൻമൂർത്തി യുവത്വം ആർന്നു എന്നും യുവത്വം എന്റെ മൂർത്തി ആർന്നു എന്നു അന്വയിക്കാം.

ഓതുവാനരുതെനിക്ക പിന്നെ, യെൻ–
താതനോൎത്തൊരു വിവാഹനിശ്ചയം
കാതിലെത്തി, വിഷവേഗമേററപോൽ
കാതരാശയ കുഴങ്ങി വീണു ഞാൻ. 93

ആഴമൻപൊടതി സാന്ത്വമോതുമെൻ–
തോഴിമാരെയുമൊഴിച്ചു ഞാൻ പരം
വാഴമൗഷധമകററി, യാ ശ്രമം
പാഴിലായെഴമസാദ്ധ്യരോഗികൾ. 94

ശാന്തമാക ദുരിതം! വിനിശ്ചിത–
സ്വാന്തയായ് കദനശല്യമൂരുവാൻ
ധ്വാന്തവും ഭയവുമോൎത്തിടാതുടൻ
ഞാൻ തടാകതടമെത്തി രാത്രിയിൽ.” 95

യുവത്വം കൎത്താവാകുകയാണ് അധികം സാരസ്യം. അലങ്കാരം ദൃഷ്ടാന്തം.

93. വിവാഹനിശ്ചയം കാതിലെത്തി=വിവാഹനിശ്ചയം (കേട്ട മാത്രയിൽ എന്നു സാരം.) കാതരാശയ=ഭയപ്പെട്ടവൾ.

94. ആഴം അൻപ്=അഗാധമായ കരുണ. സാന്ത്വനം=സമാധാനം. അസാധ്യരോഗികൾ(തീരാരോഗക്കാർ.) ഔഷധമകററി വാഴും എന്ന് അന്വയം. അലങ്കാരം ദൃഷ്ടാന്തം.

95: ശാന്തമാകദുരിതം = ശാന്തം പാപം. പിന്നീട് വിവരിക്കുന്ന സാഹസത്തെ ഓൎത്തു പറഞ്ഞു പോകുന്നതാണ്. വിനി

വേഗമാബ്ഭയദനിശ്ചയം ശ്രുവി–
ച്ചാകുലാദ്ഭുതദയാരസോദയൻ,
ഏകിനാൻ ചെവിയവൻ, സഗദ്ഗദം
ശോകമാൎന്ന കഥ പിന്തുടൎന്നവൾ. 96

"ലോകമൊക്കെയുമുറങ്ങി കൂരിരു–
ട്ടാകെ മൂടി യമമൂൎത്തിഭീകരം
ഏകയായവിടെ നിന്നു സൂചിയേ–
റ്റാകിലെന്നുടലറിഞ്ഞിടാതെ ഞാൻ." 97

ശ്ചിതസ്വാന്തയായ് = ഉറച്ച മനസ്സോടുകൂടിയവളായിട്ട് (ദൃഢനിശ്ചയത്തോടുകൂടി എന്നു സാരം.) കദനശല്യം = ദുഃഖമാകുന്ന ഉടക്കളി. ഊരുവാൻ=വലിച്ചെടുക്കുവാൻ. ധ്വാന്തം = ഇരുട്ട്. തടാകതടം = പൊയ്ക്കക്കര.

96. ഭയദനിശ്ചയം = ഭയങ്കരമായ നിശ്ചയം. നിശ്ചയം ശ്രുവിച്ച എന്നതിനു് നിശ്ചയത്തിൻെറ കഥ കേട്ടു എന്നൎത്ഥം. ആകുലാദ്ഭുതദയാരസോദയൻ = ആകുലം (വ്യസനം) അത്ഭുതം, ദയ ഈ രസങ്ങളുടെ ഉദയത്തോടുകൂടിയവൻ-ഈ രസങ്ങൾ വൎദ്ധിച്ചവൻ എന്നൎത്ഥം. കഥ കേൾക്കുമ്പോൾ മേൽപറഞ്ഞ വികാരങ്ങൾ ഭാവരൂപത്തിലാണു് അനുഭവപ്പെടുന്നതു്. അതുകൊണ്ടാണു് ആകുലാദികളെ രസങ്ങളായി പറഞ്ഞതു്.

97. ലോകം ഒക്കെയും ഉറങ്ങി, യമമൂൎത്തിഭീകരം (കാലരൂപത്തെപ്പോലെ ഭയങ്കരമായ എന്നും കാലദേവതയെപ്പോലെ ഭയങ്കരമായ എന്നും അൎത്ഥം പറയാം.) കൂരിരുട്ടു് ആകെ മൂടി = സൎവ്വത്ര വ്യാപിച്ചു. സൂചിയേറ്റാകിൽ = സൂചി ഏറ്റാൽ

തിണ്ണമായിരുളിൽനിന്ന വിശ്വസി-
ച്ചെണ്ണിനേൻ ഝടിതി ഭൂതഭാവികം,
വിണ്ണിൽ ഞാനൊട്ടവിൽ നോക്കി സത്രപം
കണ്ണടഞ്ഞുഡുഗണങ്ങൾ കാൺകയാൽ. 98

"നിത്യഭാസുരനഭശ്ചരങ്ങളേ,
ക്ഷിത്യവസ്ഥ ബത നിങ്ങളോർത്തിടാ:
അത്യനർത്ഥവശ ഞാൻ ക്ഷമിപ്പിനീ-
കൃത്യ"മെന്നുമവയോടിരന്നു ഞാൻ. 99

കൂടി. എന്നുടൽ അറിഞ്ഞിടാതെ = എന്റെ ശരീരം അറിഞ്ഞിടാത്ത സ്ഥിതിയിൽ. സൂചി കൊണ്ടാൽ അതു് അപ്പോൾ അവളുടെ ശരീരം അറിയുകയില്ല. അവളുടെ നിശ്ചയത്തിൽ അവൾ അത്ര ഏകാഗ്രചിത്തയായിരുന്നു എന്നു സാരം.

98. വിശ്വസിച്ച = ആരും അറിയുകയില്ലെന്നു വിശ്വസിച്ച. എണ്ണിനേൻ = ഞാൻ വിചാരിച്ചു. ഭൂതഭാവികം = കഴിഞ്ഞതും വരാനിരിക്കുന്നതും. സത്രപം = ലജ്ജയോടുകൂടി. ഉഡുഗണങ്ങൾ = നക്ഷത്രക്കൂട്ടങ്ങൾ. വലിയ അകൃത്യം ചെയ്യാൻ പോകുമ്പോൾ നക്ഷത്രങ്ങളെ കണ്ടിട്ടു കണ്ണടയ്ക്കുന്നതായി ഷേക്സ്പീയർകവിയും ഉല്ലേഖിച്ചിട്ടുണ്ടു്.

99. നിത്യഭാസുരനഭശ്ചരങ്ങളെ = എപ്പോഴും ശോഭയുള്ള ആകാശസഞ്ചാരികളെ (നക്ഷത്രങ്ങളെ.) ബത = കഷ്ടം. ക്ഷിത്യവസ്ഥ = ഭൂമിയിലെ അവസ്ഥ. നിങ്ങൾ ഓർത്തിടാ = നിങ്ങൾ ഓർക്കയില്ല. നിങ്ങളുടെ മാതിരി നിത്യഭാസുരത്വം ഭൂമിയിലില്ല, ഭൂമിയിലെ സ്ഥിതി വളരെ കഷ്ടമാണു് എന്നു സാരം. അത്യനർത്ഥവശ ഞാൻ—ഇതു് ഒരു ഗർഭിതവാക്യ

ഓൎത്തുപിന്നുടനഗാധതോയമാം
തീൎത്ഥസീമയിലിറങ്ങിയങ്ങു ഞാൻ
ആൎത്തിയാൽ മൊഴിയിലോ മനസ്സിലോ
പ്രാൎത്ഥിതം ചരമമേവമോതിനാൻ. 100

"ജീവിതേശനെയനുഗ്രഹിക്കവെൻ–
ഭുവിലുണ്ടു; ഗിരിജേ വലഞ്ഞുടൻ
ഈവിധം തുനിവതാമശക്ത ഞാൻ
ദേവി നിൻ പദമണസ്സുയംബികേ." 101

മായി എടുക്കണം—ഞാൻ വലിയ അനർത്ഥത്തിനു് അധീനയായിപ്പോയി. ക്ഷമിപ്പിൻ ഈ കൃത്യം = ഈ കൃത്യത്തെ (അതായതു് ആത്മഹത്യയെ) നിങ്ങൾ ക്ഷമിക്കുവിൻ.

100. പിന്നുടൻ=പിന്നെ ഉടനെ. അഗാധതോയമാം=ആഴമുള്ള വെള്ളത്തോടു കൂടിയ. തീർത്ഥസീമയിൽ=കടവിൽ. ആൎത്തിയാൽ=ദുഃഖം കൊണ്ടു്. ചരമം പ്രാർത്ഥിതം=അവസാന പ്രാർത്ഥന. ഏവം=താഴെപ്പറയുന്നവിധം. മൊഴിയിലോ മനസ്സിലോ ഓതി=പറയുകയോ വിചാരിക്കുകയോ ചെയ്തു; രണ്ടിലേതാണുണ്ടായതെന്നു് ഓൎമ്മയില്ലെന്നും അഥവാ അപ്പോഴത്തന്നെയും അറിവില്ലെന്നും സാരം. ഓൎത്തു=തന്റെ ജീവിതേശന്റെ കാര്യം ഓർത്തു എന്നു ഭാവം.

101. ജീവിതേശൻ=പ്രാണനായകൻ അനുഗ്രഹിക്ക; അവൻ എന്നു പദച്ഛേദം. ഗിരിജേ =പാർവ്വതീദേവി. വലഞ്ഞു ദുഃഖം കൊണ്ടു് ഈവിധം തുനിവതാം എന്നതിനോടുകൂടെ അന്വയിക്കണം. അംബികേ=അമ്മേ ലോകജനനീ എന്നു സാരം.

കാണുകിൽ പുളകമാം കയത്തില-
ങ്ങാണുകൊൾവതിന്നുടൻ കുതിച്ചുഞാൻ,
ക്ഷോണിയിൽ പ്രണയപാശമറ്റെഴും
പ്രാണികൾക്ക ഭയഹേതുവേതുവാൻ? 102

ചണ്ടിതൻ പടലി നീങ്ങിയാഴമെൻ
കണ്ണുമൊട്ടുപരി തങ്ങി, ആകയാൽ
ഇണ്ടലാർന്നുഴറിയോർത്തു, താമര-
ത്തണ്ടിൽ വാർമുടി കുരുങ്ങിയെന്നു ഞാൻ. 103

സത്വരം മുകളിൽനോക്കി ഞാനിയ-
ന്നത്തൽ വിസ്മയവുമേറെ നാണവും
എത്തിയെൻ കചഭരം പിടിച്ചു നി-
ന്നത്ര കാന്തിമതിയേക യോഗിനി. 104

---

102. കാണുകിൽ പുളകമാം = കണ്ടാൽ ഭയംകൊണ്ടു് രോമാഞ്ചമുണ്ടാകുന്ന. കയം = ആഴമുള്ള സ്ഥലം. ആണുകൊൾവതിന്നു് = ആണ്ടുപോകുന്നതിന്നു്. പ്രണയപാശം = പ്രണയ ബന്ധം. അലങ്കാരം അർത്ഥാന്തരന്യാസം.

103. ചണ്ടിതൻ പടലി = പായൽ കൂട്ടം. ആഴം = താഴന്ന. ഉപരി = മുകളിൽ. കുരുങ്ങിയെന്നു ഇണ്ടലാർന്നുഴറി (വ്യസനം കൊണ്ടു സംഭ്രമിച്ചു.) ഞാൻ ഓർത്തു (വിചാരിച്ചു) എന്നന്വയം.

104. അത്തൽ വിസ്മയവുമേറെ നാണവും ഞാൻ ഇയന്നു = എനിക്ക ദുഃഖവും അത്ഭുതവും വളരെ നാണവുമുണ്ടായി. കചഭരം = ഭാരിച്ചമുടി. കാന്തിമതി = തേജസ്വിനിയായ.

അൻപിയന്നു ഭയമൊക്കെ നീക്കിയൊ-
ന്നിമ്പമേകിയവൾ നോക്കി സസ്മിതം
മുമ്പിലപ്പൊഴുതുദിച്ചു പൊങ്ങിടു-
ന്നമ്പിളിക്കെതിരഹോ നതാംഗിയാൾ! 105

നിഷ്ഠപൂണ്ടരികിൽ വാണിരുട്ടിലെൻ-
ധൃഷ്ടമാം തൊഴിലുകണ്ടു യോഗിനി,
ഇഷ്ടമായ മൃതിയെത്തടഞ്ഞു ഹാ!
ദിഷ്ടമെങ്ങനെയൊരാൾക്കതേ വരൂ. 106

---

105. അൻപിയന്നു = കാരുണ്യത്തോടുകൂടി (അതുകൊണ്ടുതന്നെ.) ഭയമൊക്കെ നീങ്ങി (കാരുണ്യം നിമിത്തം ഭയമില്ലാതായി എന്നു സാരം) ഇമ്പമേകി = സന്തോഷമുണ്ടാക്കിക്കൊണ്ടു്. അവൾ സസ്മിതം = പുഞ്ചിരിയോടുകൂടി ഒന്നു നോക്കി എന്നു് അന്വയം. മുമ്പിലപ്പോൾ ഉദിച്ചു പൊങ്ങിടുന്ന അമ്പിളിക്കു് എതിർ (ആയ) നതാംഗി (സുന്ദരിയായ അവൾ) എന്നും പൂർവ്വാർദ്ധവാക്യത്തിന്റെ ചേർച്ചയ്ക്കായി അന്വയിക്കണം. നതാംഗിയാൾ അമ്പിളിക്കെതിർ (ആണു്) എന്നു് അന്വയിക്കാം. വാസ്തവത്തിൽ ചന്ദ്രൻ അപ്പോൾ ഉദിച്ചു പൊങ്ങുന്നുണ്ടായിരുന്നു എന്നു് എടുക്കാം. അങ്ങിനെയല്ലെന്നിരുന്നാലും ഉപമയ്ക്കു ദോഷമില്ല. അഹോ എന്നതു് യോഗിനിയുടെ യോഗ്യത ഓർത്തിട്ടുള്ള അത്ഭുതത്തെയോ തന്റെ ആത്മഹത്യ തടഞ്ഞതുകൊണ്ടുള്ള കഷ്ടത്തെയോ കുറിക്കുന്നു. യോഗിനിയും ഈ കഥയിൽ പ്രധാനപാത്രമാണു്. നായകനെ സൂര്യനോടും, നായികയെ ഉഷസ്സന്ധ്യയോടും, യോഗിനിയെ ചന്ദ്രനോടും ഉപമിച്ചിരിക്കുന്നതു് പ്രത്യേകം ഓർക്കേണ്ടതാണു്.

106. നിഷ്ഠപൂണ്ടു് അരികിൽ വാണു = നിഷ്ഠയോടുകൂടി (ശ്രദ്ധാപൂർവ്വം) അടുത്തു കാത്തിരുന്നു. (യോഗിനി യോഗശക്തി കൊണ്ടോ മററു വിധത്തിലോ നളിനി ആത്മഹത്യചെയ്യാൻ

കെട്ടിയാഞ്ഞു കരയേററിയാശ്രു കൈ–
വിട്ടുനിന്നുകഥ ചോദിയാതവാം;
ഒട്ടതെൻ പ്രലപനത്തിൽനിന്നറി–
ഞ്ഞൊട്ടറിഞ്ഞു നിജവൈഭവങ്ങളാൽ 107

ഈറനമ്പൊടു പകന്നു വല്ക്കലം
പേറിയാ മഹിതയെത്തുടന്നു ഞാൻ
വേറുമെയ്് നിയതി നല്കിടുന്നതും
പേറിയങ്ങനെ പരേതദേഹിപോൽ 108

പോകുന്നതായി അറിഞ്ഞു. അല്ലെങ്കിൽ ഊഹിച്ച്് അവളെ രക്ഷിക്കാൻവേണ്ടി കാത്തിരിക്കയായിരുന്നിരിക്കണം. മുൻകൂട്ടി തടഞ്ഞാൽ അവാം നില്ക്കയില്ലെന്നും, ആത്മഹത്യ ചെയ്യുമ്പോഠം പിടിച്ചു നിറുത്തിയാൽ അവളെ അവളുടെ നിശ്ചയത്തിൽനിന്നു പിന്തിരിക്കാൻ കഴിയുമെന്നും യോഗിനി വിചാരിച്ചിരിക്കണം.) യോഗിനി അടുത്തു് യോഗാഭ്യാസം ചെയ്തു താമസിക്കയായിരുന്നു എന്നു് അത്ഥം പറയുവാൻ നിവൃത്തിയില്ല. യോഗിനിയുടെ ആശ്രമം വളരെ അകലെയായിരുന്നു എന്നു് പിന്നീടു് വിശദമാകുന്നുണ്ടു്. ധൃഷ്ടമാം തൊഴിൽ=സാഹസം. ഇഷ്ടമായ മൃതി=ആഗ്രഹിച്ച മരണം. ദിഷ്ടം=വിധി. അലങ്കാരം അത്ഥാന്തരന്യാസം.

107. ആഞ്ഞു=വലിച്ചു. കഥ ചോദിയാതെ = വിവരം ചോദിക്കാതെ. കൈവിട്ടു് =(പിടിവിട്ടു) നിന്നു് എന്നു പൂണ്ണവാക്യം. അതു്=കഥ. നിജവൈഭവങ്ങളാൽ =തന്റെ സാമർത്ഥ്യങ്ങളാൽ അല്ലെങ്കിൽ യോഗശക്തികളാൽ.

108. ഈറൻ = നനഞ്ഞവസ്ത്രം. പകർന്നു = അഴിച്ചുകളഞ്ഞു. (ദേശ്യപദമാണു്.) വല്ക്കലം = മരവുരി. മാറി = ഉടുത്തു.

അധ്വഖേദമറിയാതവാറു ചൊ-
ന്നത്തപോധന കനിഞ്ഞു വാർത്തകൾ
എത്തി ഞങ്ങളൊരു കാട്ടിലും ദ്രുതം
ചിത്രഭാനുവുദയാചലത്തിലും. 109

അന്തരംഗഹിതനാം ഭവാനൊഴി-
ഞ്ഞന്തികത്തിൽ വനശോഭ കാണവേ
സന്തപിച്ചിവൾ പരം, രമിക്കയി-
ല്ലെന്തിലും പ്രണയഹീനമാനസം. 110

ഈറൻമാററി പകരം ഒരു വല്ക്കലം ഉടുത്തു എന്നർത്ഥം.) ആ മഹതിയെ തുടർന്നു=ആ മഹതിയുടെ പിന്നാലെ പോയി. വേറുമെയ്=വേറെ ശരീരം. നിയതിനൽകിടുന്നതും=വിധി വശാൽ കിട്ടിയതും. പേറി=വഹിച്ചു. പരേതദേഹിപോൽ= മരിച്ചജീവനെപ്പോലെ. അവൾ ആത്മഹത്യയിൽ നിന്നു രക്ഷപ്പെട്ടതു് മരിച്ചിട്ടു വേറെ ശരീരം എടുത്തതിനോടു തുല്യമായി പറയുന്നു. അലങ്കാരം ഉപമ.

109. അധ്വഖേദം=വഴിനടക്കുന്നതിനുള്ള ബുദ്ധിമുട്ടു്. ആ തപോധന കനിഞ്ഞു വാർത്തകൾ ചൊന്നു എന്നു് അന്വയം. ചിത്രഭാനു=സൂര്യൻ. ഉദയാചലം=ഉദയപർവ്വതത്തിലും എത്തി, (നേരം വെളുത്തപ്പോൾ ഞങ്ങൾ ഒരു കാട്ടിൽ എത്തി എന്നു സാരം.) അലങ്കാരം ക്രിയാസമുച്ചയം.

110. അന്തരംഗഹിതനാം = മനസ്സിന്നുപിടിച്ച. ഭവാനൊഴിഞ്ഞു = ഭവാനില്ലാതെ. ഇവൾ = ഞാൻ. പ്രണയഹീന

കീർത്തനീയഗുണയെന്നെ നിർഭയം
ചേർത്തുപിന്നെയവളിത്തപോവനം,
ആർത്തയെങ്കിലുമതീവ ധന്യയെ-
ന്നോർത്തിതാര്യനെയനുപ്രയാത ഞാൻ. 111

ഒത്തു ഞങ്ങളുടജത്തിലൊന്നിൽ വാ-
ണത്യുദാരമഥ വിദ്യയും സ്വയം
വിത്തിനായ് മുകിലു വൃഷ്ടിപോലെയാ-
സിദ്ധയോഗിനിയെനിക്കു നല്കിനാൾ. 112

മാനസം=പ്രേമഭംഗംവന്ന മനസ്സ്. പ്രണയിഹീനമാനസം എന്നും പാഠം കാണുന്നുണ്ട്. അതിന്നു് ഇഷ്ടജനം പോയവരുടെ അതായതു് വിരഹികളുടെ മാനസം എന്നർത്ഥം. ഏതിലും=യാതൊന്നിലും. അലങ്കാരം അർത്ഥാന്തരന്യാസം.

111. കീർത്തനീയഗുണ=സ്തുതിക്കത്തക്ക ഗുണങ്ങളോടു കൂടിയവൾ. എന്നെ തപോവനം ചേർത്തു=എന്നെ തപോവനത്തിൽ കൊണ്ടുവന്നാക്കി. ഇതു് സംസ്കൃതശൈലിയെ അനുകരിച്ചുള്ള ദ്വികർമ്മപ്രയോഗമാണ്. ആര്യനെ അനുപ്രയാത = ആര്യനെ പിന്തുടർന്നവളായ.

112. ഉടജം=ആശ്രമം. അത്യുദാരം = ഒരു ലോഭവുമില്ലാതെ, അത്യുദാരമായ (മഹത്തായ) വിദ്യ എന്നും ആകാം. മുകില് =മേഘം. വൃഷ്ടി=മഴ. സിദ്ധയോഗിനി=സിദ്ധിയുള്ള യോഗിനി. അലങ്കാരം ഉപമ.

പഞ്ചവൃത്തികളടക്കിയന്വഹം
നെഞ്ചുവച്ചുരുതപോമയം ധനം
സഞ്ചയിപ്പതിനു ഞാൻ തുടങ്ങി, പി-
ന്നഞ്ചുവട്ടമിഹ പൂത്തു കാനനം. 113

കാമിതം വരുമെനിക്കു വേഗമെ-
ന്നാ മഹാമഹതി ചെയ്തനുഗ്രഹം,
പ്രേമമാർന്ന ഗുരുവിൽ പ്രസാദമാം
ക്ഷേമമൂലമിഹ ശിഷ്യലോകരിൽ. 114

മംഗലാശയ, കഴിഞ്ഞു രണ്ടു നാ-
ളിങ്ങു പിന്നെയനിമിത്തമെന്തിനോ
പൊങ്ങിടുന്നു സുഖമാർന്നുമന്തരാ
മങ്ങിടുന്നു ഭയമാർന്നുമെന്മനം. 115

---

113. പഞ്ചവൃത്തികൾ = അഞ്ചിന്ദ്രിയങ്ങളുടെ വ്യാപാരങ്ങൾ. അന്വഹം = ദിവസേന. നെഞ്ചുവച്ചു = മനസ്സിരുത്തി. ഉരുതപോമയം ധനം = വലിയ തപസ്സുമാത്രമായ ധനം. സഞ്ചയിക്ക = ശേഖരിക്ക. പിന്നഞ്ചുവട്ടമിഹപൂത്തു കാനനം = പിന്നെ അഞ്ചുകൊല്ലം കഴിഞ്ഞു. അലങ്കാരം പര്യായോക്തം.

114. കാമിതം വരും = ആഗ്രഹം സാധിക്കും. പ്രേമമാർന്ന = സ്നേഹമുള്ള. ഗുരുവിൻ പ്രസാദമാം = ഗുരുവിന്റെ പ്രസാദമാണ്. ശിഷ്യലോകരിൽ. ക്ഷേമമൂലം = ക്ഷേമകാരണം. അലങ്കാരം അപ്രസ്തുതപ്രശംസ.

115. മംഗലാശയ = ശുഭചിത്ത. പിന്നെ = കഴിഞ്ഞശ്ലോകത്തിൽ പറഞ്ഞതായ അനുഗ്രഹം ചെയ്തതിന്റെ ശേഷം. അനി

സ്വൈരമായ് മുഹുരുദിച്ചിടുന്ന ദു-
ർവ്വാരമെന്റെമതിയിൽ തപസ്യയിൽ
ഗൗരിയോടരിയപുഷ്പ ഹേതിതൻ
വൈരിയായ വടുവിൻ സമാഗമം. 116

മിത്തം = കാരണമെന്യേ. എന്തിനോ = എന്തിനെന്നു നിശ്ച യിക്കാൻ പാടില്ലാത്ത വിധത്തിൽ. അന്തരാ = അകമേ.

116. തപസ്സിൽ = തപസ്സുകാലത്തു്. ഗൗരിയോടു = ശ്രീപാർവ്വതി യോടു (ഉള്ള) പുഷ്പഹേതി = കാമദേവൻ. പുഷ്പഹേതിതൻ വൈരിയായ വടുവിൻ = ശ്രീപരമേശ്വരന്റെ. സമാഗമം = സന്ദർശനം. എന്റെ മതിയിൽ = മനസ്സിൽ. ദുർവഹമായ = തടയാൻ പ്രയാസമായ വിധത്തിൽ. സ്വൈരമായ് = നിർബാധമായിട്ടു്. മുഹുഃ = ആവൎത്തിച്ചു. ഉദിച്ചിടുന്നു = പൊങ്ങി വരുന്നു. ആ സമാഗമം എനിക്കു വീണ്ടും വീണ്ടും ഓൎമ്മവരുന്നു എന്നു സാരം. ശ്രീപരമേശ്വരൻ തപസ്സുചെയ്യുന്ന കാലത്തു് കാമനെ ദഹിപ്പിക്കയുണ്ടായി, ആ വിവരമറിഞ്ഞു് ശ്രീപാർവ്വതി തപസ്സുതുടങ്ങി. അപ്പോഠം ഒരു ദിവസം ശ്രീപരമേശ്വരൻ വടുവിന്റെ വേഷത്തിൽ ശ്രീപാൎവ്വതിയെ സന്ദർശിക്കുകയും ഒടുവിൽ സ്വന്തരൂപം പ്രത്യക്ഷമാക്കുകയും ചെയ്തു. ആ കഥയാണു് നളിനിക്കു് ഓൎമ്മവരുന്നതു്. കാമവൈരിയായ ശിവനോടുള്ള ഉപമ യോഗിയുടെ വൈരാഗ്യമഹിമയെപ്പററി നളിനിക്കുള്ള ബഹുമാനത്തെ കാണിക്കുന്നു, എങ്കിലും ഒടുവിൽ ശിവനെ പാർവ്വതിക്കു ലഭിച്ചതുപോലെ യോഗിയെ തനിക്കു ലഭിച്ചേക്കുമെന്നു നളിനിക്കുള്ള പ്രത്യാശയേയും അതു കുറിക്കുന്നു.

ഇന്നലെബ്ഭഗണമദ്ധ്യഭുവിൽ ഞാൻ
നിന്നു കൂപ്പിയ വസിഷ്ഠഭാമിനി
വന്നു നിദ്രയതിൽ 'ഏല്ക്ക, നിൻ പ്രിയൻ
വന്നു' എന്നരുളിനാൾ ദയാവതി. 117

എന്നു ചൊല്ലി വിരമിച്ചു്, തൻമുഖം
നിന്നു നോക്കി, നെടുമാർഗ്ഗഖിന്നയായ്
എന്നപോൽ, ഭരമകന്നപോലിള–
ച്ചൊന്നു തന്വി നെടുവീർപ്പിയന്നവൾ. 118

---

117. ഭഗണമദ്ധ്യഭുവിൽ = നക്ഷത്രസമൂഹത്തിന്റെ മദ്ധ്യസ്ഥാനത്തു്. കൂപ്പിയ എന്നതിനോടാണു് നിന്നു് എന്നതിനോടല്ല അന്വയിക്കേണ്ടതു്. വസിഷ്ഠഭാമിനി = അരുന്ധതീദേവി (അരുന്ധതീനക്ഷത്രത്തെ വസിഷ്ഠനക്ഷത്രത്തിന്റെ ഭാര്യയായിട്ടാണു വെച്ചിട്ടുള്ളതു്.) ഏല്ക്ക = സ്വീകരിക്ക. നിദ്രയിൽ = ഉറക്കത്തിൽ. സ്വപ്നങ്ങൾ ചിലപ്പോൾ ഒക്കുമെന്നു് കവിക്കു വിശ്വാസമുണ്ടായിരിക്കാം. അഥവാ അതു കവിസങ്കേതാനുകരണം മാത്രവുമാകാം.

118. വിരമിച്ചു് = നിറുത്തി. നെടുമാർഗ്ഗഖിന്നയായ് എന്ന പോൽ = വളരെ വഴിനടന്നു ക്ഷീണിച്ചിട്ടെന്നപോലെ. ഭാരമൊഴിഞ്ഞപോൽ = ഭാരം ഇറക്കിയപോലെ. ഒന്നു് ഇളച്ചു = കുറെ വിശ്രമിച്ചു. (ഭാരം ചുമന്നു നടന്നശേഷം അതു് ഇറക്കി വിശ്രമിച്ചതുപോലെ) ദീർഘകാലം കൊണ്ടു നടന്ന തന്റെ ദുഃഖഭാരം പറഞ്ഞൊഴിച്ചതിനെ സൂചിപ്പിക്കുന്നു. കഥ ദീർഘനേരം പറഞ്ഞതുകൊണ്ടുള്ള ക്ഷീണത്തേയും കുറിക്കുന്നുണ്ടു്. നെടുവീർപ്പിയന്നവൾ = അവൾ നെടുവീർപ്പിട്ടു.

ഭാവമൊട്ടടനറിഞ്ഞു, ശുദ്ധയാ-
മാവയസ്യയഴലാർന്നിടാതെയും,
ഈവിധം യതി പറഞ്ഞു തന്മന-
സ്സാവിലേതരമലിഞ്ഞിടാതെയും. 119

"കേട്ട നിൻ ചരിതമത്ഭുതം! ശുഭേ,
കാട്ടിൽ വാഴ്‌വതിനെഴുന്ന മൂലവും
കാട്ടി സാഹസമനല്പമേതുതാ-
നാട്ടെ, നിൻ നിയമചര്യ! നന്നയേ! 120

ഉണ്ടു കൗതുകമുരസ്സിൽ, നാടതിൽ
പണ്ടിരുന്നതുമകന്നു കാടിതിൽ
കണ്ടുമുട്ടിയതുമെന്നുമല്ല, നാം
രണ്ടുപേരുമൊരു വൃത്തിയാർന്നതും. 121

---

119. ഭാവം = അന്തർഗതം. വയസ്യ = സ്നേഹിത. അഴലാർന്നിടാതെയും = അവൾ ദുഃഖിക്കാൻ ഇടവരുത്താതെയും. ആവിലേതരം തന്മനസ്സ് = ശുദ്ധമായ അദ്ദേഹത്തിന്റെ മനസ്സ്. അലിഞ്ഞിടാതെയും = ഇളകാതെയും. ഈവിധം = താഴെ പറയുന്നമാതിരി.

120. വാഴ്‌വതിന്നെഴുന്നമൂലം = വാഴ്‌വതിനുള്ള കാരണം. അനല്പം = അധികം. സാഹസം എന്നതിന്റെ വിശേഷണം. ഏതുതാനാട്ടെ = എന്തുമാകട്ടെ; എന്തായാലും.

121. വൃത്തി = തൊഴിൽ.

ഹാ! ശുഭേ! നിജഗതാഗതങ്ങൾ ത-
ന്നീശനിശ്ചയമറിഞ്ഞിടാ നരൻ,
ആശ നിഷ്ഫലവുമായ് വരുന്നവ-
ന്നാശിയാതിഹ വരുന്നഭീഷ്ടവും. 122

സ്വന്തകർമ്മവശരായ് തിരിഞ്ഞിടു-
ന്നന്തമററ ബഹു ജീവകോടികൾ,
അന്തരാളഗതി തന്നിലൊന്നൊടൊ-
ന്നന്തരാ പെടുമണുക്കളാണു നാം. 123

---

122. നിജഗതാഗതങ്ങൾ = തന്റെ വരുംവരാഴികകൾ. ഈശനിശ്ചയം = ഈശ്വരേച്ഛ, അവന് ആശ നിഷ്ഫലവുമായ് വരുന്നു ചിലപ്പോൾ ആശിയാതെ അഭീഷ്ടവും വരുന്നു. (ചിലപ്പോൾ ആഗ്രഹം വെറുതെയാകുന്നു ചിലപ്പോൾ ആശിക്കാതെ തന്നെ ഉദ്ദേശ്യം സാധിക്കുന്നു എന്നു സാരം.)

123. സ്വന്തകർമ്മവശരായ് തിരിഞ്ഞിടുന്നു = സ്വന്തകർമ്മം അനുസരിച്ചു തിരിഞ്ഞു കൊണ്ടിരിക്കുന്നു. ബഹുജീവകോടികൾ = അനവധി കോടി ജീവന്മാർ. അന്തരാളം = ആകാശം. ആകാശത്തിൽ പറന്നുകൊണ്ടിരിക്കെ ഒന്നിനോടു ചേരുന്ന അണുക്കളാണ് നാം, അണുക്കളെപ്പോലെയാണ് നമ്മൾ. അണുക്കൾ അന്തരാളഗതിയിൽ തമ്മിൽ ഒട്ടുന്നതു് സ്വാഭാവികമാണ്. അതുപോലെയാണ് ജീവന്മാർ തമ്മിൽ ഒട്ടുന്നതും.

സ്നേഹമെങ്കിലുമിയന്നു ഖിന്നനായ്
സാഹസങ്ങൾ തുടരുന്നു സന്തതം
ദേഹി, ഈശകൃപയാലെ തന്മഹാ-
മോഹനിദ്രയുണരുന്ന നാൾ വരെ. 124

കാട്ടിലിങ്ങൊരു മഹാനുഭാവതൻ
കുട്ടിലായ് ഭവതി, ഭാഗ്യമായി; ഞാൻ
പോട്ടെ ശാന്തി! വിധി യോഗമിന്നിയും
കൂട്ടിയാകിലഥ കാൺകയാം, ശുഭേ." 125

---

124. എങ്കിലും = കർമ്മാധീനരായി തിരിഞ്ഞുകൊണ്ടിരിക്കെ തമ്മിൽ കെട്ടപ്പെടുന്നവരാണ് നമ്മൾ എങ്കിലും, അറിയാതെ. ദേഹി = ജീവൻ. സ്നേഹമിയന്നു = സ്നേഹമാന്നു. ഈശകൃപയാലെ = ദൈവകാരുണ്യത്താൽ. തന്മഹാമോഹനിദ്ര ഉണരുന്ന നാൾവരെ = തന്റെ വലിയ അജ്ഞാന ഉറക്കം ഉണരുന്ന നാൾവരെ.

125. ഭവതി ഇങ്ങ് = (ഇവിടെ); കാട്ടിൽ ഒരു മഹാനുഭാവ തൻ കുട്ടിലായ് (അതു) ഭാഗ്യമായി. ഞാൻ പോകട്ടെ. ശാന്തി = സമാധാനം ഭവിക്കട്ടെ. ഇന്നിയും = ഇനിയും. വിധി = ഈശ്വരൻ. യോഗം കൂട്ടിയാകിൽ = വിധി യോഗം ഇടവരുത്തുകയാണെങ്കിൽ. അഥ = പിന്നെ. കാൺകയാം = കാണാം.

ഏവമോതി നടകൊൾവതിന്നവൻ
ഭാവമാൎന്നു, പരിതപ്തയായുടൻ
ഹാ! വെളുത്തവൾ മിഴിച്ചുനിന്നു മൺ-
പാവപോലെ ഹതകാന്തിയായ് ക്ഷണം. 126

ചിന്തനൊന്തുഴറി യാത്ര ചൊല്ലുമോ
ഹന്ത! ഭീരു യതിയെത്തടുക്കുമോ
സ്വാന്തസൗഹൃദനയങ്ങളോൎത്തുഴ-
ന്നെന്തുചെയ്യുമവൾ?—ഹാ! നടന്നവൻ! 127

---

126. അവൻ ഇപ്രകാരം പറഞ്ഞു നടക്കുവാൻ ഒരുമ്പെട്ടു. അവൾ ഉടനെ പരിതപ്തയായ് = വളരെ ദുഃഖിച്ചു. വെളുത്ത് = വിളറി, മൺപാവപോലെ. ഹതകാന്തിയായി = കാന്തി പോയവളായിട്ട്. ക്ഷണം = ക്ഷണനേരം മിഴിച്ചുനിന്നു.

127. ചിന്തനൊന്തു = മനോവേദനയോടുകൂടി. ഉഴറി = വേഗത്തിൽ യാത്രചൊല്ലുമോ. അദ്ദേഹം പോകുന്നതുകൊണ്ടുള്ള മനോവേദന നിമിത്തം അവൾക്ക് യാത്രപറയുവാൻ സാധിക്കയില്ലെന്നർത്ഥം. ഭീരു = ഭയമുള്ള. അവൾ യമിയെ തടുക്കുമോ ഭയംകൊണ്ട് അവൾക്ക് യമിയെ തടുക്കുവാനും സാധിക്കയില്ലെന്നൎത്ഥം. സ്വാന്ത സൗഹൃദനയങ്ങൾ = തന്റെ സ്നേഹവും മര്യാദയും. ഓൎത്തു = ഓർത്താൽ. ഉഴന്നു = പെട്ടെന്ന്. അവൾ എന്തുചെയ്യും = അവൾക്ക് പെട്ടെന്ന് എന്തുചെയ്യാൻ സാധിക്കും. സ്നേഹം ഓർത്താൽ പോകാൻ സമ്മതിച്ചുകൂടാ. മര്യാദയോർക്കുമ്പോൾ തടയാനും നിവൃത്തിയില്ലെന്നു സാരം. ഹാ! കഷ്ടം നടന്നവൻ = അവൻ നടന്നുകഴിഞ്ഞു.

കണ്ടുടൻ കരളറുന്നപോലെഴു-
ന്നിണ്ടലേറിയഭിമാനമററവാം
കുണ്ടയാം കരരിപോലെ ദീനമാം
കുണ്ഠമൊടഴുതുറക്കെയോതിനാം:-- 128

''പ്രാണനായക, ഭവാൻെറ കൂടവേ
കേണു പോം ഹൃദയനീതനായഹോ!
പ്രാണനെന്നെ വെടിയുന്നിതേ ജലം
താണുപോം ചിറയെ മത്സ്യമെന്നപോൽ.'' 129

---

128. കണ്ടുടൻ = അവൻ നടക്കുന്നതു കണ്ടിട്ടു് ഉടനെ. കരളം അറുന്നപോലെഴുന്ന = ഹൃദയം പിളർന്നമാതിരി ഉണ്ടാകുന്ന. ഇണ്ടൽ ഏറി = ദുഃഖം വദ്ധിച്ചു. അഭിമാനമററു = അഭിമാനം വിട്ടു്, നാണമില്ലാതെ. കുണ്ടയാം കരരിപോലെ = ദുഃഖിതയായ നാരപക്ഷിയെപ്പോലെ (നാരപക്ഷി ഉറക്കെ ദീനസ്വരത്തിലാണു് ശബ്ദിക്കുന്നതു്.) ദീനമാം കുണ്ഠമോടു = ദീനസ്വരത്തോടുകൂടി. ഉറക്കെ അഴുതു = ഉച്ചത്തിൽ കരഞ്ഞുകൊണ്ടു്. അവാം ഓതിനാം = അവാം പറഞ്ഞു.

129. ഭവാൻെറ കൂടവേ കേണുപോം = അങ്ങയുടെ കൂടെ കേണു വരുന്നതായ. ഹൃദയനീതനായ് = ഹൃദയത്താൽ നയിക്കപ്പെട്ടിട്ടു് കേണുപോം എന്നതു ഹൃദയനീതനായ് എന്നതിലെ ഹൃദയപദത്തിൻെറ മാത്രം വിശേഷണമായി കണക്കാക്കാം. 'ഇതും അന്ധനാം കുരുപതിനന്ദനൻ' പോലെയുള്ള പ്രയോഗമാണു്. പ്രാണൻ = ജീവൻ. എന്നെ വെടിയുന്നിതേ = ഞാൻ മരിക്കുന്നു എന്നു സാരം. ജലം താണുപോം ചിറയെ മത്സ്യമെന്നപോൽ = വെള്ളം താണുപോ

ക്ലവി വായുവിലകന്ന താമര-
പ്പൂവെയാഞ്ഞു തടയുന്ന ഹംസിപോൽ
ഏവമുന്മുഖി പുലമ്പിയെത്തിയാ-
ബ്ഭുവിൽ വീണവരം പിടിച്ചു തല്പദം. 130

"എൻെറയേകധനമങ്ങ, ജീവന-
ങ്ങെൻെറ ഭോഗമതുമെൻെറ മോക്ഷവും,
എൻെറയീശ! ദൃഢമീപദാംബുജ-
ത്തിൻെറ സീമ ഇതുപോകിലില്ല ഞാൻ. 131

കുന്ന ചിറയെ മത്സ്യം ഉപേക്ഷിച്ചു വെള്ളത്തെ അനുഗമിക്കുന്നതുപോലെ. അലങ്കാരം ഉപമ.

130. വായുവിൽ അകന്ന = കാററുകൊണ്ടു് അകന്ന. ക്ലവി ആഞ്ഞു തടവുന്ന = ക്ലവികൊണ്ടു് ആഞ്ഞുതപ്പുന്ന. ഏവം = മുൻ ശ്ലോകത്തിൽ പറഞ്ഞമാതിരി. ഉന്മുഖി = ഉന്മുഖിയായിട്ടു്, മുഖം മേലോട്ടപിടിച്ചുകൊണ്ടു്. പുലമ്പിയെത്തി = പുലമ്പികൊണ്ടു് ചെന്നു. ഭുവിൽ = ഭൂമിയിൽ. തല്പദം = അദ്ദേഹത്തിൻെറ കാൽ. അലങ്കാരം ഉപമ.

131. എൻെറ ഏകധനമങ്ങു് = എനിക്കുള്ള സർവ്വസ്വവും അങ്ങു്. ജീവനങ്ങു് = എൻെറ ജീവനം. എൻെറ ഭോഗമത്തും = ഭോഗവും എൻെറ മോക്ഷവും. എൻെറ ഈശ = എൻെറ നാഥ. ഈ പദാംബുജത്തിൻെറ സീമ = അങ്ങയുടെ ഈ പാദസീമയാണു്, ഈ പാദമാണു്. ഇതുപോകിൽ = ഈ കാൽത്തുമ്പു് പോകിൽ. അങ്ങു് നടക്കകിൽ = അങ്ങു പോയാൽ. ഇല്ല ഞാൻ = ഞാൻ പിന്നെ ഇല്ല. അലങ്കാരം മാലാരൂപകം.

അന്യഥാ കരുതിയാർദ്രനാര്യനി-
സ്സന്നധൈര്യയെയഹോ! ത്യജിക്കൊലാ
ധന്യയാം എളിയ ശിഷ്യ, യീപദം
തന്നിൽ നിത്യപരിചര്യയൊന്നിനാൽ.'' 132

ഹാ! മൊഴിഞ്ഞിതു, നഖംപചാശ്രുവാൽ
കോമളം സതി നനച്ചു തല്പദം
ആ മഹാൻ തിരിയെ നിന്നു, നിർമ്മല-
പ്രേമമാം വലയിലാരു വീണിടാ? 133

---

132. ആർദ്രൻ ആര്യൻ=ദയാലുവായ അങ്ങു്. അന്യഥാ കരുതി= മററു വല്ലതും കരുതി. ഈ സന്നധൈര്യയെ = ധൈര്യം കുറഞ്ഞ എന്നെ (ധൈര്യം കുറഞ്ഞതുകൊണ്ടു പറയേണ്ടതു എനിക്കു പറയുവാൻ കഴിഞ്ഞില്ലെന്നു വരാം എന്നോ ഇനി ജീവിക്കാൻ സാധിക്കാത്തവളെന്നോ സൂചിപ്പിക്കുന്നതായി എടുക്കണം.) ത്യജിക്കൊലാ = ഉപേക്ഷിക്കല്ലെ. ഒരുശിഷ്യയായി നിത്യവും കൂടെ താമസിച്ചു പാദശുശ്രൂഷചെയ്യുവാൻ മാത്രം അനുവദിച്ചാൽ ഞാൻ കൃതാർത്ഥയാകും എന്നു് ഉത്തരാർദ്ധത്തിന്റെ സാരം.

133. ഇതു മൊഴിഞ്ഞു് നഖംപചാശ്രുവാൽ=നഖംമുതൽ ചുടുന്ന (അത്യുഷ്ണമായി) കണ്ണീരിനാൽ. സതി=പതിവ്രതയായ അവൾ. കോമളം തല്പദം=കോമളമായ അദ്ദേഹത്തിന്റെ കാൽ നനച്ചു. മേൽപ്രകാരം പറഞ്ഞു് അവൾ കരഞ്ഞു എന്നു സാരം. അലങ്കാരം അർത്ഥാന്തരന്യാസം.

"തോഴി, കാരുണികനാണു നിന്നിൽ ഞാൻ,
കേഴൊലാ, കൃപണഭാവമേലൊലാ,
പാഴിലേവമഴലാകുമാഴിയാ-
ഞ്ഞാഴൊലാ നളിനി, അജ്ഞപോലെ നീ 134

പാവനാംഗി, പരിശുദ്ധസൗഹൃദം
നീവഹിപ്പതതിലോഭനീയമാം,
ഭാവിയാസ്സതു, ചിതാശവങ്ങളിൽ
പൂവുപോൽ, അശുഭനശ്വരങ്ങളിൽ. 135

---

134. കൃപണഭാവം = ദീനഭാവം. പാഴിൽ = വെറുതെ (ഫലമില്ലാതെ.) അഴൽ = ദുഃഖം. ആകുന്ന ആഴി ആഞ്ഞാഴൊലാ = സമുദ്രത്തിൽ ചാടി വീണു മുങ്ങിപ്പോകല്ലെ. അലങ്കാരം കാവ്യലിംഗവും രൂപകവും.

135. പാവനാംഗി = പരിശുദ്ധേ, (പിഴസ്സാത്തവളെ എന്നു സാരം) ലോഭനീയം = കൊതിക്കത്തക്കതു്. ഭാവിയാസ്സതു = അതു സൗഹൃദം ഭാവിക്കരുതു് (വെസ്സരുതു്.) ചിതാശവങ്ങൾ = പട്ടടയിലെ ശവങ്ങൾ. അശുഭനശ്വരങ്ങൾ = അശുഭങ്ങളും അനിശ്ചിതങ്ങളുമായവ. (ശരീരാദികളിൽ എന്നു സാരം) ശവങ്ങളിൽ പൂവുപോലെ ശരീരാദികളിൽ നിൻെറ പാവനസ്നേഹം വെസ്സരുതു് എന്നു സാരം. അലങ്കാരം ഉപമ.

സ്നേഹമാമഖിലസാരമൂഴിയിൽ
സ്നേഹസാരമിഹ സത്യമേകമാം;
മോഹനം ഭുവനസംഗമിങ്ങതിൽ
സ്നേഹമൂലമമലേ, വെടിഞ്ഞു ഞാൻ, 136

ആപ്തസത്യനവിയോഗമാം സുഖം
പ്രാപ്തമാം സഖി, രഹസ്യമോതുവൻ;"
ആപ്തനിങ്ങനെ കനിഞ്ഞുരച്ചുവേ
ദീപ്തദീപശിഖപോലെണീററവൾ. 137

---

136. അതിൽ സ്നേഹമൂലം (ഏകമായ സത്യത്തിൽ സ്നേഹം കാരണം.) മോഹനം ഭുവനസംഗം = മോഹിപ്പിക്കുന്ന ലോകബന്ധത്തെ ഞാൻ വെടിഞ്ഞു എന്നന്വയം.

137. ആപ്തസത്യൻ = സത്യത്തെ (പരമാത്മവസ്തുവിനെ) സാക്ഷാല്ക്കരിച്ചവൻ. അവിയോഗമാം = വേർപെടാത്തതായ. സുഖം പ്രാപ്തമാം = സുഖം കിട്ടും. രഹസ്യം ഓതുവൻ = ഞാൻ രഹസ്യം പറയാം. ആപ്തസത്യനവിയോഗമാം സുഖം പ്രാപ്തമാം എന്നതാണ് ആ രഹസ്യം. ആപ്തൻ = വിശ്വാസയോഗ്യൻ, ജ്ഞാനി. ദീപ്തദീപശിഖപോലെ തെളിഞ്ഞ (തെളിച്ച എന്നും എടുക്കാം.) വിളക്കിൻജ്വാലപോലെ. ഉപമ.

നോക്കിനിന്നു ഹൃതയായവൻെറ ദി-
വ്യൈക്യനിർവൃതികരോജ്ജ്വലാനനം
വാക്കിനാലപരിമേയമാം മഹാ-
വാക്യതത്ത്വമവനോതി ശാശ്വതം. 138

ശങ്കപോയ്, ശിശിരവായുവേററപോ-
ലങ്കുരിച്ച പുളകം, വിറച്ചുതേ
പങ്കഹീന, ഘനനാദഹൃഷ്ടമാം
പൊൻകടമ്പിനുടെ കൊമ്പുപോലവൾ. 139

---

138. ഹൃതയായ് = ആകർഷിക്കപ്പെട്ടവളായിട്ട്; അപഹൃതചിത്തവൃത്തിയായിട്ട്. ദിവ്യൈക്യനിർവൃതികരോജ്ജ്വലാനനം = അലൗകികമായ ഐക്യസുഖത്തെ കൊടുക്കുന്നതും പ്രകാശിക്കുന്നതുമായ മുഖം. അവൻെറ ആനനം ഹൃതയായ് നോക്കി നിന്നു എന്നോ, നോക്കി ഹൃതയായ് നിന്നു എന്നോ അന്വയം. വാക്കിനാലപരിമേയം =വാക്കു കൊണ്ട് പറയുവാൻ സാധിക്കാത്തതു്. മഹാവാക്യതത്ത്വം = മഹാവാക്യത്തിന്റെ പൊരുൾ. (തത്ത്വമസി അതു നീയാണ്, അതായതു് ബ്രഹ്മം നീതന്നെ എന്നതാണ് മഹാവാക്യം.) ശാശ്വതം = നിത്യം. തത്ത്വം എന്നതിൻെറ വിശേഷണം.

139. ശങ്കപോയ് =സംശയംതീർന്നു. ശിശിരവായു =ശീതക്കാററ്. പുളകം അങ്കുരിച്ച =രോമാഞ്ചം ഉണ്ടായി. പങ്കഹീന =പാപമില്ലാത്തവൾ. ഘനനാദഹൃഷ്ടം =ഇടിനാദം കൊണ്ടു മൊട്ടിട്ടതു് (പൂമൊട്ടിട്ട) കടമ്പിൻെറ കൊമ്പുപോലെ അവൾ പുളകം പൂണ്ടു വിറച്ചു. ശിശിരവായു രണ്ടു പക്ഷത്തിലും യോജിക്കും. അവൾ പുളകമണിഞ്ഞതു്

അന്തരുത്തടരസോൎമ്മിദുഃസ്ഥയായ്
ഹന്ത! ചാഞ്ഞു തടവല്ലിപോൽ സതി,
സ്വന്തമെയ് വികലമായപോലണ-
ഞ്ഞന്തരാ നിയമി താങ്ങി കൈകളാൽ. 140

ശാന്തവീചിയതിൽ വീചിപോലെ സം-
ക്രാന്തഹസ്തമുടൽ ചേൎന്നു തങ്ങളിൽ,
കാന്തനാദമൊടു നാദമെന്നപോൽ,
കാന്തിയോടപരകാന്തിപോലെയും. 141

കടമ്പു മൊട്ടിട്ടതുപോലെ എന്നും അവൻ ഓതിയതു് ഇടി നാദംപോലെ ഗംഭീരമെന്നും ഗ്രഹിക്കണം.

140. അന്തരുത്തട രസോൎമ്മിദുഃസ്ഥയായ് = അകത്തു് (അന്തഃ) കരകവിയുന്ന (ഉൽത്തടം.) കരയിടിയുന്നതു് എന്നു വല്ലിയുടെ പക്ഷത്തിൽ പരമാനന്ദവീചികൊണ്ടു (രസോൎമ്മി വെള്ളത്തിന്റെ തിരകൊണ്ടെന്നു വല്ലിപക്ഷത്തിൽ) നില്ക്കവയ്യാത്തവളായിട്ടു (ദുഃസ്ഥ വീഴാറായതായിട്ടു് എന്നു വല്ലി പക്ഷത്തിൽ.) തടവല്ലി=തീരത്തിലെ ലത. സതി=പതിവ്രത. ചാഞ്ഞു = വീഴാൻ ഭാവിച്ചു. സ്വന്തമെയ് വികലമായപോൽ അണഞ്ഞു = സ്വന്തം ശരീരത്തിനു കേടുപററിയാലുള്ളത്ര താല്പര്യത്തോടുകൂടി അടുത്തുചെന്നു. അന്തരം=മദ്ധ്യ ഇടയ്ക്കുവീഴുംമുമ്പേ. നിയമി=യോഗി. അലങ്കാരം ശ്ലിഷ്ടോപമ.

141. ശാന്തവീചി = അടങ്ങിയ ഓളം. സംക്രാന്തഹസ്തം = കയ്യുകൾ തമ്മിൽ പകൎന്നു, തമ്മിൽ കെട്ടിപ്പിടിച്ചു എന്നു സാരം.

ധന്യമാം കരണസത്ത്വയുഗ്മമ-
ന്യോന്യലീനമറിവററു നില്ക്കവേ
കന്യകേവലസുഖം സമാസ്വദി-
ച്ചന്യദുർല്ലഭമലോക സംഭവം. 142

ഭേദമില്ലവളിയന്നൊരാ സുഖം
താദൃശം സകലഭോഗ്യമല്ലതാൻ,
ഖേദലേശവുമിയന്നതില്ല, വി-
ച്ഛേദഭീതിയുമവായുമില്ലതിൽ. 143

കഞ്ചുകം തമ്മിൽ ചേരുന്നതിനെ അലകം ചേരുന്നതിനോടും ഉടൽ തമ്മിൽ ചേരുന്നതിനെ നാദങ്ങൾ തമ്മിലും കാന്തികൾ തമ്മിലും ചേരുന്നതിനോടും ഉപമിച്ചിരിക്കുന്നു. മാലോപമ.

142. ധന്യം=കൃതാർത്ഥം. കരണസത്ത്വയുഗ്മം = കരണങ്ങളുടേയും സത്ത്വങ്ങളുടേയും യുഗ്മം. (അവരുടെ ശരീരേന്ദ്രിയങ്ങളും മനസ്സുകളും എന്നും എടുക്കാം.) ഇന്ദ്രിയങ്ങളും ആത്മാക്കളും എന്നു സാരം. അന്യോന്യലീനം =തമ്മിൽ ലയിച്ച. അറിവററു = മറന്നു. അന്യദുർല്ലഭം = അന്യർക്കു കിട്ടാൻ പ്രയാസമുള്ളതു്. കേവലസുഖം = പരമാനന്ദം. സമാസ്വദിച്ചു = ശരിയായി അനുഭവിച്ചു.

143. അവളിയന്ന ആ സുഖം താദൃശ്യം ഭേദമില്ല=അവർക്കുണ്ടായ സുഖം അങ്ങിനെയുള്ളതുതന്നെ. വ്യത്യാസമില്ല. സകലഭോഗ്യം =എല്ലാവർക്കും അനുഭവിക്കത്തക്കതു്. ഖേദലേശം =ദുഃഖലേശം. വിച്ഛേദഭീതി = നശിക്കുമെന്ന ഭയം.

ചാരുഹാസ, യറിവെന്നി പെയ്ത ക-
ണ്ണീരുടൻ, ചരമമേഘവൃഷ്ടിപോൽ,
ധാരയാലഥ നനഞ്ഞ നെഞ്ചില-
ദ്ധീരധീ പുളകമാർന്നുമില്ലവൻ. 144

ഓമലാൾ മുഖമതീന്നു നിർഗ്ഗമി-
ച്ചോമിതി ശ്രുതിനിഗൂഢവൈഖരി,
ധാമമൊന്നുടനുയർന്നു മിന്നൽപോൽ
വ്യോമമണ്ഡലമണഞ്ഞു മാഞ്ഞുതേ. 145

ക്ഷീണയായ്‌ മിഴിയടച്ചു, നിശ്ചല-
പ്രാണയായുടനവന്റെ തോളതിൽ
വീണു, വായു വിരമിച്ചു, കേതുവിൽ
താണുപററിയ പതാകപോലവൾ. 146

---

144. ചാരുഹാസ = മനോഹരമായ പുഞ്ചിരിയോടുകൂടിയവൾ. അറിവെന്നി = അറിയാതെ. ചരമമേഘവൃഷ്ടി = അവസാനമേഘത്തിന്റെ മഴ. ധാരയാൽ = (കണ്ണീരിന്റെ) ഒഴുക്കിനാൽ. ധീരധീ = സ്ഥിരചിത്തൻ. അലങ്കാരം ഉൽപ്രേക്ഷയും വിശേഷോക്തിയും.

145. ഓമലാൾ = സുന്ദരി. നിർഗ്ഗമിച്ചു = പുറപ്പെട്ടു. ഓം ഇതി = ഓം എന്നു്. ശ്രുതിനിഗൂഢം. = വേദത്തിൽ അകത്തു ഒതുങ്ങിയ. വൈഖരി = സൂക്ഷ്മശബ്ദം ഓംകാരം എന്നു സാരം. ധാമം = തേജസ്സ്‌. ധാമം മിന്നൽപോലെ ഉയർന്നു് ആകാശത്തിൽ മാഞ്ഞു എന്നതു് ഒരുയോഗവിദ്യാവിശ്വാസമായിരിക്കണം.

146. നിശ്ചലപ്രാണയായി = പ്രാണൻ നിന്നവളായിട്ടു് (മരിച്ചു എന്നു സാരം.) വായു വിരമിച്ചു = കാററു നിന്നു. കേതു =

ഞെട്ടിയൊന്നകമലിഞ്ഞു സംയമം
വിട്ടു വീർത്തു നെടുതായ് മഹായമി;
പട്ടിടഞ്ഞ തനു തന്റെ മേനി വേർ-
പെട്ടിടാഞ്ഞു ബത! ശങ്കതേടിനാൻ. 147

സ്തബ്ധമായ് ഹൃദയമേറി ഭാരമാ-
പുഷ്പഹാരമൃദുമെയ് തണുത്തുപോയ്;
സുപ്തിയല്ല ലയമല്ല യോഗമ-
ല്ലപ്പൊഴാർന്നതവളെന്നറിഞ്ഞവൻ. 148

"എന്തുസംഭവമിതെന്തു ബന്ധമി-
ങ്ങെന്തുഹേതുവിതിനെന്തൊരർത്ഥമോ?
ഹന്ത! കർമ്മഗതി! ബാലയെന്റെ ബാ-
ഹാന്തരം ചരമശയ്യയാക്കിനാൾ! 149

കൊടിമരം. പതാക = കൊടിക്കൂറ. അവൾ അവന്റെ തോളിൽ വീണ എന്നന്വയം. ആശാന്റെ സുപ്രസിദ്ധമായ ഉപമകളിൽ ഒന്നാണിതു്.

147. അകമലിഞ്ഞുഞെട്ടി = സംഭ്രമിച്ചു. സംയമം = മനോനിരോധനം. നെടുതായ് വീർത്തു = നെടുവീർപ്പിട്ടു. പട്ടിടഞ്ഞ തനു = പട്ടുപോലുള്ള ശരീരം (അവളുടെ ശരീരം.)

148. സ്തബ്ധമായ് ഹൃദയം = ഹൃദയം നിന്നു. ഭാരമേറി = കനം കൂടി (ശവമായതുകൊണ്ടു്.) പുഷ്പഹാരമൃദുമെയ് = പൂമാല പോലെ മൃദുവായ ശരീരം. സുപ്തി = ഉറക്കം. ലയം = മോഹാലസ്യം. യോഗം = സമാധി.

149. ബാഹാന്തരം = മാറിടം, നെഞ്ചു്. ചരമശയ്യ = മരണക്കിടക്ക.

സ്നേഹഭാജനതയാർന്ന ഹൃത്തിതിൽ
ദേഹമിങ്ങനെ വെടിഞ്ഞു പാററ പോൽ
മോഹമാർന്നു പരമാം മഹസ്സുഹോ
മോഹനാംഗി തഴകിക്കഴിഞ്ഞവരം! 150

ആരറിഞ്ഞു തനുഭൃത്തുകരംകള നി-
സ്സാരമേവമസുബന്ധമെന്നഹോ!
നാരി നിന്നിള വയസ്സിതേതു ഹൃ-
ത്താരിയന്ന പരിപാകമേതയേ! 151

ഞെട്ടറുന്ന മലരും തൃണാഞ്ചലം
വിട്ടിടുന്ന ഹിമബിന്ദുതാനുമേ
ഒട്ടു ദുഃഖമിയലാം, വപുസ്സു വേ-
റിട്ട നിൻ സുഖമഹോ! കൊതിക്കിലാം. 152

---

150. സ്നേഹഭാജനതയാർന്ന = അവളുടെ സ്നേഹത്തിനു ഭാജനമായ. സ്നേഹം (എണ്ണ) ഇരിക്കുന്ന പാത്രത്തിൽ എന്നും. ഹൃത്തിൽ = എന്റെ ഈ ഹൃത്തിൽ. പാററ വിളക്കിൽ ചത്തുകിടക്കുന്നതു സാധാരണയാണു്. മോഹമാന്നു = ബോധക്ഷയമാന്നു. പരമാം മഹസ്സു് = പരബ്രഹ്മത്തെ. തഴകിക്കഴിഞ്ഞു. പ്രാപിച്ചുകഴിഞ്ഞു. അലങ്കാരം ശ്ലിഷ്ടോപമ.

151. തനുഭൃത്തുകരം = ശരീരികരം. അസുബന്ധം = പ്രാണബന്ധം. പരിപാകം = പാകത, വേകൽ (എന്നും) അലങ്കാരം വിഷമം.

152. മലരു് = പൂവു്. തൃണാഞ്ചലം = പുല്ലിൻതുമ്പു്. ഹിമബിന്ദു = മഞ്ഞുതുള്ളി. വപുസ്സു് = ശരീരം.
പൂവു് അടരാനും മഞ്ഞുതുള്ളി വീഴാനും കുറെ പ്രയാസമുണ്ടാ

ഹന്ത! സാധ്വി, മധുരീകരിച്ചു നീ
സ്വന്തമൃത്യു സുകുമാരചേതനേ,
എന്തു നാണമിയലാം ഭവജ്ജിതൻ
ജന്തുഭീകരകരൻ, ഖരൻ യമൻ? 153

ജാതസൌഹൃദമുറങ്ങുവാൻ സ്വയം
ജാത, തള്ളയുടെ മാറണഞ്ഞപോൽ
നീ തുനിഞ്ഞു നിരസിച്ചിരിക്കിൽ ഞാ-
നേതു സാഹസികനാമഹോ! പ്രിയേ. 154

ത്യാഗമെവനു വരും സമഗ്രമീ-
ഭോഗലോഭനജഗത്തിലെന്നുമേ
വേഗമിന്നതു വെടിഞ്ഞു ഹാ! മഹാ-
ഭാഗയാം നളിനി ധന്യതന്നെ നീ! 155

യേക്കാം. അവകൂടി നിൻെറ ഈ മരണസുഖം കൊതി ച്ചെന്നുവരാം. അതു് അത്ര എളുപ്പമായിരുന്നു എന്നു സാരം.

153. മധുരീകരിച്ചു = മധുരിപ്പിച്ചു. സുകുമാരചേതന = മൃദുവായ ആത്മാവുള്ളവരം. ഭവജ്ജിതൻ = നിന്നാൽ തോല്പിക്കപ്പെട്ടവൻ. ജന്തുഭീകരകരൻ = ജീവികാംകഏ ഭയം ജനിപ്പിക്കുന്ന കൈകളോടുകൂടിയവൻ. ഖരൻ = ക്രൂരൻ. യമൻ = കാലൻ.

154. ജാതസൌഹൃദം = സ്നേഹത്തോടുകൂടി. ജാത = കുട്ടി.

155. ഈ ഭോഗ ലോഭനം = ഭോഗംകൊണ്ടു കൊതിപ്പിക്കുന്നതായ. ഈ ജഗത്തിൽ = ഈ ലോകത്തിൽ. ത്യാഗം എവനു

ഉത്തമേ, വിഗതരാഗമാകുമെ-
ന്നാംത്തടത്തെയുമുലച്ച ശാന്ത നീ!
ഇത്തരം ധരയിലെങ്ങു ശുദ്ധമാം
ചിത്തവും മധുരമായ രൂപവും? 156

നേരു; ശൈശവമതിങ്കലന്നു നിൻ
ഭൂരിയാം ഗുണമറിഞ്ഞതില്ല ഞാൻ,
കോരകത്തിൽ മധുവെന്നപോലെ യുൾ-
ത്താരിൽ നീ പ്രണയമാർന്നിരുന്നതും. 157

ഇന്നഹോ! ചിരസമാഗമം സ്വയം
തന്ന ദൈവഗതിയെത്തൊഴുന്നു ഞാൻ,
എന്നുമല്ലനുതപിച്ചിടുന്നു, തേൻ-
വെന്ന നിൻമൊഴികൾ നിന്നുപോകയാൽ. 158

വരും = ആർക്കും ത്യാഗം വരില്ല. അതു് = ഈ ലോകം. നീ വെടിഞ്ഞു = നീ വിട്ടു. അലങ്കാരം കാവ്യലിംഗം.

156. വിഗതരാഗം = രാഗമററ. അലങ്കാരം ഭേദകായിശയോക്തി.

157. കോരകം = മൊട്ടു്. മധു = തേൻ. പ്രണയം = അനുരാഗം. അലങ്കാരം ഉപമ.

158. ചിരസമാഗമം = വളരെക്കാലം കൂടീട്ടുള്ള ചേർച്ച. അല്ലെങ്കിൽ കൂടിക്കാഴ്ച. അനുതപിക്ക = പശ്ചാത്തപിക്ക.

ബദ്ധരാഗമിഹ നീ മൊഴിഞ്ഞൊരാ-
ശുദ്ധവാണി വനവായുലീനമായ്;
ശ്രദ്ധയാർന്നതിനെയാസ്വദിച്ചു ഹാ!
സിദ്ധസന്തതി സുഖിക്കുമോമലേ. 159

ആകുലത്വമിയലില്ല യോഗി ഞാൻ,
ശോകമില്ലിനി നിനക്കുമേതുമേ,
നീ കുലീനഗുണദീപികേ, വിടും
ലോകമാണു ദയനീയമെൻപ്രിയേ. 160

വേണിയാകിയ വെളുത്ത നിർഝര-
ശ്രേണി ചിന്നി വിരഹാർത്തിയാർന്നുതാൻ
ക്ഷോണി കന്ദരനിരുദ്ധകണ്ഠയായ്
കേണിതാ മുറയിടുന്നു കേൾക്ക നീ! 161

---

159. ബദ്ധരാഗം = രാഗത്തോടുകൂടി. വനവായുലീനമായ് = കാട്ടിലെ കാററിൽ ലയിച്ചു. സിദ്ധസന്തതി = സിദ്ധ സമൂഹം. സിദ്ധന്മാർ = ഒരുവക ദേവജാതികൾ.

160. ആകുലത്വം = വ്യസനം. കുലീനഗുണദീപിക = ശ്രേഷ്ഠകുലഗുണങ്ങൾക്കു ദീപമായുള്ളവൾ.

161. വേണി = കെട്ടാതെ കിടക്കുന്ന മുടി. നിർഝരശ്രേണി = അരുവിക്കൂട്ടം. ക്ഷോണി = ഭൂമി. കന്ദരനിരുദ്ധകണ്ഠ = ഗുഹകളിൽ തടഞ്ഞ ശബ്ദത്തോടുകൂടി. അലങ്കാരം രൂപകവും ഉൽപ്രേക്ഷയും.

നീലവിൺനടുവുറച്ചു ഭാനു, കാ-
ണ്മീല കാട്ടിലുമനക്കമൊന്നിനും,
ബാല നീ ഝടിതി പൊങ്ങുമൂക്കിനാൽ
കാലചക്രഗതി നിന്നുപോയിതോ! 162

ധന്യനായി സഖി ഞാനസംശയം
നിന്നൊടൊക്കെ മുപദേശഭാജനം,
അന്യനാം ഗുരു ലഭിച്ചതില്ല യീ-
മന്നിൽ വിദ്യ വെളിവായ നാറം മുതൽ. 163

മാനസം പരിപവിത്രമായി നിൻ
ധ്യാനയോഗ്യചരിതം സ്മരിച്ചയേ,
ജ്ഞാനിനീ ഭവതി സിദ്ധിയാൎന്നൊരെൻ-
മേനിയും മഹിത തീൎത്ഥഭൂമിയായ്. 164

ധൎമ്മലോപമണയാതെ നമ്മളിൽ
ശൎമ്മവും വ്യഥയുമേകിയേറെനാറം
നിൎമ്മലേ, ഒരു വഴിക്കു നീണ്ടൊരീ
കൎമ്മപാശഗതി നീ കടന്നുതേ.'' 165

---

162. നീലവിൺനടു = നീലാകാശത്തിന്റെ നടുവിൽ. ഭാനു = സൂര്യൻ. അലങ്കാരം ഉൽപ്രേക്ഷ.

163. ഉപദേശ ഭാജനം = ഉപദേശത്തിനു പാത്രം, ശിഷ്യജനം.

164. സിദ്ധിയാൎന്ന = സമാധിയായ. മഹിതതീൎത്ഥഭൂമി = ശ്രേഷ്ഠമായ പുണ്യസ്ഥലം.

165. ധൎമ്മലോപം = ധൎമ്മത്തിനു കുറവ്. ശൎമ്മം = സുഖം. വ്യഥ = ദുഃഖം.

പ്രേമഗൗരവമിയന്നിവണ്ണമുരം-
സ്ഥേമയററരുളി, യാന്ദ പിന്നെയും
ആ മഹാൻ നിജയമം, ചലിക്കുമേ
ഭൂമിയും ഹൃദയലീനഹേതുവാൽ. 166

ദ്രുതമവിടെയണഞ്ഞാ ശിഷ്യയെത്തേടിയപ്പോരം
കൃതനിയമ കനിഞ്ഞാചാര്യ്യ കാഷായവേഷാ
മൃതതനുവതുകണ്ടങ്ങൊട്ടു വാവിട്ടു കേണാരം
ഹതശിശുവിനെ നോക്കിദ്ദൂനയാം ധേനുപോലെ. 167

---

166. ഉരംസ്ഥേമയററ് = ഉള്ളിലെ ഉറപ്പുവിട്ടു്. ഈവണ്ണം അരുളി = പിന്നെയും ആ മഹാൻ നിജയമം ആന്ദ എന്നു് അന്വയം. ഹൃദയലീനഹേതുവാൽ = ഉള്ളു് ലയിച്ച കാരണംകൊണ്ടു്. ഭൂകമ്പം ഉണ്ടാകുന്നതു് ഭൂമിയുടെ അന്തർഭാഗത്തു ലയകാരണംകൊണ്ടാണല്ലോ. യോഗി ഉരംസ്ഥേമയററു് പ്രേമഗൗരവമിയന്നവാണതിനെ ഭൂമി ചലിക്കുന്നതു പോലെയാണു് കരുതിയിരിക്കുന്നതു്. ഇതു് യോഗിയുടെ ഉറപ്പിൻേറയും അദ്ദേഹത്തിൻെറ ഹൃദയത്തിൻെറ അടിയിൽ കിടക്കുന്ന പ്രേമത്തിൻേറയും ശക്തിയെ കാണിക്കുന്നു. അലങ്കാരം ദൃഷ്ടാന്തവും കാവ്യലിംഗവും.

167. കൃതനിയമ = അനുഷ്ഠാനങ്ങരം കഴിഞ്ഞവരം. കാഷായവേഷ = കാവിവേഷമുള്ളവരം. മൃതതനു = ശവം. ഹതശിശു = കൊല്ലപ്പെട്ട കിടാവു്. ദൂന = ദുഃഖിത. ധേനു = പശു. അലങ്കാരം ഉപമ.

'നളിനി' 'നളിനി' എന്നാമന്ത്രണം ചെയ്തു ചെന്നാ-
മിളിതയമിവപുസ്സായോരു പൂമെയ്യെടുത്താൻ
ദളിതഹൃദയ കൈയ്യാൽ ശാന്തി ബിംബത്തിൽനിന്നും
ഗളിതസുഷമമാം നിർമ്മാല്യമാല്യം കണക്കേ. 168

അന്യോന്യസാഹ്യമൊടു നീലകുശാസ്തരത്തിൽ
വിന്യസ്തമാക്കി മൃദുമെയ്യവർ നോക്കി നിന്നാർ,
വന്യേഭഹസ്തഗളിതം ബിസപുഷ്പമൊത്താ-
ന്നന്യൂനദീനതയതെങ്കിലുമാഭതാനും 169

---

168. ആമന്ത്രണംചെയ്തു=വിളിച്ചു. മിളിതയമിവപുസ്സായ=മിളിതമായ യമിയുടെ ശരീരത്തോടുകൂടിയതായ (യമിയുടെ ദേഹത്തോടു ചേർന്നിരിക്കുന്നതു് എന്നു സാരം.) ദളിതഹൃദയ=പിളർന്ന ഹൃദയത്തോടുകൂടി. (വലിയ ദുഃഖമുള്ളവളെന്നു സാരം.) ശാന്തി=ശാന്തിക്കാരൻ. ബിംബം =വിഗ്രഹം. ഗളിതസുഷമ=കാന്തിപോയതു്; വാടിയതു്. നിർമ്മാല്യമാല്യം= ചാർത്തിക്കഴിഞ്ഞ മാല. ലളിതഹൃദയ എടുത്താം എന്നു് അന്വയം. അലങ്കാരം ഉപമ.

169. അന്യോന്യസാഹ്യമൊടു=അന്യോന്യം സഹായിച്ചു, (രണ്ടു പേരും കൂടി എന്നു സാരം.)നീലകുശാസ്തരത്തിൽ=പച്ചദർഭവിരിച്ചതിൽ. വിന്യസ്തമാക്കി=കിടത്തി. വന്യേഭഹസ്തഗളിതം=കാട്ടാനയുടെ തുമ്പിക്കൈയിൽനിന്നു വീണതു്. ബിസപുഷ്പം=താമരപ്പൂവു്. അന്യൂനദീനത=ഏറ്റവും ദയനീയത. ആഭ=ശോഭ.

അല്പം വലഞ്ഞഥ പരസ്പരമോതി വൃത്ത-
മുല്പന്നബോധരവരോർത്തു വിധിപ്രകാരം
ചൊല്പൊങ്ങുമാ ഗിരിജ ചേവടിചേർത്തദിക്കിൽ
കല്പിച്ചവൎക്ക ഖനനം വരയോഗിയോഗ്യം. 170

നിവാപവിധിപോലെ ബാഷ്പനി-
രത്തുവി നിക്ഷിപ്തമാം
ശവാസ്തരമകന്നു—ഹാ! കൃപ-
ണർ പോലെ രണ്ടാളുമേ
പ്രവാസമതിനായ് സ്വയം പുന-
രുറച്ചൊരാ യോഗിയാം
'ദിവാകരനെ' വിട്ടു യോഗിനി
മറഞ്ഞു, സന്ധ്യാസമം 171

---

170. അല്പം വലഞ്ഞു = കുറെ ദുഃഖിച്ചു. വൃത്തം = ചരിതം. ഉല്പന്നബോധർ = ജ്ഞാനികളായവർ. ചൊൽപ്പൊങ്ങും = പ്രസിദ്ധമായ. ഗിരിജ = ശ്രീപാർവ്വതി. ചേവടി = പാദം. കല്പിച്ചു = തീർച്ചപ്പെടുത്തി. (ചെയ്തു എന്നുമാം) വരയോഗിയോഗ്യം ഖനനം = ശ്രേഷ്ഠയോഗികൾക്ക് തക്കതായ കുഴിച്ചിടൽ.

171. നിവാപവിധി = ഉദകക്രിയ. നിക്ഷിപ്തം = നിക്ഷേപിച്ചതു്. ശവാസ്തരം = ശവക്കല്ലറ. കൃപണർ = പ്രാകൃതർ. പ്രവാസം = വിദേശവാസം. ദിവാകരൻ = ആ പേരുള്ള നായകൻ, സൂര്യൻ എന്നും. അലങ്കാരം ശ്ലേഷവും സഹോക്തിയും.

13229

ലോകക്ഷേമോൽസുകനഥ വിദേ-
ശത്തിൽ വാണായതീന്ദ്രൻ,
ശോകം ചേൎന്നീലവനു നളിനീ-
ചിന്തയാൽ ശുദ്ധിയേറി;
ഏകാന്താച്ഛം വിഷയമഘലമ-
ങ്ങേതുമേ ചിത്തവൃത്തി-
ക്കേകാ—കണ്ണാടിയിലിനമയൂ-
ഖങ്ങൾ മങ്ങാ പതിഞ്ഞാൽ. 172

അവനു പുനരമോഘം പോയി നൂററാണ്ടു, പിന്നൊ-
ത്തവസിതിവിധി യൂഴിക്കെത്തുമോ നിത്യഭാഗ്യം
അവിദിതതനുപാതം വിസ്മയം യോഗമാൎജ്ജി-
ച്ചവിരതസുഖമാൎന്നാനാമഹാൻ ബ്രഹ്മഭൂയം! 173

---

172. ലോകക്ഷേമോൽസുകൻ = ലോകക്ഷേമതല്പരൻ. ഏകാന്താച്ഛം = ഏററവും നിൎമ്മലമായതു്. അഘം = പാപം. ഇനമയൂഖങ്ങൾ = സൂൎയ്യകിരണങ്ങൾ. അലങ്കാരം അൎത്ഥാന്തരന്യാസവും ദൃഷ്ടാന്തവും.

173. അമോഘം = സഫലമായി. അവസിതിവിധി = അവസാനകൃത്യം. അവിദിതതനുപാതം = ശരീരനാശം അറിയാത്ത. വിസ്മയം യോഗം = അത്ഭുതകരമായയോഗം. ആൎജ്ജിച്ചു = സമ്പാദിച്ചു. അവിരതസുഖം = നിത്യസുഖം. ബ്രഹ്മഭൂയം = ബ്രഹ്മഭാവം. ആമഹാൻ ബ്രഹ്മലയമാകുന്ന നിത്യസുഖം പ്രാപിച്ചു എന്നു സാരം.

വ്യാഖ്യാതാവു്: സഹോദരൻ കെ. അയ്യപ്പൻ.

ആശാൻ ആൽബം

കുമാരനാശാൻ ജന്മശതാബ്ദി യോടനുബന്ധിച്ച പ്രസിദ്ധീകരിച്ച ഫോട്ടൊ ആൽബം ക്രൗൺ $\frac{1}{4}$ വലിപ്പത്തിൽ ആർട്ടു പേപ്പറിൽ അച്ചടിച്ചതു്. ഈ ആൽബത്തിൽ കുമാരനാശാനെ സംബന്ധിച്ചു് കിട്ടാവുന്നിടത്തോളം ഫോട്ടോകൾ ചേർത്തിട്ടുണ്ടു്. കായിക്കര മുതൽ പല്ലന വരെയുള്ള ആശാൻെറ ജീവിതകഥ 44 ചിത്രങ്ങളിലായി രേഖപ്പെടുത്തിയിരിക്കുന്നു.

വില രൂ. 5.00

തപാൽ ചെലവു് സൗജന്യം

ആവശ്യക്കാർ 5 രൂ. മണിയാഡർ അയയ്ക്കുക.

ശാരദാ ബുക്ക ഡിപ്പോ

തോന്നയ്ക്കൽ P. O.

തിരുവനന്തപുരം ജില്ല.

നളിനി

കുമാരൻ ആശാൻ

894.8121
KUM